നേർവീഥി

നിത്യതയ്ക്കൊരു വഴികാട്ടി

Volume - 9 Issue - 10 October 2020



മാതാപിതാക്കൾ നല്ല മാതൃക കാഴ്ച വെക്കണം

പേജ് 16

വില 20 രൂപ

Editorial

ചാരന്മാരെ സൂക്ഷിക്കുക

അംഗീകൃത ചാരസംഘടനകൾ ഓരോ രാജ്യത്തിനും ഉണ്ട്. മറ്റു രാജ്യങ്ങളെക്കുറിച്ചുള്ള രഹസ്യവിവരങ്ങൾ ചോർത്തിയെടുക്കുവാൻ ഇവർ ശ്രമിക്കുന്നു. വിവരം ചോർത്തി നല്കുവാൻ പ്രാപ്തരായവരെ ഇവർ തന്നെ കണ്ടെത്തുകയും അവർക്ക് മോഹനവാഗ്ദാനങ്ങളും പ്രതിഫലവും നല്കി പ്രീണിപ്പിച്ച് അവരെക്കൊണ്ട് ഇവരുടെ രഹസ്യ അജണ്ട നടപ്പിലാക്കുന്നു. മറ്റുള്ളവർക്കു വേണ്ടി ചാരവൃത്തി ചെയ്യുന്നവരെക്കുറിച്ചും നാം കേട്ടിട്ടുണ്ടല്ലോ. അതുപോലെതന്നെയാണ് പിശാചും ദൈവമക്കളെ വഴിതെറ്റിക്കുവാനുള്ള അവന്റെ രഹസ്യ അജണ്ട നടപ്പിൽ വരുത്തുന്നത്.

ചാരവൃത്തിക്ക് ഒത്താശ നല്കുന്നവർ സ്വയം തങ്ങളെത്തന്നെ ചതിക്കുന്നവരും തങ്ങളുടെ പ്രിയപ്പെട്ടവരെയും മാതൃരാജ്യത്തെപ്പോലും ചതിക്കുന്നവരുമാണ്. പിശാചിന്റെ പ്രലോഭനത്തിൽ വീണ് ക്രിസ്തുവിനോടുള്ള ഏകാഗ്രതയും നിർമ്മലതയും നഷ്ടപ്പെടുത്തി മറ്റുള്ളവരെയും വഴിതെറ്റിക്കുന്നതിന് കാരണക്കാരാകുന്നവർ വഞ്ചകരാണ്. ഇപ്രകാരമുള്ള ചാരന്മാരെ ഒരുക്കിയെടുത്ത് ആത്മികതയുടെ മുഖംമൂടി അണിയിച്ച് അവരെ ദൈവജനത്തിനിടയിൽ ഉൾപ്പെടുത്തി പിശാച് വിശാലകെണികൾ ഒരുക്കുന്നു. പിശാചിന്റെ ഈ തന്ത്രത്തിനെതിരെ നാം ജാഗ്രതയുള്ളവരാകണം. ക്രിസ്തുവിൽ പ്രസിദ്ധനായ പാസ്റ്റർ മുട്ടം ഗീവർഗീസ് രചിച്ചതും നാം പാടാറുള്ളതുമായ ഒരു പാട്ടിന്റെ നാലു വരികൾ ഇപ്രകാരമാണ്:

"ചേലോടു തന്ത്രങ്ങൾ ഓതിടുവാൻ
ചാരന്മാരുണ്ടധികം സഹജേ
ചുടുചോരചിന്തേണ്ടി വന്നീടിലും
ചായല്ലെ ഈ ലോകതാങ്ങുകളിൽ"

സൂത്രശാലിയായ സാത്താന്റെ തന്ത്രങ്ങളെ തിരിച്ചറിഞ്ഞ് എതിർക്കുവാൻ സൂക്ഷ്മതയുള്ളവരായിരിക്കണം നാം. നേർവഴിയിൽ നിന്ന് നമ്മെ തെറ്റായവഴിയിലേക്ക് തിരിച്ചുവിടുവാൻ പരമാർത്ഥികൾ എന്നു നടിക്കുന്ന ചാരന്മാരെ ഉപയോഗിക്കും, ഹവ്വയെ തെറ്റിക്കുവാൻ സർപ്പത്തെ ഉപയോഗിച്ചതുപോലെ! വഴിതെറ്റിയാൽ ലക്ഷ്യസ്ഥാനവും തെറ്റുമല്ലോ. തെറ്റായ വഴിയിൽ എത്ര വേഗതയിൽ മുന്നേറിയാലും യഥാർത്ഥ ലക്ഷ്യസ്ഥാനത്ത് എത്തുകയില്ല. ജീവന്റെ വഴിയിൽ നിന്നും തെറ്റിയാൽ നാശത്തിന്റെ വഴിയിൽ ആയിരിക്കും തുടർയാത്ര. ഈ ലക്കത്തിലെ സന്ദേശം ഈ വിഷയത്തിൽ നമ്മെ ബോധവൽക്കരിക്കുന്നതാണ്. ദൈവത്തിൽ അടിയുറച്ച് ഇത്തരം ചില വശീകരണ തന്ത്രങ്ങളെ വിജയകരമായി നേരിട്ട എബ്രായബാലന്മാരുടെ അനുഭവം വിവരിച്ചുകൊണ്ട് സാജു മാത്യു തന്റേതായ തനതു ശൈലിയിൽ വിവരിക്കുന്നത് ഏതു പ്രായത്തിലുള്ളവർക്കും പ്രചോദനവും പ്രോത്സാഹനവും നല്കുന്നതാണ്. ഒരേ സമയം ദൈവത്തിന്റെ മകനും ദൈവത്തിന്റെ സ്നേഹിതനും ആകുന്ന മനോഹാരിതയാണ് ബാബു ചെറിയാന്റെ പ്രമേയം. കർത്താവിന്റെ രണ്ടാം വരവിനോടു ബന്ധപ്പെടുത്തി ആത്മിക പക്വത എന്താണെന്ന് ഫ്രാൻസിസ് ഫ്രാൻഗിപ്പെൻ വിവരിക്കുന്നത് ഏറെ പ്രയോജനപ്പെടുന്ന ഒരു ലേഖനമാണ്.

പഠനബുദ്ധിയോടെ അപഗ്രഥിച്ച് പഠിച്ചാൽ ഈ ലക്കത്തിലെ എല്ലാ വിഭവങ്ങളും തികച്ചും ആത്മിക വർദ്ധനയ്ക്ക് ഉതകുന്നതും ഏറെ പ്രയോജനപ്രദവുമാണ്. എല്ലാ ലേഖനങ്ങളും ശ്രദ്ധാപൂർവ്വം ആവർത്തിച്ചു വായിക്കുമല്ലോ. നമ്മുടെ കർത്താവ് എങ്ങനെയുള്ളവൻ എന്ന് ആഴത്തിൽ അറിയുംതോറും നാം ക്രിസ്തുവിനോട് അനുരൂപപ്പെടുന്ന അനുഭവത്തിലേക്ക് നടത്തപ്പെടും. ക്രിസ്തുവിന്റെ ദിവ്യസ്വഭാവം നമ്മിൽ നിന്നും ഒരു സൗരഭ്യവാസനയായി പകരപ്പെടുവാൻ തക്കവണ്ണം ഈ ലക്കത്തിലെ ഓരോ ലേഖനങ്ങളും എല്ലാവർക്കും പ്രയോജനപ്പെടണം എന്നതാണ് ഞങ്ങളുടെ ആഗ്രഹം. അതിനായി പ്രാർത്ഥിച്ചും ആശംസിച്ചുംകൊണ്ട് നേർവീഥിയുടെ ഈ ലക്കം എല്ലാമാന്യ വായനക്കാർക്കുമായി സമർപ്പിക്കുന്നു.

പുസ്തകം 9 ലക്കം 10
ഒക്ടോബർ 2020

ഈ ലക്കത്തിൽ

ലക്ഷ്യം തെറ്റാതിരിപ്പാൻ ജാഗ്രത ആവശ്യം 4
ജോയ് എം. തോമസ്

വശീകരണ തന്ത്രങ്ങളെ നേരിടുവാൻ ... 7
സാജു മാത്യു

മകനും സ്നേഹിതനും 9
ബാബു ചെറിയാൻ

കൊയ്ത്തിനു വിള പാകമാകുമ്പോൾ 11
ഫ്രാൻസിസ് ഫ്രാൻഗിപ്പെൻ

പാപത്തെ ജയിക്കുക 13
ചെയ്സ് ജോസഫ്

കൗൺസലിംഗ് വീഥി 16
ഡോ. സുജിത്ത് സൈമൺ

ഭൗതികഅനുഗ്രഹം ദൈവപ്രസാദത്തിന്റെ ... 19
അനി ചാക്കോ

വനിതാ വീഥി 21
ബിൻസി സജി ജോർജ്

ജീവനും സമൃദ്ധിയായ ജീവനും 24
പി.വി.വർഗീസ്

വേദ അധ്യയനം 25
ജോയ് എം. തോമസ്

മറ്റുള്ളവരെ വിധിക്കുന്നത് ഒഴിവാക്കുക 31
എംസി

മാനേജിങ് എഡിറ്റർ
ജോയ് എം. തോമസ്

കൺസൾട്ടന്റ് എഡിറ്റർ
എം.സി. കുര്യൻ

മാനേജർ
ഷാജി ഉമ്മൻ

അഡ്വൈസറി ബോർഡ്
സുവി. പി.ഐ. ഏബ്രഹാം
പാസ്റ്റർ ബാബു ചെറിയാൻ
പാസ്റ്റർ കെ.ജെ. മാത്യു
ഡോ. മാത്യു ഫിന്നി
ഡോ. സി.റ്റി. ലൂയിസ്കുട്ടി

ഗ്രാഫിക്സ്
ഷൈൻ കെ. സാമുവൽ

Address :

Righteous Path Publication Trust
Mackal Building,Oravakal,
Amayannoor P.O, Kottayam,
Kerala - 686019.

Office : 9495 435 336
Editor : 9495 213 269

www.nerveedhi.com

e-mail: editornerveedhi@gmail.com

Edited, Printed and Published by Righteous Path Publication Trust and printed at Penta Offset Press, Kottayam–686002 and published at Mackal Building, Amayannoor P.O, Kottayam -686019.

Annual Subscription ` 200.00



ജോയ് എം. തോമസ്

ലക്ഷ്യം തെറ്റാതിരിപ്പാൻ ജാഗ്രത ആവശ്യം

ക്രിസ്തീയ ജീവിതത്തിന്റെ സുപ്രധാന ലക്ഷ്യം യേശുക്രിസ്തുവിന്റെ മടങ്ങിവരവാണ്. ആ ലക്ഷ്യത്തിൽ ഊന്നി ജീവിക്കുമ്പോൾ മാത്രമേ ക്രിസ്തീയ ജീവിതം, ജീവിക്കേണ്ടതുപോലെ ജീവിക്കുവാൻ കഴിയൂ. ക്രിസ്തുവിന്റെ മടങ്ങിവരവ് എന്ന ലക്ഷ്യത്തിൽ നിന്നും ശ്രദ്ധ വ്യതിചലിപ്പിക്കുവാനാണ് പിശാച് നിരന്തരം ദൈവമക്കളെ പ്രലോഭിപ്പിച്ചുകൊണ്ടിരിക്കുന്നത്. അതിനു പിശാച് ഉപയോഗിക്കുന്ന തന്ത്രം പലതാണ്. അതെക്കുറിച്ച് നാം ബോധവാന്മാരായിരിക്കണം. കൊരിന്തിലെ വിശ്വാസികൾക്ക് അപ്പൊസ്തലനായ പൗലൊസ് നൽകിയ പ്രബോധനം ഇന്നു നമുക്കുള്ള സന്ദേശമായി സ്വീകരിക്കാം.

"ഞാൻ നിങ്ങളെക്കുറിച്ചു ദൈവത്തിന്റെ എരിവോടെ എരിയുന്നു; ഞാൻ ക്രിസ്തു എന്ന ഏക പുരുഷനു നിങ്ങളെ നിർമ്മല കന്യകയായി ഏല്പിപ്പാൻ വിവാഹ നിശ്ചയം ചെയ്തിരിക്കുന്നു. എന്നാൽ സർപ്പം ഹവ്വയെ ഉപായത്താൽ ചതിച്ചതുപോലെ നിങ്ങളുടെ മനസ്സ് ക്രിസ്തുവിനോടുള്ള ഏകാഗ്രതയും നിർമ്മലതയും വിട്ടു വഷളായിപ്പോകുമോ എന്നു ഞാൻ ഭയപ്പെടുന്നു" (2 കൊരിന്ത്യർ 11 : 2, 3).

ക്രിസ്തുവും നാമുമായുള്ള ബന്ധത്തെ സുന്ദരമായ ഒരു രൂപകത്തിൽ കൂടിയാണ് അപ്പൊസ്തലനായ പൗലൊസ് ഇവിടെ വിശദീകരിക്കുന്നത്. വിവാഹ നിശ്ചയം കഴിഞ്ഞ ഒരു യുവതിയോടാണ് നമ്മെ സാദൃശ്യപ്പെടുത്തിയിരിക്കുന്നത്. വിവാഹ നിശ്ചയം തന്റെ മാതാപിതാക്കളേയും ഇഷ്ടജനങ്ങളേയും സാക്ഷി നിറുത്തി ചെയ്തതിനു ശേഷം, ആ യുവതി താൻ വിവാഹം കഴിക്കുന്നതിനു വാക്കു കൊടുത്ത യുവാവിനുള്ളവളാണ്; അതു പോലെ ആ യുവാവ് യുവതിക്കും! എന്നാൽ ആ യുവതി തന്റെ ഭർത്താവിനെ സ്വന്തമാക്കുന്നതും, ആ യുവാവ് താൻ വാക്കുകൊടുത്ത യുവതിയെ തന്റേതാക്കി സ്വീകരിക്കുന്നതും വിവാഹത്തിലൂടെയാണ്. ഇനി അവരുടെ ഏറ്റവും വലിയ സ്വപ്നം അവരുടെ വിവാഹമാണ്. വിവാഹത്തിനായി അവർ ഇരുവരും എല്ലാ തരത്തിലും തങ്ങളെത്തന്നെ ഒരുക്കുന്നതിൽ അതീവശ്രദ്ധാലുക്കളായിരിക്കും.

നാം ക്രിസ്തു എന്ന ഏക പുരുഷനു വേണ്ടി വിവാഹനിശ്ചയം ചെയ്യപ്പെട്ടവരാണ്. നമ്മെ സ്നേഹിച്ചു നമുക്കായി ജീവൻ നൽകിയ ക്രിസ്തുവിന്റെ സ്നേഹത്തെ നാം ഗ്രഹിച്ചപ്പോൾ, ക്രിസ്തുവിനെ സ്വന്തമാക്കിത്തീർക്കുവാൻ നമ്മുടെ ജീവിതം സമർപ്പിച്ചു. ക്രിസ്തുവിനോടു ചേരുവാൻ സ്നാനം സ്വീകരിച്ച് നാം ക്രിസ്തുവിനായി ജീവിക്കും എന്നു വാക്കു കൊടുത്തു. വിവാഹ നിശ്ചയം കഴിഞ്ഞ യുവതിയെപ്പോലെ ഇനി നാം ക്രിസ്തുവിനുള്ളവരാണ്!

ക്രിസ്തുവിന്റെ മടങ്ങിവരവ് എന്ന ലക്ഷ്യത്തിൽ നിന്നും ശ്രദ്ധ വ്യതിചലിപ്പിക്കുവാനാണ് പിശാച് നിരന്തരം ദൈവമക്കളെ പ്രലോഭിപ്പിച്ചുകൊണ്ടിരിക്കുന്നത്. അതിനു പിശാച് ഉപയോഗിക്കുന്ന തന്ത്രം പലതാണ്.

ക്രിസ്തുവിന്റെ മടങ്ങിവരവാണ് നാം പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്ന ഏറ്റവും വലിയ സംഭവം. യേശുവിന്റേതായിത്തീർന്നിട്ട് എന്നുമെന്നേക്കും അതായത് നിത്യത മുഴുവൻ തന്റെ കൂടെ ആയിരിക്കണമെന്നതാണ് നമ്മുടെ ഏറ്റവും വലിയ സ്വപ്നം. ആ സ്വപ്നം ഒരുവന്റെ മനസ്സിനെ കീഴടക്കിയാൽ ആ വ്യക്തിയുടെ ജീവിതം ഏറ്റവും വ്യത്യസ്തമായിരിക്കും. ക്രിസ്തുവിന്റെ പ്രത്യക്ഷതയിൽ പ്രിയം വെച്ചിരിക്കുന്നവരുടെ മനസ്സ് ഈ ഭൂമിയിലും അതിലുള്ള യാതൊന്നിലും ആകൃഷ്ടമാകയില്ല. "എനിക്കെന്റെ യേശുവിനെ കണ്ടാൽ മതി ഇഹത്തിലെ മായാസുഖം വിട്ടാൽ മതി" എന്ന പാട്ടു പാടുന്നത് അവരുടെ അനുഭവമാണ്. "അവനിൽ ഈ പ്രത്യാശ ഉള്ളവനെല്ലാം അവൻ നിർമ്മലനായിരിക്കുന്നതുപോലെ തന്നെത്തന്നെ നിർമ്മലീകരിക്കുന്നു" എന്നു 1 യോഹന്നാൻ 3 : 3 -ൽ സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. ഇങ്ങനെയുള്ള അനുഭവമാണ് യഥാർത്ഥ ഭക്തന്റെ ജീവിതം. ഈ ലോകത്തിലേക്കു മനസ്സ് ചാഞ്ഞുപോകുന്നു എങ്കിൽ പിശാചു നിങ്ങളെ വഞ്ചിക്കുകയാണ് എന്നു മനസ്സിലാക്കുക.

വിവാഹനിശ്ചയം കഴിഞ്ഞ യുവതിയുടെ മനസ്സുമാറ്റി അന്യപുരുഷനിലേക്കു വ്യതിചലിപ്പിക്കുവാൻ ശ്രമിക്കുന്ന ഒരു നീചനെപ്പൊലെയാണ് പിശാച് പ്രവർത്തിക്കുന്നത്. *ക്രിസ്തുവിനോടു ള്ള ഏകാഗ്രതയും നിർമ്മലതയും വിട്ട് ഹൃദയം വഷളായി പോകുവാൻ തക്കവണ്ണം ഈ ലോകത്തിലേക്കും ലോകത്തിലുള്ളതിലേക്കും പ്രലോഭിപ്പിക്കുക എന്നതാണ് പിശാചിന്റെ തന്ത്രം.* "ലോകത്തെയും ലോകത്തിലുള്ളതിനെയും സ്നേഹിക്കരുത്; ഒരുവൻ ലോകത്തെ സ്നേഹിക്കുന്നു എങ്കിൽ അവനിൽ പിതാവിന്റെ സ്നേഹം ഇല്ല" എന്നു യോഹന്നാൻ നമുക്കു മുന്നറിയിപ്പു നൽകിയിരിക്കുന്നു (1 യോഹന്നാൻ 2 : 15)

ദൈവത്തോടുള്ള തികഞ്ഞ സ്നേഹത്തിൽ നിന്നും അകറ്റി, ദൈവത്തോടുള്ള വിധേയത്വത്തിൽ നിന്നും വ്യതിചലിപ്പിച്ച് ദൈവത്തോടു മത്സരിക്കുന്നവനാക്കുവാനും,നേർവഴിവിട്ട് ലക്ഷ്യം തെറ്റിച്ച് പാപിയാക്കുവാനും പിശാച് വളരെ ഉപായത്തോടെയാണ് ഹവ്വയെ സ്വാധീനിച്ചതും, ആദാമിനെ കല്പനാലംഘകനാക്കിയതും. ഈ ചതിപ്രയോഗം തന്നെയാണ് പിശാച് ക്രിസ്തുവിനു സ്വന്തമായിരിക്കുന്ന തന്റെ ജനത്തോടും പ്രയോഗിക്കുന്നത്.

വിലക്കപ്പെട്ട വൃക്ഷഫലം തിന്നുവാനാണ് ഹവ്വയെ പിശാചു പ്രേരിപ്പിച്ചത്. അതുതിന്നുന്നതുകൊണ്ട് അവർ മരിക്കയില്ലെന്നും ദൈവത്തെപ്പോലെ ആകുന്ന സൗഭാഗ്യമാണ് ലഭിക്കുക എന്നും ഹവ്വയെ ഉപായപൂർവ്വം പിശാച് വിശ്വസിപ്പിച്ചു, ചിന്താക്കുഴപ്പത്തിലാക്കി. അതുപോലെ ലോകക്കാരാകാതെ തനിക്കുള്ളവരായിരിക്കേണ്ടതിന് നമ്മെ ലോകത്തിൽ നിന്നും വേർതിരിച്ച് (യോഹന്നാൻ 15 : 19), ലോകത്തെയും ലോകത്തിലുള്ളതിനെയും സ്നേഹിക്കരുതെന്നു നമ്മോടു പറഞ്ഞിരിക്കുന്നു. യേശുവിനെക്കാൾ അധികം ആരെ എങ്കിലും എന്തിനെ എങ്കിലും പ്രിയപ്പെടുന്നവർ കർത്താവിനു യോഗ്യരായവരല്ല' (ലൂക്കോസ് 14 : 26) എന്നതു കർത്താവ് വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. ഇപ്രകാരം നമ്മെക്കുറിച്ചുള്ള ദൈവഹിതം പകൽപോലെ തെളിവായിരിക്കേ, നമ്മെ ലോകത്തിലേക്കും ലോകത്തിൽ ഉള്ളതിനെ മോഹിക്കേണ്ടതിനുമായി പിശാച് ഒരുക്കുന്ന തന്ത്രങ്ങളെക്കുറിച്ചും നാം ഓരോരുത്തരും ബോധവാന്മാരായിരിക്കണം.

പിശാച് ഒരുക്കുന്ന തന്ത്രത്തെ പൗലൊസ് നമുക്കു തുറന്നു കാട്ടിതരുന്നുണ്ട്. "ഒരുത്തൻ വന്നു ഞങ്ങൾ പ്രസംഗിക്കാത്ത മറ്റൊരു യേശുവിനെ പ്രസംഗിക്കയോ നിങ്ങൾക്കു ലഭിക്കാത്ത വേറൊരു ആത്മാവെങ്കിലും നിങ്ങൾ കൈക്കൊള്ളാത്ത വേറൊരു സുവിശേഷമെങ്കിലും ലഭിക്കയോ ചെയ്യുമ്പോൾ നിങ്ങൾ പൊറുക്കുന്നതു ആശ്ചര്യം" (2 കൊരിന്ത്യർ 11:4). അപ്പൊസ്തലന്മാർ പ്രസംഗിക്കാത്ത വേറൊരു സുവിശേഷം അന്നത്തെ സഭയ്ക്കുള്ളിൽ നുഴഞ്ഞുകയറി. അങ്ങനെ *യഥാർത്ഥ സുവിശേഷത്തിൽ നിന്നും വ്യതിചലിപ്പിക്കുക എന്നതാണ് പിശാചിന്റെ തന്ത്രം.* സുവിശേഷത്തിന്റെ ഡ്യൂപ്ലിക്കേറ്റ്! ഓരോ കാലഘട്ടത്തിലുമുള്ള ദൈവജനത്തിനു, വേറൊരു സുവിശേഷം വിവിധ തട്ടിലും മട്ടിലും ആകർഷകമായി അവതരിപ്പിക്കപ്പെടുന്നതു ഒരു വെല്ലുവിളിയാണ്. ഇന്നു നാം കേട്ടുകൊണ്ടിരിക്കുന്ന വേറൊരു സുവിശേഷം എന്തെല്ലാമാണ് എന്നു ചിന്തിക്കുക. സമ്പന്നതയുടെ സുവിശേഷം, കൃപയുടെ സുവിശേഷം ... തുടങ്ങി ആകർഷണീയമായ പേരുകളിൽ പ്രസംഗിക്കപ്പെടുന്നതെല്ലാം നാം വിവേചിക്കേണ്ടതാണ്. നാം കേൾക്കുന്ന എല്ലാ വ്യാഖ്യാനങ്ങളും ദൈവവചനത്തിൽ അതു അങ്ങനെ തന്നെയോ എന്നു ശോധന ചെയ്യേണ്ടത് വളരെ അത്യാവശ്യമണ്. കാരണം വേറൊരു സുവിശേഷം പ്രസംഗിക്കുമ്പോൾ മറ്റൊരു യേശുവിനെ തന്നെയാണ്

പ്രസംഗിക്കുന്നത്. അവിടെ വേറൊരു ആത്മാവാണ് വ്യാപരിക്കുന്നത്. ഇത് എത്രയോ അപകടകരമായ അവസ്ഥയാണ്.

നമുക്കായി ജീവൻ നൽകിയ യേശുവിനെ സ്നേഹിക്കുവാനും, താൻ നമുക്കു കാണിച്ച ജീവിത മാതൃക പിന്തുടർന്ന് കർത്താവിനെ അനുഗമിക്കുവാനും, കർത്താവിന്റെ മടങ്ങിവരവിനെ പ്രതീക്ഷയോടും ഒരുക്കത്തോടും കാത്തിരിക്കുവാനും നമ്മെ സജ്ജരാക്കുകയാണ് യഥാർത്ഥ സുവിശേഷത്തിന്റെ ലക്ഷ്യം. യേശുവിനെ സ്നേഹിക്കുമ്പോൾ മാത്രമേ ലോകത്തെ വെറുക്കുവാൻ കഴിയുകയുള്ളൂ. "ലോകസ്നേഹം ദൈവത്തോടു ശത്രുത്വം ആകുന്നു എന്നു നിങ്ങൾ അറിയുന്നില്ലയോ? ആകയാൽ ലോകത്തിന്റെ സ്നേഹിതൻ ആകുവാൻ ഇച്ഛിക്കുന്നവനെല്ലാം ദൈവത്തിന്റെ ശത്രുവായിത്തീരുന്നു" (യാക്കോബ് 4 : 4). അതുകൊണ്ട് ലോകത്തിലുള്ള ഭൗതീക വസ്തുക്കളെക്കുറിച്ചുള്ള മോഹവും ധനമോഹവും നമ്മിൽ വളർത്തുവാൻ പിശാചിന്റെ ഒരു കെണിയാണ് 'മറ്റൊരു സുവിശേഷം'. അതേക്കുറിച്ച് നാം ജാഗ്രത പുലർത്തണം. "നിങ്ങൾക്കു ദൈവത്തെയും മാമോനെയും സേവിപ്പാൻ കഴികയില്ല" (മത്തായി 6 : 24) എന്നു കർത്താവു തന്നെ വ്യക്തമാക്കിയിട്ടുണ്ടല്ലോ.

നമ്മുടെ ഈ ഭൂമിയിൽ ജീവിക്കുവാൻ നൽകിയിരിക്കുന്ന ഹ്രസ്വമായ ജീവിതം വളരെ പ്രധാനപ്പെട്ടതാണ്. എത്രനാൾ ജീവിച്ചു എന്നതല്ല പ്രധാനം; പ്രത്യുത എങ്ങനെ ജീവിച്ചു, എന്തിനായി ജീവിച്ചു എന്നതാണ് പ്രധാനപ്പെട്ട വസ്തുത. ഭൗതീകം ലക്ഷ്യമാക്കി ജീവിക്കുമ്പോൾ ലക്ഷ്യം തെറ്റി ജീവിക്കുകയാണ്. ദൈവത്തിന്റെ രാജ്യവും നീതിയും അന്വേഷിക്കുന്നവരായി ദൈവഹിതം തികച്ച് ദൈവത്തെ പ്രസാദിപ്പിക്കുക എന്നതു ലക്ഷ്യമായിരിക്കുമ്പോഴാണ് ജീവിതം നേർവഴിയിലും അർത്ഥമുള്ളതും ആയിരിക്കുന്നത്. അങ്ങനെ നേർവഴിയിൽ നടന്നുകൊണ്ട് ചെയ്യുന്ന അദ്ധ്വാനങ്ങളിൽ ദൈവത്തിന്റെ അനുഗ്രഹം ഉണ്ടായിരിക്കും. നമ്മുടെ ദൈനംദിന ആവശ്യങ്ങൾക്ക് മതിയായതു നമുക്കു ലഭിച്ചുകൊണ്ടിരിക്കും. അപ്പോൾ മത്സര ജീവിതത്തിന്റെ കെണിയിൽ അകപ്പെട്ടു ലക്ഷ്യം തെറ്റാതെ, കർത്താവിന്റെ വരവിനായി ഒരുങ്ങി ജീവിക്കുവാൻ അത് സഹായകമായിരിക്കും.

ഒരു യുവതിക്ക് വിവാഹം ആലോചിച്ച് ഒരു യുവാവുമായി വിവാഹം ഉറപ്പിക്കുന്നതു (engagement) പോലെയുള്ള ഒരു ഇടനിലക്കാരന്റെ ശുശ്രൂഷയാണ് സുവിശേഷ ഘോഷണം. ഒരു വ്യക്തിയോടു സുവിശേഷം പങ്കിട്ടതിനു ശേഷം എനിക്കു ഇനി ഒരു പങ്കുമില്ല എന്ന നിലയിൽ നാം ചിന്തിക്കുവാൻ പാടില്ല. ദൈവീക ശുശ്രൂഷ ചെയ്യുന്നവർ ദൈവജനത്തെ ക്രിസ്തുവിൽ തികഞ്ഞവരാക്കുവാൻ ഉത്തരവാദിത്തപ്പെട്ടവർ ആണ്. "ഒരു നിർമ്മലകന്യകയായി" സഭയെ ക്രിസ്തുവിന്റെ വരവിനായി ഒരുക്കിയെടുക്കുവാൻ അവർ ചുമതലപ്പെട്ടവരാണ്. ദൈവീക ശുശ്രൂഷ ചെയ്യുന്ന ഓരോരുത്തരും അവരവരെത്തന്നെ കർത്താവിന്റെ വരവിനായി ഒരുക്കുകയും, അവരുടെ ഒരുക്കമുള്ള ജീവിതം മറ്റുള്ളവർക്കു മാതൃകയും പ്രചോദനവും ആയി കൂട്ടുവിശ്വാസികൾക്ക് ഒരുങ്ങുവാൻ സഹായകമാകുകയും വേണം. അതുകൊണ്ടാണ് "ഞാൻ ഭയപ്പെടുന്നു" എന്നു പൗലൊസ് പറയുന്നത്. എല്ലാ സുവിശേഷവേലക്കാരും വിശ്വാസികളുടെ ആത്മീക വർദ്ധനവിനെക്കുറിച്ച് ഉത്തരവാദിത്തമുള്ളവരായിരിക്കണം.

യഥാർത്ഥ സുവിശേഷത്തിൽ നിന്നും വ്യതിചലിച്ചുള്ള 'വേറൊരു സുവിശേഷത്തിന്റെ' ചെറിയ ഒരു അംശം പോലും ആരേയും സ്വാധീനിക്കുവാൻ ഇടയാകരുത്. ഇത് ദൈവിക ശുശ്രൂഷകർ പ്രത്യേകം ശ്രദ്ധിക്കണം. *അവർ തെറ്റിയാൽ സാധാരണ വിശ്വാസികളെ സത്യസുവിശേഷത്തിൽ ആർ നിലനിർത്തും?* പൗലൊസിന്റെ കാലത്തു, രക്ഷ പ്രാപിക്കുവാൻ 'പരിഛേദന' ഒരു അനിവാര്യഘടകമായി, സുവിശേഷത്തോടു ചേർക്കുവാൻ ശ്രമിച്ചവരോട് പൗലൊസ് എതിർത്തു നിൽക്കുകയും അതു മറ്റൊരു സുവിശേഷമാണെന്നു ജനങ്ങളെ ബോധവൽക്കരിക്കുകയും ചെയ്തു. സുവിശേഷത്തിന്റെ സത്യം പരിരക്ഷിക്കപ്പെടുന്നതിനും വിശ്വാസികളെ സംരക്ഷിക്കുന്നതിനും ദുരുപദേശം പറഞ്ഞവർക്കു"ഒരു നാഴിക പോലും വഴങ്ങി കൊടുത്തില്ല" (ഗലാത്യർ 2 : 5) എന്നു പൗലൊസ് സാക്ഷിക്കുന്നു. ദൈവ വേലക്കാർ ദുരുപദേശങ്ങൾക്ക് വശംവദരാകരുത്. ജീവിത വിശുദ്ധിയും ക്രിസ്തീയ സാക്ഷ്യവും കാത്തു സൂക്ഷിച്ചും മാതൃകാ ജീവിതം നയിച്ചും കൊണ്ട് അവർ സത്യ സുവിശേഷം യഥാർത്ഥമായി പ്രസംഗിച്ച് ജനങ്ങളെ കർത്താവിന്റെ വരവിനായി ഒരുക്കി നിർത്തുവാൻ ചുമതലപ്പെട്ടിരിക്കുന്നു. ഇതിലുണ്ടാകുന്ന വീഴ്ച ഏറ്റവും അപകടകരമാണ്. ■



സാജു മാത്യു

വശീകരണ തന്ത്രങ്ങളെ നേരിടുവാൻ ...

എന്നാൽ രാജാവിന്റെ ഭോജനം കൊണ്ടും അവൻ കുടിക്കുന്ന വീഞ്ഞുകൊണ്ടും തന്നെ ത്താൻ അശുദ്ധമാക്കുകയില്ലെന്നു ദാനീയേൽ ഹൃദയത്തിൽ വിചാരിച്ചു (ദാനീയേൽ 1:8).

സഭയെ തളർത്തുവാൻ ലോകം തിരഞ്ഞെടുക്കുന്ന പദ്ധതികൾ പലതാണ്. ചിലപ്പോഴൊക്കെ പീഡനം അഴിച്ചു വിട്ട് സഭയെ തകർക്കുവാൻ ലോകം പരിശ്രമിക്കാറുണ്ട്. എന്നാൽ, അതിൽ വിജയം കണ്ടെത്താൻ കഴിയാതെ വരുമ്പോൾ ലോകമഹത്ത്വത്തിന്റെ ആത്മാവിനെ സഭയിലക്കു പറഞ്ഞുവിട്ട് പിശാച് തന്റെ ജോലി നിർവഹിക്കുന്നു. പലപ്പോഴും ഈ ആത്മാക്കൾക്കു സ്വാധീനിക്കുവാൻ കഴിയുന്നത് യുവാക്കളെയാണ്! അങ്ങനെയൊരു ശത്രു പദ്ധതിയാണ് ദാനീയേൽ 1:1-21 വരെ വേദഭാഗത്തും നാം കാണുന്നത്!

ബാബേൽ രാജാവായ നെബൂഖദ്നേസർ യരൂശലേമിനെ കീഴടക്കി, അവനു ഇഷ്ടമുള്ളതൊക്കെ-രാജധാനിയിലെ നിക്ഷേപങ്ങളും ദൈവാലയത്തിലെ നിക്ഷേപങ്ങളും എല്ലാം എടുത്തുകൊണ്ടുപോയി. ദേശത്തോട് അവൻ ഇഷ്ടമുള്ളതൊക്കെ ചെയ്തു (2 രാജാ. 24). രാജ്യത്തെ പ്രധാന വ്യക്തികളെ- രാജാവിനെയും മന്ത്രിമാരെയും യുദ്ധപ്രമുഖരായ യുവാക്കളെയും ആശാരിമാരെയും കൊല്ലന്മാരെയും (സാങ്കേതിക വിദഗ്ധർ) തുടങ്ങി എല്ലാവരെയും ബാബേൽ രാജാവ് പിടിച്ചുകൊണ്ടുപോയി (2 രാജാ 24:13-17).

അങ്ങനെ പ്രവാസികളായി പിടിച്ചുകൊണ്ടുവന്ന പ്രഗത്ഭരായ യഹൂദന്മാരിൽ നിന്ന് വീണ്ടുമൊരു തെരഞ്ഞെടുപ്പു നടത്താൻ നെബൂഖദ്നേസർ തന്റെ മന്ത്രിപ്രമുഖനായ അശ്പെനാസിനോടു പറഞ്ഞു: യിസ്രായേൽ മക്കളിൽ രാജസന്തതിയിലും കുലീനന്മാരിലും വച്ച് അംഗഭഗമില്ലാത്തവരും സുന്ദരന്മാരും സകലജ്ഞാനത്തിലും നിപുണന്മാരും അറിവിൽ സമർഥന്മാരും വിദ്യാപരിജ്ഞാനികളും രാജധാനിയിൽ പരിചരിപ്പാൻ യോഗ്യന്മാരും ആയ ചില യുവാക്കളെ- പ്രമുഖന്മാരിൽതന്നെ ഏറ്റവും മെച്ചപ്പെട്ടവരെതന്നെ തെരഞ്ഞെടുക്കുക. എബ്രായ വിജ്ഞാനത്തിൽ നിപുണരായ അവരെ ബാബിലോണിന്റെ (കല്ദയ) വിദ്യകളും അഭ്യസിപ്പിക്കുക. അവർക്കു കൊട്ടാരത്തിലെ ഭക്ഷണവും രാജഭോജനത്തിലെ വീഞ്ഞും കൊടുക്കുക... മൂന്നുവർഷം അവർ കല്ദയവിദ്യ അഭ്യസിക്കട്ടെ. പിന്നെ അവരെ രാജസന്നിധിയിൽ നിർത്തുക... അവർ കൊട്ടാരത്തിൽ സേവനം ചെയ്യട്ടെ..." (ദാനീയേൽ 1:3-5).

നെബൂഖദ്നേസർ പറയുന്നതു ശ്രദ്ധിക്കുക: തെരഞ്ഞെടുക്കേണ്ടത് "യുവാക്കളെ"യാണ് (കൗമാരപ്രായക്കാർ എന്നു പറയാം). കാരണം, ബാബിലോണിനു യോജിക്കുംവിധം "വളച്ചെടുക്കാൻ" കഴിയുന്നതു യുവാക്കളെയാണ്! ലോകത്തിന്റെ വിദ്യ അഭ്യസിപ്പിക്കുവാൻ പിശാച് തിരഞ്ഞെടുക്കുന്നത് യുവാക്കളെയാണ്. വളയ്ക്കാനെളുപ്പം എന്നത് അതിന് ഒരു കാരണം മാത്രം. അതിലുപരി പിശാചു കാണുന്നത് യുവാക്കളെ കയ്യിലെടുത്താൽ അടുത്ത തലമുറകളെയെല്ലാം അവനു സ്വാധീനിക്കാനാവും എന്നതാണ്.

എന്നാൽ, തെരഞ്ഞെടുക്കപ്പെട്ട ദാനിയേലിനെയും ഹനന്യാവിനെയും അസര്യാവിനെയും (ദാനീയേൽ 1:6) സ്വാധീനിക്കുവാൻ നെബൂഖദ്നേസറിനു കഴിഞ്ഞില്ല. കാരണം, അവർ ദൈവവചനത്തിൽ ഉറപ്പുള്ളവരും ദൈവസാന്നിധ്യം അനുഭവിക്കുന്നവരും ആയിരുന്നു. *ഇന്നും യുവതലമുറ വചനത്തിലും ആത്മാവിലും ശക്തി പ്രാപിക്കാതിരുന്നാൽ ലോകത്തിന് അവരെ എടുത്തിട്ട് അമ്മാനമാടുവാൻ പ്രയാസമുണ്ടാവില്ല.*

ദാനീയേലിനും കൂട്ടുകാർക്കും ബാബിലോണിൽ നേരിടേണ്ടിവന്ന വിശ്വാസത്തിന്റെ വെല്ലുവിളികൾ നമ്മുടെ വേദഭാഗത്തുനിന്നുകൊണ്ട് ഒന്നു പരിശോധിക്കുക... ഇന്നും യുവാക്കൾ ലോകത്തിൽ നേരിടുന്നത് ഏതാണ്ട് സമാനമായ വെല്ലുവിളികൾ തന്നെ.!

എബ്രായ ബാലന്മാർ നേരിടുന്ന ഒന്നാമത്തെ വെല്ലുവിളി അവരുടെ പരദേശവാസം തന്നെ. ജനിച്ചുവളർന്ന അവരുടെ ആത്മീയപൈതൃകം തിളച്ചുനിന്ന അവരുടെ സ്വന്തം നാട് അവർക്ക് അന്യമായി...

യഹൂദാരാജ്യത്തിന്റെ തലസ്ഥാനമായ യെരൂശലേം താരതമ്യേന ഒരു ചെറിയ നഗരമായിരുന്നു. ശാന്തവും കുലീനവുമായ ആ തെരുവീഥികളിൽ ആത്മചൈതന്യം തുളുമ്പുന്ന ഗാനാലാപവും വിശ്വാസപ്രമാണത്തിന്റെ (ഷേമ) ഉരുവിടലുകളും ഒരു സാധാരണ കേൾവിയായിരുന്നു. ഒക്കെ അന്യോന്യം അറിയാവുന്നവർ... കണ്ടുമുട്ടുമ്പോഴൊക്കെ അവർ അന്യോന്യം 'ഷാലോം' എന്നു പറഞ്ഞ് അഭിവാദനം ചെയ്തു.

ബാബിലോണിൽ അങ്ങനെയല്ല... ഒരു മഹാനഗരമായിരുന്നു അത്. തെരുവീഥികളിൽ കുതിരകളും രഥങ്ങളും ചീറിപ്പാഞ്ഞു. എല്ലാവർക്കും തിരക്കാണ്. ആർക്കും ആരെയും ശ്രദ്ധിക്കുവാൻ നേരമില്ല. തിരുവനന്തപുരം പോലെയുള്ള ഒരു ചെറിയ നഗരത്തിൽനിന്നു ന്യൂയോർക്കിലേക്ക് പറിച്ചുനടപ്പെടുമ്പോഴുണ്ടാകുംപോലെയുള്ള അമ്പരപ്പായിരുന്നു യെരൂശലേമിൽനിന്നു ബാബിലോണിലെത്തിയ യുവജനങ്ങൾക്കുണ്ടായ മാനസിക വിഭ്രമം.

ഇന്നു പുതിയ തലമുറ നേരിടുന്ന വലിയൊരു വെല്ലുവിളിയാണു നഗരവത്ക്കരണം urbanisation). വിദ്യാഭ്യാസത്തിനും ജോലിക്കുമായി ഗ്രാമങ്ങളിൽനിന്നു യുവാക്കൾ മഹാനഗരങ്ങളിലേക്കു പറിച്ചുനടപ്പെടുന്നു. പ്രത്യേകിച്ചു പഠനത്തിനായി. അപ്പനോടും അമ്മയോടും ഒപ്പം വീട്ടിലുണ്ടാക്കുന്ന ഭക്ഷണം കഴിച്ച്, വൈകുന്നേരങ്ങളിൽ വായിച്ച് പ്രാർഥിച്ച് പഠിച്ച് ശാന്തമായി കിടന്നുറങ്ങി, രാവിലെകളിൽ ഉണർന്നു പ്രാർഥിച്ച് സ്കൂളിൽ പോയി പഠിച്ചുകളിച്ച് വീട്ടിലെത്തിയിരുന്ന കൗമാരപ്രായക്കാർ പെട്ടെന്നൊരു ദിവസം ഗ്രാമങ്ങളോ ചെറുപട്ടണങ്ങളോ വിട്ട് ബാംഗ്ലൂരിലേക്കോ പൂനെയിലേക്കോ ഡൽഹിയിലേക്കോ ചെന്നൈയിലേക്കോ ഒക്കെ ചേക്കേറുന്നു. വിസ്മയിപ്പിക്കുന്ന പുതുമകളുമായാണു നഗരം അവരെ വരവേവേൽക്കുന്നത്! എല്ലാം അനുവദനീയമായ നഗരത്തിൽ അപക്വമാനസിയായ ഒരു യുവാവെത്തുമ്പോൾ, മ്ലേച്ഛതകളുടെ കുത്തൊഴുക്കിൽ അവന്റെ കാലുകൾ ഇടറിപ്പോകുന്നതു സ്വാഭാവികം.

ജോലിയുടെ കാര്യത്തിലും ഈ പ്രതിസന്ധി രൂക്ഷം! കൊച്ചിയിൽനിന്നു പഠിച്ചിറങ്ങുന്നവൻ നേരെ ചെന്നെത്തുന്നതു വാഷിംഗ്ടണിലും ലണ്ടനിലും മെൽബണിലും ടൊറൊന്റായിലും! മഹാനഗരങ്ങൾ അവർക്കു പണവും പ്രതാപവും മാത്രമല്ല പാപത്തിന്റെ ഭോഗങ്ങൾക്കുള്ള ഒരായിരം അവസരങ്ങൾകൂടെ നല്കുന്നു. ഞടുതിയിലുള്ള ജീവിതത്തിനിടയ്ക്ക് ആത്മാവിന്റെ കാര്യങ്ങൾ ആലോചിക്കാൻപോലും അവർക്കു നേരമില്ല... നിരന്തരമായ ഓട്ടത്തിനിടയ്ക്ക് ഒരു ദിവസം അവൻ എല്ലാം വ്യർഥമായിരുന്നു എന്നു തിരിച്ചറിയുന്നു. അപ്പോൾ പിന്നെ തിരിച്ചുപോകുന്നതിനുള്ള വഴിയും അവൻ മറന്നിരിക്കും!

എന്നാൽ, നഗരത്തിന്റെ മിന്നുന്ന പുതുമ ഈ എബ്രായ യുവാക്കളെ ആനന്ദപുളകിതരാക്കിയില്ല. യെരൂശലേം അവർക്കൊരു നൊസ്റ്റാൾജിയ ആയിരുന്നു. അതുകൊണ്ടാണല്ലോ ബാബേൽ നദിയുടെ തീരത്തിരുന്നു യെരൂശലേമിനെ ഓർത്തപ്പോൾ അവർ കരഞ്ഞത് (സങ്കീർത്തനം 137). *ആത്മീയതയുടെ ശക്തമായ അടിത്തറയിൽ ജീവിതം പണിതവനു മഹാനഗരം വാഗ്ദാനം ചെയ്യുന്ന മായികലോകം ഒരു ആകർഷണമല്ല!*

യെഹൂദബാലന്മാർ അടുത്തതായി നേരിടുന്ന വെല്ലുവിളി അവരുടെ പഠനത്തിലും സംസ്കാരത്തിലും ഉണ്ടാകുന്ന വ്യതിയാനമാണ്. എബ്രായ പശ്ചാത്തലത്തിൽ എബ്രായവിദ്യകൾ അഭ്യസിച്ചിരുന്നവർ ഇപ്പോൾ ഒരു ജാതീയരാജ്യത്തെ ജാതീയ വിദ്യകളിൽ അഭ്യസനം നടത്തുവാൻ വിധിക്കപ്പെടുന്നു. അവരെ "കല്ദയരുടെ വിദ്യയും ഭാഷയും" അഭ്യസിപ്പിക്കുവാനാണു രാജകല്പന!

ഇന്നും ഇതുതന്നെ സംഭവിക്കുന്നു. കലാശാലകളിൽ പഠിക്കേണ്ടിവരുന്നത് ആത്മീയ കാഴ്ചപ്പാടല്ല. ലോകത്തിന്റെ ഭാഷയാണ്. ചെറുപ്പത്തിൽ സണ്ടേസ്കൂളിൽ അഭ്യസിച്ചതൊക്കെ 'മുത്തശ്ശിക്കഥ'കളാണെന്നു കലാലയം പഠിപ്പിക്കുന്നു. മാതൃഭാഷ ഒരു ബലഹീനതയാണെന്നു കലാശാലകളിൽനിന്നു യുവാക്കൾ തിരിച്ചറിയുന്നു. പഴഞ്ചൻ മാതൃഭാഷയ്ക്കു പകരം അവരിപ്പോൾ ഒന്നുമില്ലാത്ത ''ആഷ്ബൂഷ്'' സങ്കരഭാഷയാണു

ശേഷം പേജ് 29 ▶



ബാബു ചെറിയാൻ

മകനും സ്നേഹിതനും

"ആകയാൽ നിങ്ങൾ കർത്താവായ ക്രിസ്തുയേശുവിനെ കൈക്കൊണ്ടതുപോലെ അവന്റെ കൂട്ടായ്മയിൽ നടപ്പിൻ; അവനിൽ വേരൂന്നിയും ആത്മീക വർദ്ധന പ്രാപിച്ചും നിങ്ങൾക്കു ഉപദേശിച്ചുതന്നതിനു ഒത്തവണ്ണം വിശ്വാസത്താൽ ഉറെച്ചും സ്തോത്രത്തിൽ കവിഞ്ഞും ഇരിപ്പിൻ" (കൊലൊസ്യർ 2 : 6, 7).

ഭക്തി, ഭയം, ബഹുമാനം, ആരാധന, കാണിക്ക, നേർച്ച, വഴിപാട്, എന്നീ ചിന്തകളാണ് ദൈവം, ദൈവീകം എന്നീ കാര്യങ്ങളിൽ മനുഷ്യനുണ്ടാകുക. എന്നാൽ അതിൽ നിന്നെല്ലാം വ്യത്യസ്തമായി ബന്ധം എന്ന വികാരത്തിലേക്കു ആത്മീകതയെ കൊണ്ടുപോകുന്ന ചിന്തയാണ് ബൈബിൾ എന്ന തിരുവചനം നമുക്കു നൽകുന്നത്. പുതിയ നിയമം അഥവാ സുവിശേഷം നമ്മുടെ മുമ്പിൽ വയ്ക്കുന്നതു ഒരു മതമല്ല ബന്ധമാണ്, ഭയമല്ല സ്നേഹമാണ്, ബന്ധനമല്ല സ്വാതന്ത്ര്യമാണ്, ഭീഷണിയല്ല സാന്ത്വനമാണ്. കർത്താവായ യേശുവിനെ കൈക്കൊണ്ട് അവിടുത്തെ പാപപരിഹാര നാമത്തിൽ വിശ്വസിക്കുന്ന ഏതൊരാൾക്കും ദൈവമക്കളാകുവാൻ അവിടുന്ന് അധികാരം കൊടുത്തു. ദൈവമക്കളാകുക എന്ന അധികാരം നമ്മുടെ കൈയിൽ തന്നിരിക്കുന്നു. ഏതൊരാൾക്കും അതുപയോഗിക്കുകയോ. ഉപയോഗിക്കാതിരിക്കുകയോ ചെയ്യാം.

മക്കളാകുവാൻ അധികാരം തന്നുവെങ്കിൽ മക്കളായ ശേഷം എന്തെല്ലാം അധികാരങ്ങളും അവകാശങ്ങളും ലഭിക്കും എന്നുകൂടി ചിന്തിക്കണം. നിങ്ങൾ മക്കൾ എങ്കിലോ അവകാശികളും ആകുന്നു. കാണ്മീൻ നാം ദൈവമക്കളെന്നു വിളിക്കപ്പെടുവാൻ പിതാവ് നമുക്ക് എത്ര വലിയ സ്നേഹം നൽകിയിരിക്കുന്നു. അങ്ങനെ തന്നെ നാം ആകുന്നു. നാം ഇന്നതാകും എന്നു ഇതുവരെ പ്രത്യക്ഷമായിട്ടില്ല. അവൻ പ്രത്യക്ഷനാകുമ്പോൾ നാം അവനെ താൻ ഇരിക്കും പോലെ തന്നെ കാണുന്നതുകൊണ്ട് അവനോടു സദൃശന്മാരാകും. ഇത്ര മനോഹരവും ദൃഢവുമായ ഒരു ബന്ധമാണ് കർത്താവായ യേശുവിന്റെ സുവിശേഷം നമുക്കും ഓഫർ ചെയ്യുന്നത്.

എന്നാൽ അതിലൊട്ടും കുറയാത്തതോ അതിനെക്കാൾ കൂടിയതോ ആയ ഒരു ബന്ധമാണ് സ്നേഹിതൻ എന്ന ബന്ധം. പക്ഷെ നമ്മിൽ പലരും അതറിഞ്ഞിട്ടുണ്ടോ എന്നതാണ് സംശയം. മകൻ ആകുന്നതും

...അതിൽ നിന്നെല്ലാം വ്യത്യസ്തമായി ബന്ധം എന്ന വികാരത്തിലേക്കു ആത്മീകതയെ കൊണ്ടുപോകുന്ന ചിന്തയാണ് ബൈബിൾ എന്ന തിരുവചനം നമുക്കു നൽകുന്നത്. പുതിയ നിയമം അഥവാ സുവിശേഷം നമ്മുടെ മുമ്പിൽ വയ്ക്കുന്നതു ഒരു മതമല്ല ബന്ധമാണ്, ഭയമല്ല സ്നേഹമാണ്, ബന്ധനമല്ല സ്വാതന്ത്ര്യമാണ്, ഭീഷണിയല്ല സാന്ത്വനമാണ്.

സ്നേഹിതനാകുന്നതും രണ്ടായിട്ടാണ് നമ്മുടെ ചിന്താമണ്ഡലത്തിൽ കിടക്കുന്നത്. സ്നേഹിതൻ സ്നേഹിതൻ തന്നെ. അവനൊരിക്കലും മകനാകാൻ പറ്റില്ല. പക്ഷെ മകന് സ്നേഹിതനും കൂടിയാകാം. അതാണ് ഈ സന്ദേശത്തിലെ കാതൽ.

ദൈവമക്കളാകുക എന്നത് കേവലം മതപരമായ ഒരു ചടങ്ങായിട്ടു മാത്രമേ പലർക്കും മനസ്സിലായിട്ടുള്ളു. സ്നാനത്തിലൂടെയാണ് ചിലർ ദൈവമക്കളാകുന്നത്. വാസ്തവത്തിൽ ഒരു സഭാ മാറ്റം, അല്ലെങ്കിൽ സമുദായ മാറ്റമാണ് യേശുവിനെ കൈക്കൊള്ളുക എന്നു പറയുന്നതിൽ നിന്ന് ഇന്നു പലരും ഗ്രഹിക്കുന്നത്. *എന്നാൽ സത്യം അതല്ല. ആകയാൽ നിങ്ങൾ കർത്താവായ ക്രിസ്തുയേശുവിനെ കൈക്കൊണ്ടതുപോലെ അവന്റെ കൂട്ടായ്മയിൽ നടപ്പിൻ. അവനിൽ വേരൂന്നുവിൻ. അവന്റെ കൂടെ നടക്കുക, അവനിൽ ആഴത്തിൽ വേരോട്ടമുള്ള ബന്ധം സ്ഥാപിച്ചു വളർത്തി ആത്മീക വർദ്ധന പ്രാപിക്കുക എന്ന ആശയമാണ് കൊലൊസ്യലേഖനം നൽകുന്നത്.*

അബ്രഹാം ദൈവത്തിന്റെ സ്നേഹിതൻ എന്നു തിരുവചനം നമ്മെ ഓർമ്മിപ്പിക്കുന്നു. മോശെയോടു ഒരു സ്നേഹിതനെന്ന പോലെ ദൈവം സംസാരിക്കുന്നു. ഹാനോക്ക് ദൈവത്തോടു കൂടെ നടന്നു എന്നാണല്ലൊ പറഞ്ഞിരിക്കുന്നത്. അപ്പന്റെ കൂടെ ഒരു മക്കളും അധികകാലം നടക്കാനിഷ്ടപ്പെടുന്നില്ല. കുട്ടിക്കാലം കഴിഞ്ഞാൽ പിന്നെ കൂട്ടുകാരെ തേടി പോകുകയാണ് കുട്ടികൾ.

എന്നാൽ ഇവിടെ ഇതാ ഒരു പുതിയ സംസ്കാരം കർത്താവു പഠിപ്പിക്കുന്നു. കർത്താവാണ് നിന്റെ ബെസ്റ്റ് ഫ്രണ്ട്. അവിടുത്തോടു കൂടെ നടന്നാൽ വർത്തമാനം പറയുമല്ലോ; അപ്പോൾ പിന്നെ ഫോർമാലിറ്റീസ് അവസാനിക്കുന്നു. പ്രാർഥനയുടെ സ്വഭാവം മാറുന്നു; അല്ല; പ്രാർഥന തന്നെ മാറുന്നു. രഹസ്യങ്ങൾ, മർമ്മങ്ങൾ, ഭാവി പരിപാടികൾ പങ്കു വെക്കുന്നു. യഹോവയുടെ സഖിത്വം തന്റെ ഭക്തന്മാർക്കുണ്ടായാൽ അവിടുന്ന് തന്റെ നിയമങ്ങളും, രഹസ്യങ്ങളും അവരെ അറിയിക്കും. ■

വീണ്ടും ജനിച്ചവർ!

അപ്പന്റെ വീട്ടിൽ നാം ചെല്ലുന്ന ദിവസം നമുക്കു തരാനായി നമ്മുടെ അവകാശം ആ വീട്ടിൽത്തന്നെ സുരക്ഷിതമായി സൂക്ഷിച്ചിരിക്കുന്നു. നിത്യത മുഴുവൻ ആ അവകാശം നമ്മുടെ അനുഭവമായി മാറും. സ്വർഗസ്ഥ പിതാവിനെക്കുറിച്ചും അവിടുന്നു നൽകാനിരിക്കുന്ന അവകാശത്തെക്കുറിച്ചുമുള്ള ആഗ്രഹം ഒരു കാന്തികശക്തിപോലെ നമ്മെ ആകർഷിക്കുമ്പോൾ ലോകമയത്വത്തിൽ പാദമുറച്ചുപോകയോ ലൗകിക ഇമ്പവസ്തുക്കളിൽ ഒട്ടിച്ചേർന്നുപോകയോ ഇല്ല. വീണ്ടും ജനനത്താൽ നമ്മുടെ സ്വന്ത നാട് സ്വർഗമായിത്തീർന്നെങ്കിലും സ്വർഗീയമായതല്ല മറിച്ച് ഒരിക്കൽ വേണ്ട എന്ന് ഉള്ളിൽ ഉറച്ചു തള്ളിക്കളഞ്ഞ ലോകത്തിലെ വശ്യവസ്തുക്കളാണ് മനസ്സിലെ ധ്യാനവിഷയം എന്നത് നമ്മുടെ മുൻഗണനകളെ മാറ്റിമറിക്കുന്നു.

അഭികാമ്യവും ഉൽക്കൃഷ്ടവുമെന്ന് ഉറപ്പുള്ള ഒരു വസ്തുവും, പുറംമോടിമാത്രമുള്ള ക്ഷണികമായ ഒരു വസ്തുവും, വെച്ചുനീട്ടി തിരഞ്ഞെടുക്കാൻ അനുവാദം തന്നാൽ സാമാന്യബോധമുള്ള ആരും ഉൽക്കൃഷ്ടമായതേ തിരഞ്ഞെടുക്കൂ. നിത്യമായതും ഉൽക്കൃഷ്ടമായതും കാമ്യവുമായ സ്വർഗീയ അനുഗ്രഹങ്ങളെക്കുറിച്ച് ദൈവവചനം കൂലംകഷമായ വിശദീകരണങ്ങൾ തന്നിട്ടും വചനനിശ്ചയവും പാണ്ഡിത്യവുമുള്ളവർ പോലും പലപ്പോഴും നശ്വരമായതിനെ കണ്ടുമോഹിക്കയും മറ്റുള്ളവരെ അതു ചൂണ്ടിക്കാട്ടി മോഹിപ്പിക്കയും ചെയ്യുകയല്ലേ എന്നു ചിലതൊക്കെ കാണുകയും കേൾക്കുകയും ചെയ്യുമ്പോൾ തോന്നാറുണ്ട്.

കെ.വി.ആർ



ഫ്രാൻസിസ് ഫ്രാൻഗിപ്പെൻ

കൊയ്ത്തിനു വിള പാകമാകുമ്പോൾ

ക്രിസ്തുവിന്റെ മടങ്ങിവരവിന് മുൻപുള്ള കാലം തീർച്ചയായും കഷ്ടസമ്പൂർണവും ബുദ്ധിമുട്ടേറിയതും ആയിരിക്കും. ആകാശത്തിലും ഭൂമിയിലും ഉള്ള സകലത്തെയും ഇളക്കും എന്ന് തിരുവെഴുത്തു മുന്നറിയിപ്പ് നൽകുന്നു. ദൈവരാജ്യം മാത്രം ഇളക്കമില്ലാത്തതായിരിക്കും. ഇളക്കാനാവാത്ത ദൈവരാജ്യം നിലനിൽക്കേണ്ടതിനു മറ്റു നിർമ്മിതമായതെല്ലാം ഇളക്കപ്പെടുകയും മാറ്റപ്പെടുകയും ചെയ്യും (എബ്രായർ 12 : 26 27). അപ്പോൾത്തന്നെ വർദ്ധിച്ചുവരുന്ന ന്യായവിധിസമാനമായ സംഭവങ്ങൾ, സഭയുടെ ഉത്പ്രാപണം തുടങ്ങി അനവധി കാര്യങ്ങൾ ദൈവത്തിന്റെ കാര്യക്രമത്തിൽ ഉണ്ട്. ക്രിസ്തുവിന്റെ ഒന്നാം വരവിനും രണ്ടാം വരവിനും ഇടയിൽ ഭൂമിയിൽ നിറവേറുന്ന വളരെ സുപ്രധാനമായ ഒരു കാര്യം ഉണ്ട്. അത് ദൈവരാജ്യം ഭാഗീകമായി ദൈവസഭയിൽ കൂടെ അനുഭവിക്കുവാൻ കഴിയുന്നു എന്നതാണ്. ആത്മികമായി പക്വതയുള്ള ഒരു കൂട്ടമാളുകൾ കർത്താവിന്റെ വരവിനായി സഭയെ ഒരുക്കുന്നതിൽ ബദ്ധശ്രദ്ധരായി മുന്നണിപ്പോരാളികൾ എന്നപോലെ സേവ ചെയ്യുന്നു.

ക്രിസ്തു മനുഷ്യശരീരത്തിൽ പാലസ്തീനിൽ കൂടി നടന്ന് ശുശ്രൂഷിച്ചപ്പോൾ ലോകത്തിന് യേശുവിനെ പരിഹസിക്കുന്നതിനും ഉപദ്രവിക്കുന്നതിനും ഒക്കെ സാധിക്കുമായിരുന്നു. എന്നാൽ താൻ മഹത്വത്തിൽ പ്രത്യക്ഷനാകുമ്പോൾ സാക്ഷാൽ തേജോമയനായ ദൈവമായിട്ട് തന്നെയായിരിക്കും വെളിപ്പെടുക. ഇങ്ങനെ പത്മോസിൽ യേശു പ്രത്യക്ഷ്യനായപ്പോൾ പ്രിയ ശിഷ്യനായിരുന്ന യോഹന്നാൻ പോലും മരിച്ചവനെപ്പോലെ തന്റെ കാൽക്കൽ വീണു. അങ്ങനെ മഹത്വത്തിൽ അവിടുന്ന് പ്രത്യക്ഷപ്പെടുന്നതിന് മുമ്പായി ദൈവസഭ വചനത്താലും പരിശുദ്ധാത്മാവിനാലും വിശുദ്ധീകരിക്കപ്പെടേണ്ടതുണ്ട്.

എന്താണ് കർത്താവു പഠിപ്പിച്ചതെന്നു നമുക്ക് ശ്രദ്ധിക്കാം. അവിടുന്നു പറഞ്ഞു, 'ദൈവരാജ്യം ഏതിന്നു സദൃശ്യമാണ്? ഒരാൾ നിലത്ത് വിത്ത് എറിയുന്നു. രാവും പകലും, അയാൾ ഉറങ്ങുമ്പോഴും, ഉണർന്നിരിക്കുമ്പോഴും, വിത്ത് മുളച്ചു വളരുന്നു, എങ്ങനെയെന്ന് അയാൾക്ക് അറിഞ്ഞു കൂടാ. ഭൂമി ആദ്യം മുളയും, പിന്നെ കതിരും അതിനുശേഷം കതിരിൽ ധാന്യമണിയും ഉല്പാദിപ്പിക്കുന്നു. എന്നാൽ ധാന്യം വിളഞ്ഞാൽ ഉടൻ തന്നെ അയാൾ കൊയ്യുന്നു. കാരണം, കൊയ്ത്തു കാലമായിരിക്കുന്നു' (മർക്കോസ് 4 :26-29). തന്റെ വിളകൾ മൂത്തു പാകമാകുന്നതിനായി കാത്തിരിക്കുന്ന ഒരു കർഷകനോടും തന്റെ വയലിനോടും ദൈവാരാജ്യത്തെ യേശു ഉപമിച്ചിരിക്കുന്നു. കൊയ്ത്തുകാലത്തു കർഷകർ ശ്രദ്ധിക്കുന്ന രണ്ടു പ്രധാന

കതിരുകൾ പാകമാകാത്ത അവസ്ഥയിൽ കർഷകൻ കൊയ്ത്തിനു മുതിരുകയില്ല. ആയതുപോലെ ദൈവജനം ആത്മിക പക്വത പ്രാപിക്കാതെയിരുന്നാൽ കർത്താവിന്റെ വരവിനു താമസം നേരിടാം.

സംഗതികളാണ് വിളയുടെ അളവും ഗുണമേന്മയും. മുപ്പതു വർഷത്തിലധികം ഞങ്ങൾ കിഴക്കൻ അയോവയിൽ താമസിച്ചിരുന്നു. ചില ചോളവയലുകളിലും, സോയാബീൻ വയലുകളിലും ധാന്യ മണികൾ കരുത്തോടെ മുളച്ചു വന്നു എങ്കിലും താപനിലയിലെ അസാധാരണമായ ഉയർച്ച താഴ്ചകളും, മഴയുടെ അപര്യാപ്തതയും നിമിത്തം വളർച്ച മുരടിച്ചു പരാജയപ്പെടുകയുണ്ടായി. കതിരിൽ പാകമായ മണികൾ ഇല്ലാതിരുന്നതിനാൽ ആ അവസ്ഥയിൽ കർഷകർ നിലങ്ങൾ ഉഴുതു അവ നശിപ്പിച്ചു കളഞ്ഞു.

കതിരുകൾ പാകമാകാത്ത അവസ്ഥയിൽ കർഷകൻ കൊയ്ത്തിനു മുതിരുകയില്ല. ആയതു പോലെ ദൈവജനം ആത്മിക പക്വത പ്രാപിക്കാതെയിരുന്നാൽ കർത്താവിന്റെ വരവിനു താമസം നേരിടാം. ക്രിസ്തുവിന്റെ സമ്പൂർണ്ണത യായ പ്രായത്തിന്റെ അളവ് പ്രാപിക്കുക എന്നതാ ണ് ദൈവം പരിഗണിക്കുന്ന സുപ്രധാനമായ കാര്യം.

എന്നാൽ യേശു പറഞ്ഞത് ശ്രദ്ധിക്കുക. ധാന്യം വിളയുമ്പോൾ കൊയ്ത്തായതു കൊണ്ട് അവൻ ഉടനെ അരിവാൾ വയ്ക്കുന്നു. ക്രിസ്തുവിന്റെ മടങ്ങിവരവ് ഇന്ന ദിവസം ഇന്ന നാഴിക എന്ന് വെളിപ്പെടുത്തിയിട്ടില്ല; സഭ ക്രിസ്തുവിന്റെ നിറവിനോളം നിറഞ്ഞുവരുന്ന അക്കാലയളവിൽ സംഭവിക്കുന്ന അന്ത്യകാല സംഭവങ്ങളുടെ ചുരുളഴിയുന്ന സൂചനയാണ് വചനം നൽകുന്നത്. ദൈവം സമയമല്ല മറിച്ചു വിളവ് പാകമായോ എന്നാണ് ശ്രദ്ധിക്കുന്നത്.

ആത്മീക പക്വത എങ്ങനെ വിലയിരുത്താം അഥവാ തിരിച്ചറിയാം? ക്രിസ്തുവിനെ അനുസരിക്കുന്നതിനായി, ദൈവത്തിന്റെ പരിജ്ഞാനത്തിനു വിരോധമായി നമ്മിൽ ഉയർന്നു വരുന്ന സകല ചിന്തകളെയും പിടിച്ചടക്കുവാൻ കഴിയുന്നതിലൂടെ ആത്മിക പക്വത പ്രാപിച്ചുവോ എന്ന് തിരിച്ചറിയാം (2 കൊരിന്ത്യർ 10 :5). ഞാൻ ചെയ്യുന്ന പ്രവൃത്തി എന്നിൽ വിശ്വസിക്കുന്നവനും ചെയ്യും (യോഹന്നാൻ 14:12). അതായത് യേശു ചിന്തിക്കുന്നതു പോലെയും പ്രതികരിക്കുന്നതു പോലെയും വിശ്വാസത്താലും കൃപയാലും ചെയ്തു തുടങ്ങുമ്പോൾ ആത്മീക പക്വതയിലേക്കു വളരുകയാണ് എന്നു തിരിച്ചറിയാം.

സർവ്വശക്തനായ ദൈവത്തിന്റെ ഹൃദയത്തിൽ തന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിക്കണം എന്ന നിർണ്ണയം അനാദിയിൽ, സമയം കണക്കാക്കപ്പെടുന്നതിനു മുൻപു തന്നെ ഉണ്ടായിരുന്നു. തെറ്റിപ്പോകുന്ന മനുഷ്യനോട് കോപത്തോടെ പ്രതികരിക്കുക എന്നത് ദൈവത്തിന്റെ പ്രഥമ പരിഗണന ആയിരുന്നില്ല. നമ്മുടെ പകരക്കാരനായി ശിക്ഷ വഹിച്ചുകൊണ്ട് നമ്മെ ക്രിസ്തുവിനോട് അനുരൂപരാക്കുക എന്നതായിരുന്നു ദൈവത്തിന്റെ പ്രഥമ പരിഗണന. 'ഇനി ജീവിക്കുന്നത് ഞാനല്ല ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു' (ഗലാത്യർ 2 :20). നാം ക്രിസ്തുവിൽ വസിക്കുമ്പോൾ ക്രിസ്തു വാസ്തവമായും നമ്മെ തിരഞ്ഞെടുത്തു നമ്മിൽ വസിച്ചുകൊണ്ടു നമ്മെ ആത്മിക പക്വതയിലേക്കു നടത്തുകയാണ് ചെയ്യുന്നത്. ഇപ്രകാരം ക്രിസ്തുവിനോട് സമന്മാരായി രൂപാന്തരം പ്രാപിക്കുന്നതാണ് കൊയ്ത്തിനു പാകമാകുന്ന നിറഞ്ഞ ധാന്യമണികൾ.

'ജാതികളുടെ പൂർണ സംഖ്യ ചേരുവോളം' (റോമർ 11:25) എന്ന പ്രയോഗത്തിൽ നിന്ന് ദൈവം ലക്ഷ്യമാക്കുന്നതു ഒരു നിശ്ചിത സംഖ്യ ആയിരിക്കും എന്നാണ് വളരെകാലങ്ങളായി അനേകരും ധരിച്ചിരിക്കുന്നത്. തീർച്ചയായും രക്ഷിക്കപ്പെടുന്നവരുടെ സംഖ്യ വളരെ പ്രധാനപ്പെട്ടതു തന്നെയാണ്. എന്നാൽ സംഖ്യയുടെ തികവിനേക്കാൾ ക്രിസ്തുവിനോട് അനുരൂപരാകുന്ന ആത്മിക നിറവിനാണ് സർവശക്തനായ ദൈവം മുൻഗണന കൊടുക്കുന്നത്.

ഓ, ഇപ്പോൾ 2020 ആയല്ലോ, എന്നു ചിന്തിച്ചുകൊണ്ട് ദൈവം കലണ്ടർ നോക്കുന്നില്ല. ഇന്ന തീയതിക്ക് ലോകത്തെ നശിപ്പിക്കേണ്ട താണല്ലോ എന്നു അവിടുന്ന് ചിന്തിക്കുന്നില്ല. *ഒരു കർഷകനും തന്റെ വയലിലൂടെ നടന്നു കതിരുകൾ പരിശോധിക്കാതെയും അതിന്റെ ഗുണനിലവാരം നോക്കാതെയും വിളവ് കൊയ്തെടുക്കുവാൻ തയ്യാറാവുകയില്ല. പൂർണമായും വിളഞ്ഞു എന്നു ബോധ്യപ്പെട്ടതിനു ശേഷമേ കൊയ്ത്തു ആരംഭിക്കയുള്ളു.* വിളവിന്റെ തികവു എന്നത് മാത്രമാണ് കൊയ്ത്തിന്റെ സമയം നിശ്ചയിക്കുന്നതിനുള്ള നിർണ്ണായക ഘടകം.

ആത്മിക അപക്വതയിൽ ഇന്ന് അനേക ക്രിസ്ത്യാനികളും തണുത്തുറഞ്ഞിരിക്കുകയാണ്. അവർ വേഗത്തിൽ ഇടറിപ്പോവുകയും ലക്ഷ്യത്തിൽ നിന്ന് വഴുതിമാറി പ്രാർഥനയും ആത്മിക അച്ചടക്കവും നഷ്ടപ്പെട്ടവരായിത്തീരുകയും ചെയ്യുന്നു. ലക്ഷ്യ ബോധമില്ലാതെ ഏതുവിധേനയും തുടർന്നാൽ മതി എന്നു നാം ചിന്തിക്കുന്നു

ശേഷം പേജ് 28 ▶



ചെയ്സ് ജോസഫ്

പാപത്തെ ജയിക്കുക

ക്രിസ്തീയ സ്നാനം നമുക്ക് മനസ്സിലാക്കി തരുന്ന ആത്മീയ സത്യങ്ങൾ ആണ് ഈ വാക്യങ്ങളിൽ എല്ലാം നാം കാണുന്നത്. സ്നാനം എന്ന വിഷയമല്ല ഇവിടുത്തെ പ്രധാന പ്രതിപാദ്യം; പാപത്തെ ജയിക്കുക എന്നതാണ്. പാപത്തെ ജയിക്കാൻ എന്താണ് ചെയ്യേണ്ടത്? മുറുകെ പറ്റുന്ന മലിനതകളെ നീക്കാൻ നമ്മുടെ തീരുമാനങ്ങൾക്കോ വ്രതങ്ങൾക്കൊ കഴിയുകയില്ല. അതിനു ഒരു വലിയ കഴുകൽ ആവശ്യമാണ്. യേശുവിന്റെ മരണത്തിന്റെ പങ്കാളിത്തം എന്നത് നമ്മുടെയും മരണം ആണ്. ആ മരണം സംഭവിക്കാതെ നമുക്ക് നമ്മെ വിടാതെ പിന്തുടരുന്ന പാപക്കറകളിൽ നിന്ന് മോചനം സാധ്യമല്ല. യേശുവിന്റെ കൂടെയുള്ള നമ്മുടെ മരണം അല്ലെങ്കിൽ അവന്റെ മരണത്തോടുള്ള നമ്മുടെ പങ്കാളിത്തം പാപത്തോടുള്ള ജയം ആണ്. ആറും ഏഴും വാക്യങ്ങൾ സൂചിപ്പിക്കുന്നത് പാപത്തെ ജയിക്കാൻ വേണ്ടി നമ്മുടെ പഴയ പ്രകൃതത്തോടുള്ള നമ്മുടെ മരണം ആണ്. ഈ വാക്യങ്ങൾ നമ്മെ പഠിപ്പിക്കുന്നത് വളരെ അഗാധമായ സുവിശേഷ സത്യങ്ങൾ ആണ്. യേശുവിന്റെ മരണത്തിലുള്ള പങ്കാളിത്തം നമുക്കു നൽകുന്നത് അവന്റെ പുനരുത്ഥാനത്തിൽ ഉള്ള പങ്കാളിത്തം കൂടെ ആണ്.

നമുക്ക് ഈ വാക്യങ്ങളെ ആധാരമാക്കി വീണ്ടുംജനനം എന്താണെന്നും പാപത്തിൽ നിന്നുള്ള ആത്യന്തികമായ വിജയം എങ്ങനെ ലഭിക്കുന്നു എന്നും മനസ്സിലാക്കാൻ ശ്രമിക്കാം.

ഇവിടെ നാം മനസ്സിലാക്കേണ്ട ചില അടിസ്ഥാന കാര്യങ്ങൾ ഇവയാണ്.

1. യേശുക്രിസ്തുവിന്റെ മരണം, പുനരുത്ഥാനം.
2. യേശുക്രിസ്തുവിന്റെ മരണത്തിലും പുനരുത്ഥാനത്തിലും ഉള്ള നമ്മുടെ പങ്കാളിത്തം.
3. പാപത്തിന്റെ അടിമത്തത്തിൽ നിന്നുള്ള എന്നെന്നേക്കുമായുള്ള വിടുതൽ.
4. പുതിയ ജീവനിൽ ഉള്ള നടത്തം

ഈ അടിസ്ഥാന സത്യങ്ങൾ നാം മനസ്സിലാക്കുന്നത് നമ്മുടെ വീണ്ടുംജനനം എന്ന അനുഭവം പരിശോധിക്കുന്നതിനും വിശുദ്ധിയിൽ തികഞ്ഞവരായി മാറാനുള്ള വിളി പൂർത്തീകരിക്കുന്നതിനും വളരെ നിർണ്ണായ കമാണ്. കാരണം ക്രിസ്തീയ ജീവിതത്തിന്റെ പൂർണ്ണമായ സത്യങ്ങൾ എല്ലാം അടങ്ങിയിരി ക്കുന്നത് യേശുവിന്റെ മരണ പുനരുത്ഥാന ത്തിലും അതിനോടുള്ള നമ്മുടെ ഏകീഭാവ ത്തിലും ആണ്. സ്നാനവും കർത്തൃമേശയും നമ്മുടെ അനുദിന ആരാധനയും എല്ലാം വിരൽ ചൂണ്ടുന്നത് ഈ അടിസ്ഥാന സത്യത്തിലേ ക്കാണ്. അത് കൊണ്ടാണ് പൗലോസ് കൊരിന്ത്യ ലേഖനത്തിൽ ഇങ്ങനെ പറയുന്നത്. ക്രൂശിക്ക പ്പെട്ടവനായ യേശുക്രിസ്തുവിനെ അല്ലാതെ മറ്റൊന്നും അറിയാത്തവനായി നിങ്ങളുടെ ഇടയിൽ ഇരിക്കേണം എന്നു ഞാൻ നിർണ്ണയിച്ചു (1 കൊരിന്ത്യർ 2:2). അത് മാത്രം മതിയോ എന്ന് നാം ഒരു പക്ഷെ ചോദിക്കാം. അത് മാത്രം മതി എന്നതാണ് അതിന്റെ ഉത്തരം. ബൈബിളി ലെ ഏത് വചനവും, ഉപദേശവും, യേശുക്രിസ്തുവിന്റെ ക്രൂശിലേക്കു എത്തിക്കുന്നതാണ്.

നമുക്ക് മുൻപേ പറഞ്ഞ നാല് കാര്യങ്ങളെ ചെറുതായി ഒന്ന് മനസ്സിലാക്കാൻ ശ്രമിക്കാം.

1. യേശുക്രിസ്തുവിന്റെ മരണവും പുനരുത്ഥാനവും.

യേശുക്രിസ്തുവിന്റെ ക്രൂശു മരണം നമ്മുടെ പാപങ്ങൾക്ക് പരിഹാരം വരുത്തുവാൻ ആയിരുന്നു. നമുക്ക് ലഭിക്കേണ്ടിയിരുന്ന ശിക്ഷ അവന്റെ മേൽ ആവുകയും, നാം മരിക്കേണ്ടിയിരുന്ന മരണം അവൻ മരിക്കുകയും ചെയ്തു. യേശുക്രിസ്തുവിന്റെ മരണത്തിൽ രണ്ടു കാര്യങ്ങൾ ആണ് സംഭവിച്ചത്. ഒന്നാമതായി, നമ്മുടെ പാപങ്ങളുടെ ശിക്ഷ നീക്കം ചെയ്യപ്പെടുന്നു എന്ന വലിയ ആശ്വാസവും സന്തോഷവും ആണ് ക്രൂശ് നൽകുന്നത്. ഒരുവൻ എല്ലാവർക്കും വേണ്ടി മരിച്ചിരിക്കെ എല്ലാവരും മരിച്ചു എന്ന് 2 കൊരിന്ത്യലേഖനം 5:14 പറയുന്നു. ഇനി നാം മരിക്കേണ്ടതില്ല എന്നതാണ് ആ വലിയ ആശ്വാസം. നമ്മുടെ പാപത്തിന്റെ ശിക്ഷ ക്രൂശിൽ കഴിഞ്ഞു പോയതായി നാം മനസ്സിലാക്കുന്നു. നാം മരണത്തിൽ നിന്ന് ജീവനിലേക്കു പ്രവേശിച്ചിരിക്കുന്നു. രണ്ടാമതായി, യേശു തന്റെ മരണത്തോളം ഉള്ള അനുസരണത്തോടെ ദൈവീക നീതി സ്ഥാപിക്കുക ആയിരുന്നു. ക്രൂശിലെ മരണം എന്ന ഒരു ഒറ്റ അനുസരണം യേശു ഈ ലോക ജീവിതകാലം മുഴുവൻ പിതാവിനോട് കാണിച്ച അനുസരണത്തിന്റെ പൂർത്തീകരണം ആയിരുന്നു. അനുസരിക്കാതെ, ദൈവത്തിന്റെ നീതിയെ മറിച്ചു കളഞ്ഞിട്ടു നന്മതിന്മകളിൽ അടിസ്ഥാനപ്പെട്ട ദേഹിയുടെ പ്രമാണം സ്ഥാപിക്കുകയാണ് ഒന്നാമത്തെ ആദം ചെയ്തത്. എന്നാൽ യേശുക്രിസ്തു, ശ്രദ്ധാപൂർണ്ണമായ അനുസരണത്തിലൂടെ ക്രൂശിൽ തന്നെത്താൻ ഏൽപ്പിച്ചു കൊടുത്തത് വഴി ദൈവ നീതിയെ പൂർത്തിയാക്കി. അങ്ങനെ യേശുവിന്റെ മരണം രണ്ടു കാര്യങ്ങൾ നമുക്ക് നേടിത്തന്നു. ഒന്ന് പാപത്തിന്റെ ശിക്ഷയിൽ നിന്നുള്ള വിടുതൽ, രണ്ട്, നമുക്ക് അനുസരിക്കാൻ വേണ്ടി, പൂർത്തിയായ ദൈവ നീതിയുടെ മാറ്റാൻ പറ്റാത്ത വ്യവസ്ഥ.

യേശുക്രിസ്തുവിന്റെ പുനരുത്ഥാനം നമുക്ക് നൽകുന്ന ചില വാഗ്ദത്തങ്ങൾ ഉണ്ട്. അതിൽ ഏറ്റവും അടിസ്ഥാനമായതും നാം ആദ്യം മനസിലാക്കേണ്ടതും പിതാവ് യേശുക്രിസ്തുവിന്റെ യാഗത്തെ അംഗീകരിച്ചു എന്ന കാര്യം ആണ്. അത് നമുക്ക് വളരെ പ്രധാനം ആണ്. യേശു നമുക്ക് വേണ്ടി മരണം സഹിച്ചത്, നീതി പൂർത്തിയാക്കിയത്, ദൈവം അംഗീകരിച്ചു എന്നാണ് ആ പുനരുത്ഥാനത്തിന്റെ അർഥം. യേശുക്രിസ്തു, അപ്പോസ്തലനും മഹാപുരോഹിതനും എന്ന അധികാരത്തിൽ, നമുക്ക് വേണ്ടി ചെയ്ത യാഗത്തെ പിതാവ് അംഗീകരിച്ചത്, ആ യാഗം നമുക്ക് ഫലപ്രദം ആയിത്തീർന്നു എന്ന് തെളിയിക്കുന്നു. അപ്പോൾ ക്രിസ്തുവിന്റെ യാഗത്താൽ ആരെല്ലാം വിശ്വാസത്തിലൂടെ ഗുണഭോക്താക്കൾ ആയിട്ടുണ്ടോ അവർ എല്ലാവരും പിതാവിനാൽ അംഗീകരിക്കപ്പെട്ടു എന്ന് അർഥം. അതുപോലെ രണ്ടാമതായി, യേശുക്രിസ്തുവിന്റെ പുനരുത്ഥാനം ആണ് പരിശുദ്ധാത്മാവിനെ നമുക്ക് ലഭിക്കാനും ക്രിസ്തുവിന്റെ ജീവന്റെ പുതുക്കം അനുഭവിക്കുവാനും അവസരം നൽകുന്നത്. പുനരുത്ഥാനം ഒരു വലിയ വാഗ്ദത്തമാണ് നമുക്ക് നൽകുന്നത്. മരണത്തിന്റെ തിരശീലയ്ക്കു അപ്പുറത്തേയ്ക്ക് കടക്കുന്ന നിത്യമായ പ്രത്യാശയിൽ നങ്കൂരം ഉറപ്പിക്കുന്ന ഒരു വാഗ്ദത്തം ആണ് അത്. നാം മരിച്ചാലും ജീവിക്കും എന്ന ഉറപ്പാണ് നമ്മുടെ രക്ഷയുടെ അടിസ്ഥാനം. എന്നാൽ റോമാ ലേഖനത്തിൽ നാം കാണുന്ന പുനരുത്ഥാനം പ്രത്യേകമായി ജീവന്റെ പുതുക്കത്തിൽ നാം നടക്കേണ്ടതിന്റെ ആവശ്യകത ആണ് കാണിക്കുന്നത്.

2. യേശുക്രിസ്തുവിന്റെ മരണപുനരുത്ഥാനങ്ങളിൽ നമുക്കുള്ള പങ്കാളിത്തം.

പാപ ജഡത്തെ നിർവീര്യമാക്കുവാൻ ഒരു വഴി മാത്രമേ ഉണ്ടായിരുന്നുള്ളു; മരണം! നാം നേരത്തെ കണ്ടത് പോലെ ഓരോ പാപിയും മരിക്കേണ്ടതാണ്. അതാണ് ദൈവ നീതി. ആ നീതിയെ മറിച്ചു കളയാൻ സാധ്യമല്ല. മരണ ശിക്ഷ നമുക്കു നിശ്ചയമായിരുന്നതുകൊണ്ട് പാപജഡത്തെ വെറുതെ വിടാനോ അതിനോട് ക്ഷമ കാണിക്കാനോ ദൈവത്തിന്റെ നീതി അനുവദിക്കുന്നില്ല. ജഡത്തിൽ ജീവിക്കുന്ന ആർക്കും ദൈവരാജ്യത്തിൽ പ്രവേശിക്കാനും സാധിക്കുകയില്ല. അത് കൊണ്ട് പാപ ജഡം നീക്കം ചെയ്യപ്പെടേണ്ടത് ആവശ്യം ആയിരുന്നു. അതാണ് ക്രൂശിലെ മരണത്തിൽ നമുക്ക് പങ്കാളിത്തം നൽകുന്നതിലൂടെ കർത്താവു സാധിക്കുന്നത്. പാപത്തിൽ നിന്നുള്ള നമ്മുടെ രക്ഷ ആ ക്രൂശിലെ പങ്കാളിത്തത്തിലൂടെ ആണ് ലഭിക്കുന്നത്. ആറാം വാക്യം നാം വായിക്കുമ്പോൾ നമുക്ക് ലഭിച്ച ശുദ്ധീകരണം എന്താണെന്ന് വ്യക്തമാകുന്നു. നാം ഇനി പാപത്തിനു അടിമ ആകാതെ ഇരിക്കേണ്ടതിനു' എന്നത് പാപജഡത്തിന്റെ കീഴിലുള്ള അടിമത്തത്തെ ആണ്

സൂചിപ്പിക്കുന്നത്. ഏഴാം അധ്യായത്തിൽ പൗലോസ് ഈ അടിമത്തത്തെ വിശേഷമായി വിവരിക്കുന്നുണ്ട്. നമ്മുടെ പാപ ശരീരം അവനോടു കൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു. ഇപ്പോൾ നാം ഓരോ തീരുമാനം എടുക്കുന്നത് അനുസരിച്ചു കർത്താവു നമ്മോടു കൂടെ വന്നു ക്രൂശിക്കപ്പെടുകയല്ല. അവൻ ഒരിക്കലായി ക്രൂശിൽ തന്നെത്താൻ അർപ്പിക്കുകയും അവന്റെ മുന്നറിവിനാൽ അവനിൽ വിശ്വസിക്കുന്നവർക്ക് അത് മുൻകൂർ നൽകുകയും ആയിരുന്നു. എന്നാൽ ഇത് നമുക്ക് അനുഭവം ആകുന്നത് നാം വിശ്വാസത്താൽ സ്നാനത്തിലൂടെ ആ മരണത്തിന്റെ പങ്കാളിത്തത്തിലേക്ക് നടക്കുമ്പോൾ ആണ്.

3. പാപത്തിന്റെ അടിമത്തം എന്താണ്?

പാപത്തിന്റെ അടിമ പാപം ചെയ്തു കൊണ്ട് തന്നെ ഇരിക്കും. അടിമത്തം എന്ന വാക്കു സൂചിപ്പിക്കുന്നത് നിസ്സഹായത ആണ്. ഒരു സാധാരണ തൊഴിലാളിയെ പോലെ അല്ല ഒരു അടിമ. തൊഴിലാളിയെ സംബന്ധിച്ച് അവൻ ഏതു ജോലി എടുക്കണം എന്നത് ഒരു പരിധി വരെ അവന്റെ തീരുമാനം തന്നെ ആണ്. എന്നാൽ അടിമയെ സംബന്ധിച്ച് അങ്ങനെ അല്ല. പാപത്തിന്റെ അടിമ പാപം ചെയ്തേ പറ്റൂ. അവനു സ്വയ നിശ്ചയത്താൽ ഒഴിയാൻ കഴിയില്ല. അത് കൊണ്ട് തന്നെ ആ അടിമത്തത്തിൽ നിന്ന് അവനെ രക്ഷിക്കാൻ ഒരു രക്ഷകൻ ആവശ്യമായിരുന്നു. യേശുവിന്റെ കൂടെയുള്ള മരണത്താൽ നാം ആ പാപ ശരീരത്തിന്റെ നിയന്ത്രണത്തിൽനിന്നും രക്ഷപെടുകയായിരുന്നു. *പാപത്തിന്റെ അടിമത്തം എന്ന് പറയുന്നത് ആത്മാവിനാൽ ഉള്ള ജീവൻ പ്രാപിക്കാത്ത എല്ലാവരുടെയും അവസ്ഥ ആണ്.* യേശു ക്രിസ്തു കാൽവറി ക്രൂശിൽ മരിച്ചപ്പോൾ ലോകത്തുള്ള എല്ലാവരും പാപത്തിന്റെ അടിമത്തത്തിൽ നിന്ന് രക്ഷപെട്ടു എന്നും ഇനി ആര് രക്ഷപെടും എന്നത് അവരവരുടെ ചോയ്സ് ആണെന്നും ഉള്ള ഒരു വിശ്വാസം ഇന്ന് പ്രബലമാണ്. ഇത് ഒറ്റ നോട്ടത്തിൽ വളരെ ലളിതമായ ഒരു വിശ്വാസ സത്യം ആണെന്നുതോന്നാം. എന്നാൽ അത് രക്ഷയുടെ യഥാർത്ഥ മഹത്വം മനുഷ്യ തീരുമാനങ്ങളിലേക്കു ചുരുക്കുകയാണ് ചെയ്യുന്നത്. ഇത് അനുസരിച്ചു ദൈവം എല്ലാവർക്കും രക്ഷ ഒരുക്കി വയ്ക്കുക മാത്രം ആണ് ചെയ്യുന്നത്. ആരെയും പ്രത്യേകമായി തെരഞ്ഞെടുക്കുകയോ രക്ഷിക്കുകയോ ചെയ്യുന്നില്ല, വിശ്വസിക്കുന്നവരെ പോലും. ഇതിൽ ഒരു ലോജിക്കിന്റെ പ്രശ്നം

അതുകൊണ്ട് വിശ്വസിക്കുന്നവരിൽ മാത്രം ആണ് യേശുക്രിസ്തുവിന്റെ ക്രൂശിലൂടെ ഉള്ള ഏതെങ്കിലും ഒരു കൃപ വ്യാപരിക്കുന്നത്.

കൂടെ ഉണ്ട്. അതായത് ഒരാൾക്ക് ഒരു കടം വീട്ടാൻ ഉണ്ട് എന്നിരിക്കട്ടെ. വേറെ ഒരാൾ വന്നു അയാളുടെ കടം വീട്ടുന്നു. പക്ഷെ ഇത് കടമുള്ളയാൾ അറിയുന്നില്ല. പക്ഷെ അവസാനം ഈ വീട്ടിയ ആൾ തന്നെ കടമുള്ള ആളെ വിധിക്കുന്നു. കടം വീട്ടിയിട്ടില്ല എന്നതിനാൽ. ഈ ലോജിക്കൽ പ്രശ്നത്തിൽ നിന്നാണ് സാർവത്രിക രക്ഷ എന്ന ദുരുപദേശം ഉണ്ടായത്. യേശു ക്രിസ്തു ലോകത്തിലെ എല്ലാ പാപികളുടെയും കടം ക്രൂശിൽ വീട്ടിയോ? അങ്ങനെ എങ്കിൽ ഒരാൾ അത് അറിഞ്ഞില്ലെങ്കിൽ പോലും, നിത്യ ന്യായവിധി നാളിൽ അവനു ഒരു കടവും വീട്ടാൻ ഉണ്ടാവില്ലല്ലോ എന്ന് അവർ വാദിക്കുന്നു അതുകൊണ്ട് വിശ്വസിക്കുന്നവരിൽ മാത്രം ആണ് യേശുക്രിസ്തുവിന്റെ ക്രൂശിലൂടെ ഉള്ള ഏതെങ്കിലും ഒരു കൃപ വ്യാപരിക്കുന്നത്. ആരുടേയും ഒരു അടിമത്തവും ഓട്ടോമാറ്റിക് ആയി മാറുന്നില്ല. അതാണ് യാഥാസ്ഥിതിക ക്രിസ്തീയ ഉപദേശം.

പാപത്തിന്റെ അടിമത്തം എന്നാൽ എന്താണ് എന്ന് മനസ്സിലാകാത്തത് കൊണ്ടാണ് പലപ്പോഴും അങ്ങനെ ചിന്തിക്കുന്നത്. ആത്മാവ് ഇല്ലാത്ത അവസ്ഥയിൽ ആർക്കും ദൈവീക ജീവൻ ഇല്ല. അവരുടെ ജഡം യാതൊന്നിനും ഉപകാരപ്പെടുന്നില്ല. ദൈവീക ജീവൻ ഒരാളിൽ വ്യാപാരിക്കുന്നില്ലെങ്കിൽ അവൻ പാപത്തിന്റെ അടിമ തന്നെ ആണ്. ദൈവത്തിന്റെ വചനവും, കർത്താവു നമുക്ക് നൽകുന്ന പുനർജനന സ്നാനവും (more correctly translated in English as the 'washing of regeneration) ആത്മാവിന്റെ നവീകരണവും ആണ് ഒരാളെ അടിമ ജീവിതത്തിൽ നിന്ന് രക്ഷിക്കുന്നത്. ക്രൂശിലൂടെ മനുഷ്യർക്ക് നൽകപ്പെടുന്ന എല്ലാ അനുഗ്രഹങ്ങളും വിശ്വാസത്തിലൂടെ ആണ് ലഭിക്കുന്നത്. അടിമച്ചങ്ങല പൊട്ടുന്നതും വിശ്വാസത്താൽ ക്രിസ്തുവിന്റെ മരണത്തിൽ പങ്കാളി ആവുമ്പോൾ മാത്രമാണ്. ■



ഡോ. സുജിത്ത് സൈമൺ



മാതാപിതാക്കൾ നല്ല മാതൃക കാഴ്ച വെക്കണം

മകനേ, അപ്പന്റെ പ്രബോധനം കേൾക്ക, അമ്മയുടെ ഉപദേശം ഉപേക്ഷിക്കയും അരുത് (സദൃശ്യവാക്യം 1: 8).

മാതാപിതാക്കൾ ഇന്ന് നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി എങ്ങനെ മക്കളുടെ മുമ്പിൽ ഒരു മാതൃകാ വ്യക്തിയായി മാറും എന്നതാണ്. അറിഞ്ഞോ അറിയാതെയോ ഓരോ കുട്ടിയും അവന്റെ മാതാപിതാക്കളെ തന്നെയാണ് അനുകരിച്ചു കൊണ്ടിരിക്കുന്നത്. കുട്ടികൾക്ക് സ്വന്തം പ്രതിബിംബം കാണാനുള്ള കണ്ണാടിയാണ് മാതാപിതാക്കന്മാർ. മക്കളെ നേരായ വഴിക്കു നടത്തുവാൻ സഹായിക്കുന്നത് മാതാപിതാക്കളുടെ ജീവിത മാതൃകയും കണ്ണീരോടെയുള്ള പ്രാർഥനയുമാണ്. കുട്ടികളെ നേർവഴിക്കു നയിക്കുക എന്ന ഉത്തരവാദിത്വത്തിൽ നിന്നും മാതാപിതാക്കൾക്ക് ഒരിക്കലും ഒഴിഞ്ഞുമാറാനാവില്ല. മാതാപിതാക്കന്മാർ ചൂണ്ടു പലകകളാണ്. ഏതു വഴിയെ പോകണമെന്ന് അവർ നിർദ്ദേശിച്ചു തരുന്നു. അവ ഇല്ലാതെ വന്നാലോ? വഴി അറിയാതെ യാത്രികൻ കുഴങ്ങിപ്പോകും. എങ്ങോട്ടു തിരിയണമെന്നറിയാതെ ഏതു വഴിയെ പോകണമെന്നറിയാതെ നാൽക്കവലയിൽ പകച്ചു നിൽക്കുന്ന യാത്രികനെപ്പോലെയാണ് പല കുട്ടികളും. അതുകൊണ്ട് നല്ല വഴിയോടൊപ്പം മികച്ച ജീവിത മാതൃക കൂടി നൽകിയാലെ ഉത്തമ ലക്ഷ്യത്തിലേക്ക് മുന്നേറാൻ കുട്ടികൾ പ്രാപ്തരായിത്തീരൂ.

കുട്ടികളെ നമ്മുടെ ഇഷ്ടത്തിനൊപ്പിച്ചു വളർത്താൻ നോക്കേണ്ട. അവരുടെ താല്പര്യവും അഭിരുചിയും എന്താണെന്നു ദൈവ കൃപയിൽ ആശ്രയിച്ചുകൊണ്ട് കണ്ടു പിടിക്കാൻ അവരെ സഹായിച്ചാൽ മാത്രം മതി. കുഞ്ഞുങ്ങളെ ഞെക്കിപ്പഴുപ്പിക്കേണ്ടതില്ല. അവർ താനേ പഴുക്കട്ടെ. ഞെക്കി പഴുപ്പിച്ച പഴത്തിനു മധുരം കുറയും. താനേ പഴുത്തതിനാകട്ടെ മധുരം കൂടും. ഒരു കുട്ടിയുടെ രൂപാന്തരവും വളർച്ചയും പൂവ് വിരിയുന്നതുപോലെ പക്വതയിലേക്കുള്ള വളർച്ച സ്വാഭാവികമായിരിക്കണമെന്ന് സ്രഷ്ടാവ് ആഗ്രഹിക്കുന്നു. വെള്ളവും വെളിച്ചവും നൽകുകയാണ് നമ്മുടെ കടമ. പൂവു വിരിയുന്നില്ലല്ലോ, വിരിയുന്നില്ലല്ലോ എന്ന ഉത്കണ്ഠ വേണ്ട.

എങ്ങോട്ടു തിരിയണമെന്നറിയാതെ ഏതു വഴിയെ പോകണമെന്നറിയാതെ നാൽക്കവലയിൽ പകച്ചു നിൽക്കുന്ന യാത്രികനെപ്പോലെയാണ് പല കുട്ടികളും. അതുകൊണ്ട് നല്ല വഴിയോടൊപ്പം മികച്ച ജീവിത മാതൃക കൂടി നൽകിയാലെ ഉത്തമ ലക്ഷ്യത്തിലേക്ക് മുന്നേറാൻ കുട്ടികൾ പ്രാപ്തരായിത്തീരൂ.

സമയമാകുമ്പോൾ സ്രഷ്ടാവ് അതു വിരിയിച്ചുകൊള്ളും. നിനക്ക് ഇത്ര വയസ്സായി, നിന്റെ പ്രായക്കാരായ ഇന്നാരും ഇന്നാരും മാനസാന്തരപ്പെട്ടു സ്നാനപ്പെട്ടു എന്നൊക്കെ പറഞ്ഞ് നിർബ്ബന്ധിച്ച് അടിച്ചേൽപ്പിക്കുന്നത് ഞെക്കി പഴുപ്പിക്കലാണ്. അതുപോലെ തന്നെ വിദ്യാഭ്യാസമേഖലയിലും ഇന്ന കോഴ്സ് എന്നു പറഞ്ഞ് അടിച്ചേൽപ്പിക്കുന്നതും ഞെക്കിപ്പഴുപ്പിക്കലാണ്. എന്നാൽ അവർക്കാവശ്യമായിരിക്കുന്ന ഉപദേശവും വചനവെളിച്ചവും പകർന്നു കൊടുക്കുകയാണ് മാതാപിതാക്കളുടെ ഉത്തരവാദിത്വം.

നന്മയിലേക്കു വളരുവാനും നല്ലവരാകുവാനുമുള്ള അഭിവാഞ്ഛ ഓരോ കുഞ്ഞിന്റേയും ഉള്ളിൽ ദൈവം നിക്ഷേപിച്ചിട്ടുണ്ട്. ഒരു ചിറകു നൽകിയാണു ദൈവം കുഞ്ഞുങ്ങളെ ഭൂമിയിലേക്ക് അയച്ചിരിക്കുന്നത് എങ്കിൽ മറ്റേ ചിറക് തുന്നിപ്പിടിപ്പിക്കാനുള്ള ചുമതല ദൈവം മാതാപിതാക്കളെ ഏല്പിച്ചിരിക്കുന്നു. അമ്മ കുഞ്ഞിനെ ഉദരത്തിൽ വഹിക്കുമ്പോൾ അച്ഛൻ അതിനെ ഹൃദയത്തിൽ വഹിക്കണം. ഇങ്ങനെ അമ്മയും അച്ഛനും കൂടി ജന്മം നൽകിയ കുഞ്ഞായിരിക്കും ഏറ്റവും ആരോഗ്യമുള്ള വ്യക്തിത്വമായി തീരുന്നത്. മാതാപിതാക്കൾ തമ്മിലുള്ള ഒരുമയും സ്നേഹവും അതാണു കുട്ടികൾക്കു ലഭിക്കാവുന്ന ഏറ്റവും വലിയ സമ്മാനവും മാതൃകയും. മാതാപിതാക്കൾ തമ്മിലുള്ള അനൈക്യവും സ്പർധയും അതാണു കുട്ടികൾക്കു കിട്ടാവുന്ന ഏറ്റവും വലിയ ദുർമാതൃക. മാനസിക ഐക്യവും പരസ്പര സ്നേഹവും ബഹുമാനവും ഉള്ള മാതാപിതാക്കൾ മക്കളുടെ വളർച്ചയ്ക്ക് ഒരിക്കലും ഒരു തടസ്സമാവില്ല. മക്കൾ വളരുന്നതോടൊപ്പം അവരും വളർന്നു കൊണ്ടിരിക്കും. ജീവിതം കൊണ്ട് നല്ല മാതൃക കാണിക്കുന്ന ഇത്തരം മാതാപിതാക്കളെ മക്കൾ അതിരറ്റു സ്നേഹിക്കുകയും, അനുസരിക്കുകയും ചെയ്യും.

മക്കൾക്കു വേണ്ടി ധാരാളം പണം സമ്പാദിക്കുവാനും, അവർക്ക് ഏറ്റവും മികച്ച സൗകര്യങ്ങളൊരുക്കുവാനും വേണ്ടി പല മാതാപിതാക്കളും അഹോരാത്രം കഷ്ടപ്പെടാറുണ്ട്. എന്നാൽ നിസ്സാരങ്ങളെന്നു ബാഹ്യദൃഷ്ടിയിൽ തോന്നാവുന്ന പല കാര്യങ്ങളും അവർക്കൊരുക്കുവാൻ പല മാതാപിതാക്കൾക്കും കഴിയാറില്ല എന്നതാണ് സത്യം. മാതാപിതാക്കളുടെ സാമീപ്യവും, സ്നേഹവും വാത്സല്യവും മക്കൾ ഏറെ കൊതിക്കുന്ന കാലഘട്ടമാണ് ബാല്യവും, കൗമാരവും. പ്രോത്സാഹജനകമായ ഒരു വാക്കോ, വാത്സല്യത്തോടെയുള്ള ഒരു തലോടലോ, സ്നേഹത്തോടെയുള്ള ഒരു സ്പർശനമോ, നോട്ടമോ ഒക്കെ മാതാപിതാക്കൾ അവർക്കു വേണ്ടി ചിലവഴിക്കുന്ന ലക്ഷങ്ങളെക്കാൾ അവർ വിലമതിക്കും.

വാക്കുകളിലൂടെ മാത്രം തങ്ങളുടെ സ്നേഹം പ്രകടിപ്പിക്കുന്നവരാണ് ഭൂരിഭാഗം മാതാപിതാക്കളും.... കെട്ടിപ്പിടിക്കുവാനോ, കരം ഗ്രഹിക്കുവാനോ, തോളിൽ തട്ടുവാനോ ഒന്നിനും മടി വിചാരിക്കേണ്ട കാര്യമില്ല. ഒരു ദിവസത്തെ കാര്യക്രമത്തിനിടയിൽ ഏതാനും മണിക്കൂറുകൾ മക്കളോടൊത്ത് വ്യക്തിപരമായി ചിലവഴിക്കുവാൻ തയ്യാറാകുമ്പോൾ മക്കളും അത് വിലമതിക്കും.

വാക്കുകളിലൂടെ മാത്രം തങ്ങളുടെ സ്നേഹം പ്രകടിപ്പിക്കുന്നവരാണ് ഭൂരിഭാഗം മാതാപിതാക്കളും. മക്കൾ വലുതായില്ലേ ഇനി ഇങ്ങനെയൊക്കെ മതി എന്ന ഈ മനോഭാവമാണ് കൗമാരക്കാരായ മക്കളുള്ള പല രക്ഷിതാക്കൾക്കുമുള്ളത്. എന്നാൽ നാം നമ്മുടെ സ്നേഹം പ്രകടിപ്പിക്കുമ്പോൾ അതിൽ 15% മാത്രമെ വാക്കുകളിലൂടെ പ്രകടിപ്പിക്കാനാകൂ എന്ന യാഥാർത്ഥ്യം മനസ്സിലാക്കുക. ബാക്കി 85% സനേഹവും സ്പർശനം, നോട്ടം, ശരീരഭാഷ എന്നിവയിലൂടെയാണ് പ്രകടമാക്കപ്പെടുന്നത്. അതുകൊണ്ടു തന്നെ അവരെ കെട്ടിപ്പിടിക്കുവാനോ, കരം ഗ്രഹിക്കുവാനോ, തോളിൽ തട്ടുവാനോ ഒന്നിനും മടി വിചാരിക്കേണ്ട കാര്യമില്ല. ഒരു ദിവസത്തെ കാര്യക്രമത്തിനിടയിൽ ഏതാനും മണിക്കൂറുകൾ മക്കളോടൊത്ത് വ്യക്തിപരമായി ചിലവഴിക്കുവാൻ തയ്യാറാകുമ്പോൾ മക്കളും അത് വിലമതിക്കും. മാതാപിതാക്കളും, മക്കളും തമ്മിലുള്ള ബന്ധം ഊഷ്മളമാകുന്നതിനു പുറമെ അവർ തമ്മിൽ ഉള്ള സ്നേഹവും, ബഹുമാനവും, കരുതലും വർദ്ധിക്കുകയും ചെയ്യും.

കുടുംബത്തിൽ നിന്ന് വേണ്ടത്ര പരിഗണന കിട്ടാത്ത കുട്ടികളാണ് ആൺപെൺ ഭേദമില്ലാതെ വഴിവിട്ട ബന്ധങ്ങളിൽ ചെന്നു പെട്ടുപോകുന്നത്. മൊബൈലും, കമ്പ്യൂട്ടറുമൊക്കെ ഒരുക്കുന്ന പ്രലോഭനങ്ങളിൽ വളരെ വേഗം കുടുങ്ങിപ്പോകു

ന്നതും അത്തരക്കാർ തന്നെ. അതിനാൽ കുട്ടിയെ വേണ്ടതുപോലെ സ്നേഹിക്കുക. കുട്ടികളെ തമ്മിൽ താരതമ്യം ചെയ്യാതെ, ഓരോ കുട്ടിയും വ്യത്യസ്തരാണ് എന്ന സത്യം അംഗീകരിക്കുക. ഓരോ കുട്ടിക്കും വേണ്ടതെന്താണെന്നും ഏതളവിലാണ് അത് കൊടുക്കേണ്ടതെന്നും മാതാപിതാക്കൾ മനസ്സിലാക്കുക. ഇതിന് ഒരു കൗൺസലറുടെ സഹായം വേണ്ടി വന്നാൽ തേടുക തന്നെ വേണം.

പ്രശസ്ത മന:ശാസ്ത്രജ്ഞൻ ഡാനിയേൽ ഗോൾമാന്റെ അഭിപ്രായത്തിൽ കുട്ടികൾക്ക് വളരെ ഫലപ്രദമായി വൈകാരിക പാഠങ്ങൾ വളർച്ചയുടെ വിവിധ ഘട്ടങ്ങളിൽ ലഭ്യമാക്കണം. കുട്ടികളുടെ മാറിക്കൊണ്ടിരിക്കുന്ന ധാരണകൾക്കും, അവർ നേരിട്ടുകൊണ്ടിരിക്കുന്ന വെല്ലുവിളികൾക്കും അനുസരണമായി ഈ വൈകാരിക പാഠങ്ങൾ ആവർത്തിച്ചു നൽകുകയും വേണം. സഹാനുഭൂതി, ആത്മനിയന്ത്രണം തുടങ്ങിയ വൈകാരിക ശേഷികൾ ശൈശവാസ്ഥ മുതൽ കുട്ടികൾ ആർജ്ജിച്ചു തുടങ്ങുന്നു. കിന്റർഗാർട്ടൻ കാലഘട്ടത്തിലാണ് സാമൂഹ്യവികാരങ്ങൾ കൂടുതലും കുട്ടികൾ ഉൾക്കൊള്ളുന്നത്. അരക്ഷിത ബോധം, എളിമ, അസൂയ, അഹങ്കാരം തുടങ്ങിയ വികാരങ്ങൾ രൂപം കൊള്ളുന്നത് 5 വയസ്സുമുതലുള്ള സ്കൂൾ കാലഘട്ടത്തിലാണ്. ഈ പ്രായത്തിലാണ് കുട്ടികൾ കൂടുതൽ വിശാലമായ സാമൂഹ്യലോകത്തിലേക്ക് പ്രവേശിക്കുന്നത്. മറ്റു കുട്ടികളുമായി സുഹൃത് ബന്ധം സ്ഥാപിക്കുന്നു. സ്വന്തം വികാരങ്ങളെ നിയന്ത്രിക്കുന്നതിനും മറ്റുള്ളവരുടെ വികാരങ്ങളെ മനസ്സിലാക്കുന്നതിനും ലഘൂകരിക്കുന്നതിനും കുട്ടികൾ കഴിവു നേടുന്നു. അതിനുള്ള അവസരങ്ങൾ വീട്ടിൽ സൃഷ്ടിക്കണം. മാതാപിതാക്കളാണ് അതിനു മുൻകൈ എടുക്കേണ്ടത്. അതുകൊണ്ട് വൈകാരിക പക്വതയും ഉത്തമ സ്വഭാവവും മാതൃകാപരമായ ജീവിതവുമുള്ള ഒരു തലമുറയെ വാർത്തെടുക്കേണ്ടത് അനിവാര്യമാണ്. അതിനു മാതാപിതാക്കളുടെ നിർണ്ണായക പങ്ക് ഉൾക്കൊണ്ട് ഓരോ മാതാപിതാക്കളും നല്ല മാതൃക കാഴ്ച വെയ്ക്കണം. ▪

കുട്ടികളെ തമ്മിൽ താരതമ്യം ചെയ്യാതെ, ഓരോ കുട്ടിയും വ്യത്യസ്തരാണ് എന്ന സത്യം അംഗീകരിക്കുക.
ഓരോ കുട്ടിക്കും വേണ്ടതെന്താണെന്നും ഏതളവിലാണ് അത് കൊടുക്കേണ്ടതെന്നും മാതാപിതാക്കൾ മനസ്സിലാക്കുക.

നന്ദി പറയുന്ന സ്ഥലം

'കാ'ർമേഘവും സൂര്യപ്രകാശവും' എന്ന ഗ്രന്ഥത്തിന്റെ രചിയിതാവായ ഹന്ന ഹിഗ്ഗിൻസ് തളർച്ച ബാധിച്ച് 50 വർഷത്തോളം കിടക്കയിൽ തന്നെ ജീവിതം ചെലവിഴിച്ച ഒരു വ്യക്തിയാണ്. വളരെ ചെറിയ പ്രായത്തിൽതന്നെ ഹന്നയ്ക്ക് പിടിപെട്ട ഒരു അസ്ഥിരോഗം മൂലം കാൽപ്പാദങ്ങൾ മുറിച്ച് മാറ്റേണ്ടിവന്നു. വളരെ കഠിനമായ വേദനയിലാണ് അവർ സമയം ചെലവഴിച്ചത്. എന്നാൽ, അതിന്റെ മധ്യത്തിലും വളരെ സഹനത്തോടും സന്തോഷത്തോടും കൂടെ ജീവിച്ചുപോന്നു. അവർ ക്രിസ്തുവിൽ വേരുന്നി വിശ്വാസത്തിൽ ശക്തിപ്പെട്ട് ദൈവത്തോടു നന്ദിയുള്ള ജീവിതമാണ് നയിച്ചത്. ഹന്നയുടെ കിടക്കയുടെ അടുത്തുവരുന്ന എല്ലാവരും അനുഗ്രഹിക്കപ്പെട്ടവരായിട്ടാണു മടങ്ങിപ്പോകുന്നത്. അവർ തന്റെ കിടക്കയെ 'നന്ദി പറയുന്ന സ്ഥലം' എന്നാണു വിളിച്ചിരുന്നത്.

ഹന്നയുടെ മധ്യസ്ഥപ്രാർത്ഥനയുടെ പട്ടികയിൽ 200 റോളം സുവിശേഷപ്രവർത്തകരുടെ പേരുകളുണ്ട്. അവർ ഈ ദൈവവേലക്കാർക്കുവേണ്ടി നിരന്തരമായി പ്രാർത്ഥിച്ചു കൊണ്ടിരിക്കുന്നു. അവർ പ്രാർത്ഥിക്കുന്നതോടൊപ്പം ആ സുവിശേഷകർക്ക് പ്രോത്സാഹനമായി വർഷത്തിലൊരിക്കൽ ഓരോ കത്തെഴുതിയിരുന്നു. ഹന്ന തന്റെ പുസ്തകം എഴുതുമ്പോൾ 77 വയസ്സ് ഉണ്ടായിരുന്നു. അവർ ഇങ്ങനെ പറഞ്ഞു: 'കർത്താവിന്റെ സഹായംകൊണ്ട് എനിക്ക് ഇതു സാധിക്കുമെന്ന് തെളിഞ്ഞിരിക്കുന്നു".



അനി ചാക്കോ

ഭൗതീക അനുഗ്രഹം ദൈവപ്രസാദത്തിന്റെ മാനദണ്ഡമല്ല

ഇക്കാലത്തു പലരെയും ആശയക്കുഴപ്പത്തിലാക്കുന്ന പ്രസംഗങ്ങളും സാക്ഷ്യങ്ങളും സുലഭമാണ്. ഉത്സവപ്പറമ്പിൽ കട്ടയും പടവും വച്ച് ഒന്ന് വച്ചാൽ രണ്ടു, രണ്ടു വച്ചാൽ നാല് എന്ന് വിളിച്ചു പറയുന്ന ചൂതാട്ടക്കാരനെ പോലെയാണ് ഇങ്ങനെയുള്ളവർ ദൈവത്തെപരിചയപ്പെടുത്തന്നത്.അവർ ദൈവവചനത്തിനു നിരക്കാത്ത കാര്യമാണ് ചെയ്യുന്നത്. ദൈവവചനം ശരിയാംവണ്ണം പഠിക്കാത്തതു കൊണ്ടും പഠിപ്പിക്കാത്തതു കൊണ്ടും, ഇങ്ങനെയുള്ള ഒരുപാടു പ്രതിസന്ധി കൾ സഭകൾ നേരിടുന്നു. ഇതിനുള്ള ഏക പ്രതിവിധി ബെരോവയിലെ വിശ്വാസികൾ തിരുവെഴുത്തുകളെ ദിനംപ്രതി ശോധന ചെയ്തുവന്നതുപോലെ, തുറന്ന ഹൃദയത്തോടെ വചനം പഠിക്കുക എന്നുള്ളതാണ്.

നീണ്ട രണ്ടു വർഷങ്ങൾക്കു ശേഷമാണു സന്തോഷ് ഗൾഫിൽ നിന്നും അവധിക്കു നാട്ടിലേക്കു വന്നത്. ഒരു പുതുപ്പണക്കാരെന്റെ എല്ലാ ലക്ഷണവും തന്റെ മുഖത്തുണ്ടായിരുന്നു. തന്റെ മാതൃസഭയിൽ ആരാധനക്ക് എത്തിയപ്പോൾ, പാസ്റ്റർ പ്രത്യകം അദ്ദേഹത്തെ ക്ഷണിക്കയും സാക്ഷ്യത്തിനു അവസരം നൽകയും ചെയ്തു. ജോലിത്തിരക്ക് കാരണം സഭാ കൂട്ടായ്മകളിലോ ഇടയ്ക്കുള്ള മീറ്റിംഗുകളിലോ സംബന്ധിക്കുവാൻ പറ്റിയില്ലെങ്കിലും, ദൈവം തന്നെ മാനിച്ചുവെന്നും, ജോലിയിൽ ഉയർച്ചയും അത് നിമിത്തം സാമ്പത്തിക നന്മകളും നൽകി തന്നെ അനുഗ്രഹിച്ചു എന്നും പറഞ്ഞപ്പോൾ; പലരും സ്തോത്രവും, ഹല്ലേലുയ്യായും പറഞ്ഞാണ് ദൈവത്തെ മഹത്വപ്പെടുത്തിയത്. അടുത്തതായി സാക്ഷ്യത്തിനു എഴുന്നേറ്റത് ചില വർഷങ്ങൾക്കു മുൻപ് മാത്രം ക്രിസ്തുവിൽ വിശ്വസിച്ച രാജൻ ആയിരുന്നു. കഴിഞ്ഞ ആഴ്ചയിൽ തന്റെ ഭവനത്തിൽ വച്ച് നടന്ന ഉപവാസ പ്രാർഥനയിൽ ദൈവദാസൻ പ്രസംഗിച്ച ദൈവവചന ശുശ്രൂഷ നിമിത്തം വർഷങ്ങളായി പിണങ്ങിക്കഴിഞ്ഞിരുന്ന തന്റെ സഹോദരനടക്കം ചിലരോട്, അവരുടെ ഭവനങ്ങളിൽ ചെന്ന് ക്ഷമ ചോദിച്ചുവെന്നും, അതിനാൽ തന്റെ കുടുംബത്തിന് കിട്ടിയ വലിയ അനുഗ്രഹം സമാധാനം ആയിരുന്നു എന്നും നിറകണ്ണുകളോടെ സഭയുടെ മുൻപിൽ പ്രസ്താവിച്ചു. എന്നാൽ അധികം ആരുടെയും നാവിൽ നിന്നും സ്തുതിയുടെയും സ്തോത്രത്തിന്റെയും ശബ്ദം ഉയർന്നില്ല.

ഇവിടെ സന്തോഷും രാജനും പറഞ്ഞതു തങ്ങൾക്കു ലഭിച്ച അനുഗ്രഹങ്ങളെക്കുറിച്ചു ആയിരുന്നല്ലോ. സമ്പത്തു വർധിച്ചത് ദൈവം അനുഗ്രഹിച്ചതിന്റെ അടയാളമായി ഒരാൾ കാണുന്നു. ജീവിത സാഹചര്യങ്ങൾ

ഉത്സവപ്പറമ്പിൽ കട്ടയും പടവുംവച്ച് ഒന്ന് വച്ചാൽ രണ്ടു, രണ്ടു വച്ചാൽനാല് എന്ന് വിളിച്ചു പറയുന്ന ചൂതാട്ടക്കാരനെ പോലെയാണ് ചില പ്രസംഗ കർ ദൈവത്തെ പരിചയപ്പെടുത്തന്നത് അവർ ദൈവവചനത്തിനു നിരക്കാത്ത കാര്യമാണ് ചെയ്യുന്നത്.

സാമ്പത്തികമായി മെച്ചപ്പെട്ടതാണോ ദൈവം അനുഗ്രഹിച്ചതിന്റെ ലക്ഷണം? ഈ ലോകത്തി ലെ സമ്പന്നരുടെ പട്ടിക പരിശോധിച്ചാൽ ഭൂരിഭാഗം ആളുകളും അന്യദൈവങ്ങളെ സേവിക്കുന്നവരാ ണെന്നു കാണാം. അവരൊക്കെ രക്ഷിക്കപ്പെട്ടതു കൊണ്ടാണോ അതിസമ്പന്നരുടെ പട്ടികയിൽ എത്തിയത്? ഒരിക്കലും അല്ല. ഉത്സാഹിയുടെ കൈ സമ്പത്തുണ്ടാക്കുന്നു എന്നാണല്ലോ തിരുവചനം പറയുന്നത് (സദൃശ്യം 10: 4). ഉത്സാഹത്തോടെ പഠിച്ചവരും ബിസിനസ്സ് ചെയ്യുന്നവരും, അവർ ഏതു ജാതിയിൽ പെട്ടവർ ആണെങ്കിലും എല്ലാ കാലത്തും സമ്പത്തു വർധിപ്പിച്ചു കൊണ്ടിരിക്കും എന്നതല്ലേ സത്യം?

മക്കൾ പഠിച്ചു എഞ്ചിനീയറും ഡോക്ടറും നേഴ്സും ഒക്കെയായി വിദേശരാജ്യങ്ങളിൽ ചേക്കേറിയപ്പോൾ, ലഭിച്ച സാമ്പത്തിക ഉയർച്ചകൾ, ദൈവം തങ്ങളിൽ പ്രസാദിച്ച് അംഗീകരിച്ചതു കൊണ്ടാണെന്നു വിശ്വസിച്ചു നാം നമ്മെത്തന്നെ വഞ്ചിക്കരുത്. ദൈവം ദുഷ്ടന്മാരുടെ മേലും നല്ലവരുടെ മേലും തന്റെ സൂര്യനെ ഉദിപ്പിക്കുകയും നീതിമാന്മാരുടെ മേലും നീതികെട്ടവരുടെ മേലും മഴപെയ്യിക്കുകയും ചെയ്യുന്നുവല്ലോ. (മത്തായി 5 :45).

ദൈവം മഴയും വെയിലും നൽകുന്നത് അവർ ദൈവത്തിൽ വിശ്വസിച്ച് ദൈവവചനം അനുസരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ആണോ? ഒരിക്കലുമല്ല. അത് ദൈവം വച്ചിട്ടുള്ള ചില പൊതുനിയമങ്ങളുടെ ഭാഗമായി സംഭവിച്ചു കൊണ്ടിരിക്കുന്ന കാര്യങ്ങളാണ്. അപ്പോൾ തന്നെ രാജനെയും ദൈവം ധാരാളമായി അനുഗ്രഹിച്ചു എന്നാണല്ലോ പ്രസ്താവിച്ചത്. ഇവരിൽ ആരിലാണ് ദൈവം യഥാർത്ഥമായി പ്രസാദിച്ചത്? ആരാണ് അനുഗ്രഹിക്കപ്പെട്ടത്? ചിന്തിച്ചു കൊള്ളുക. ആഗ്രഹിച്ചതെല്ലാം, ചോദിച്ചതെല്ലാം ലഭിച്ചതു കൊണ്ട് ദൈവം പ്രസാദിച്ചു എന്ന് ധരിക്കരുത്. ദൈവം തങ്ങളെ അനുഗ്രഹിച്ചു എന്ന് ചിന്തിക്കുന്നവരിൽ പലരിലും ദൈവം പ്രസാദിച്ചിട്ടുണ്ടാവില്ല. എന്നാൽ ദൈവം പ്രസാദിച്ച എല്ലാവരും അനുഗ്രഹിക്കപ്പെട്ടവർ തന്നെ ആയിരിക്കും.

സഹോദരന്മാരേ, നമ്മുടെ പിതാക്കന്മാർ എല്ലാവരും മേഘത്തിൻ കീഴിൽ ആയിരുന്നു, എല്ലാവരും മേഘത്തിലും സമുദ്രത്തിലും സ്നാനം ഏറ്റു മോശെയോടു ചേർന്നു. എല്ലാവരും ഒരേ ആത്മീക പാനീയം കുടിച്ചു. അവരെ അനുഗമിച്ച ആത്മീക പാറയിൽ നിന്നല്ലോ അവർ കുടിച്ചത്; ആ ആത്മീക പാറ ക്രിസ്തു ആയിരുന്നു. എങ്കിലും അവരിൽ മിക്ക പേരിലും ദൈവം പ്രസാദിച്ചില്ല, അവരെ മരുഭൂമിയിൽ തള്ളിയിട്ടു കളഞ്ഞു എന്ന് നിങ്ങൾ അറിയാതിരിക്ക രുതെന്ന് ഞാൻ ആഗ്രഹിക്കുന്നു (1 കൊരിന്ത്യർ 10 :1–5).

ഇത് ആരെക്കുറിച്ചാണ് പറഞ്ഞിരിക്കുന്നത്? പഴയ നിയമ യിസ്രായേലിനെക്കുറിച്ചു തന്നെ. ദൈവത്താൽ അത്ഭുതകരമായിട്ടാണ് മരുഭൂമിയി ലൂടെ ഈ ജനം നടത്തപ്പെട്ടത്. ഇവരുടെ പിറുപിറുപ്പും വിഗ്രഹാരാധനയും, ദുർന്നടപ്പും നിമിത്തം അവരിൽ മിക്ക പേരിലും ദൈവം പ്രസാദിച്ചിരുന്നില്ല. എങ്കിലും മരുഭൂമിയിൽ തളരാതിരിപ്പാൻ തണലിനു മേഘവും, രാത്രിയിൽ വെളിച്ചത്തിനു അഗ്നിസ്തംഭവും, അവർ ചോദിച്ചപ്പോൾ കാടകളും, സ്വർഗീയ ഭോജനമായ മന്നായും ദൈവം അവർക്കു കൊടുത്തിരുന്നു. നാൽപ്പതാണ്ടു ആണ് ആ തലമുറയോടു ദൈവത്തിനു നീരസം ഉണ്ടായിരുന്നതും അവരുടെ സ്വഭാവം സഹിച്ചതും. *അവരിൽ മിക്ക പേരിലും ദൈവം പ്രസാദിച്ചില്ല എങ്കിലും അവർ ചോദിച്ചതെല്ലാം ദൈവം അവർക്കു നൽകി എന്നുള്ളത് നമ്മെ ചിന്തിപ്പിക്കട്ടെ.*

ദൈവത്തെ പ്രസാദിപ്പിക്കുവാൻ ചെയ്യണ്ടത് എന്ത് എന്ന് നമുക്ക് തിരുവെഴുത്തു ഒന്ന് പരിശോധിക്കാം. വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിക്കുവാൻ കഴിയുന്നതല്ല (എബ്രായർ 11 :6). ഏതു വിശ്വാസമാണ് ദൈവത്തെ പ്രസാദിപ്പിക്കുന്നത്? വിശ്വാസം കേൾവിയാലും, കേൾവി ക്രിസ്തുവിന്റെ വചനത്താലും വരുന്നു എന്ന് റോമർ 10:17 ൽ കാണുന്നു. അല്ലാത്ത യാതൊരു വിശ്വാസവും ദൈവത്തെ പ്രസാദിപ്പിക്കുകയില്ല. പിതാവാം ദൈവം ഭൂമിയിലേക്ക് അയച്ച തന്റെ പുത്രനായ യേശുക്രിസ്തുവിൽ വിശ്വസിക്കുന്ന പ്രവൃത്തി ദൈവത്തെ പ്രസാദിപ്പിക്കുന്നതാണ് (യോഹന്നാൻ 6:29). മറ്റുള്ളവർക്കുവേണ്ടി ഇടിവിൽ നിന്ന് പ്രാർത്ഥിക്കുന്നത് ദൈവത്തെ പ്രസാദിപ്പിക്കു ന്നതാണ് (1 തിമൊഥെയൊസ് 2 :13). നന്മ ചെയ്യുന്നതും കൂട്ടായ്മ കാണിക്കുന്നതും ദൈവത്തെ പ്രസാദിപ്പിക്കുന്ന യാഗങ്ങളാണ് (എബ്രായർ 13 :16). യേശുവിന്റെ പരസ്യ ശുശ്രൂഷ ആരംഭിക്കുന്നതിനു മുൻപ് അതുവരെയുള്ള തന്റെ

ശേഷം പേജ് 23





ബിൻസി സജി ജോർജ്

ദൈവപ്രവൃത്തി ഹന്നയിൽ

'ഹന്ന' എന്ന പേര് കേൾക്കുമ്പോൾ നമ്മുടെ മനസ്സിലേക്ക് ഓടിവരുന്ന ചിത്രം ഒരു കുഞ്ഞിനുവേണ്ടി അതിവേദനയോടെ പ്രാർഥിക്കുന്ന ഒരു സ്ത്രീയുടേതാണ്. ഹന്നയുടെ പ്രാർഥനയും സമർപ്പണവും എല്ലായ്പോഴും അനേകർക്ക് പ്രചോദനം ഏകുന്നതുമാണ്. എന്നാൽ ഇന്ന് നാം ചിന്തിക്കുന്നത് ഹന്നയുടെ ജീവിതത്തിൽ പ്രവർത്തിക്കുന്ന ദൈവത്തെക്കുറിച്ചാണ്.

ഹന്നയും അവൾക്കുവേണ്ടിയുള്ള ദൈവപ്രവൃത്തികളും.

1) **തിരഞ്ഞെടുക്കുന്ന ദൈവം – 1 ശമുവേൽ 1 : 1**

നാം ഇപ്രകാരം വായിക്കുന്നു. എഫ്രയീം മലനാട്ടിൽ രാമാഥയിം സോഫിമിൽ എൽക്കാനാ എന്നു പേരുള്ള ഒരു പുരുഷൻ ഉണ്ടായിരുന്നു. എൽക്കാനയ്ക്ക് രണ്ടു ഭാര്യമാർ ഉണ്ടായിരുന്നു. ഒരുവൾക്ക് ഹന്ന എന്നും മറ്റവൾക്ക് പെനീന്നാ എന്നും പേർ. വേദപുസ്തകം ആരംഭം മുതൽ പഠിക്കുമ്പോൾ ദൈവം സമയാസമയങ്ങളിൽ ഒരു വ്യക്തിയെ അഥവാ കുടുംബത്തെ തിരഞ്ഞെടുത്ത് തന്റെ പദ്ധതിയുടെ പൂർത്തീകരണത്തിനായി ഉപയോഗിച്ചതായി കാണുന്നു. അബ്രഹാം, മോശെ, യോശുവ എന്നിവർ ഉദാഹരണങ്ങളാണ്.

ന്യായാധിപന്മാരുടെ പുസ്തകത്തിൽ നാം ഇപ്രകാരം വായിക്കുന്നു. ജനം അവർക്കു തോന്നിയതുപോലെ നടന്നു. അവരെ മടക്കി കൊണ്ടു വരേണ്ടതിന് ദൈവം അവർക്കുവേണ്ടി ന്യായാധിപന്മാരെ എഴുന്നേൽപ്പിച്ചു. 1 ശമുവേലിൽ നാം വായിക്കുന്ന എൽക്കാനയും കുടുംബവും ദൈവത്തെ ആരാധിക്കുന്നതിലും മാനിക്കുന്നതിലും പ്രാധാന്യം കൊടുത്തിരുന്നു. ചുറ്റുപാടുകൾ മോശമായിരുന്നിട്ടും ദൈവസാന്നിധ്യത്തിനായി പ്രയത്നിച്ച കുടുംബമായിരുന്നു എല്ക്കാനയുടേത്. ഇവിടെ എല്ക്കാനയെയും ഹന്നയെയും ദൈവം തന്റെ ഉദ്ദേശ്യ നിർവ്വഹണത്തിനായി തിരഞ്ഞെടുക്കുന്നു. ഭാവിയിൽ ഒരു ന്യായാധിപനായും, പ്രവാചകനായും, പുരോഹിതനായും ഉപയോഗിക്കപ്പേടേണ്ട ശമുവേലിന്റെ മാതാപിതാക്കളാകുവാനുള്ള തിരഞ്ഞെടുപ്പ്. ശമുവേലിന്റെ അമ്മ എന്ന ഉത്തരവാദിത്വം ഏറ്റെടുത്ത് ശമുവേലിനെ ദൈവീക പദ്ധതിക്കായി ഒരുക്കാൻ ഹന്ന ആണ് ഏറ്റവും ഉത്തമം എന്ന് ദൈവം കണ്ടു.

ചുറ്റുപാടുകൾ മോശമായിരുന്നിട്ടും ദൈവസാന്നിധ്യത്തിനായി പ്രയത്നിച്ച കുടുംബമായിരുന്നു എല്ക്കാനയുടേത്. ഇവിടെ എല്ക്കാനയെയും ഹന്നയെയും ദൈവം തന്റെ ഉദ്ദേശ്യ നിർവ്വഹണത്തിനായി തിരഞ്ഞെടുക്കുന്നു.

പ്രിയ സഹോദരങ്ങളെ, ദൈവം നമ്മെയും തിരഞ്ഞെടുത്തത് ഒരു വലിയ ഉദ്ദേശ്യത്തോടു കൂടി ആണ്. ഈ ഭൂമിയിൽ ദൈവഹിതം നിറവേറ്റുവാൻ ദൈവത്തിന് എന്നെയും നിങ്ങളെയും ആവശ്യമുണ്ട്. ദൈവം നമ്മെ തിരഞ്ഞെടുത്ത്, തന്റെ

വലിയ പ്രവൃത്തിക്കായി ഉപയോഗിക്കുമ്പോൾ, അ തിന്റെ ഒരു ഭാഗം വഹിക്കുന്നത് നമ്മുടെ ജീവിത ത്തിൽ ഒരു ഭാഗ്യമല്ലേ? ദൈവഹിതം എന്തെന്ന് മനസ്സിലാക്കി തന്റെ ഉദ്ദേശ്യം നമ്മിൽ നിറവേറ്റുവാൻ നമുക്ക് സമർപ്പിക്കാം.

2) **കൃപ പകരുന്ന ദൈവം**

'ഹന്ന'എന്ന വാക്കിന്റെ അർഥം തന്നെ 'കൃപ' എന്നാണ്. ഒരുപക്ഷേ ഒരു പെൺകുഞ്ഞിനെ ലഭിച്ചപ്പോൾ ഇത് ദൈവത്തിന്റെ അനുഗ്രഹം എന്ന് പറഞ്ഞ് അവളുടെ മാതാപിതാക്കൾ ആ പേര് നൽകിയതാകാം. ലോകരക്ഷകനായ യേശു ക്രിസ്തുവിനു ഈ ഭൂമിയിലേക്കു ജന്മം നൽകു വാൻ ദൈവം തിരഞ്ഞെടുത്ത മറിയയോട് സ്വർഗ്ഗ ത്തിലെ ദൈവം പറയുന്നത് 'കൃപ ലഭിച്ചവളെ നിനക്ക് വന്ദനം' എന്നാണ്. എന്നാൽ 1 ശമുവേൽ 1: 2-ൽ ഇപ്രകാരം വായിക്കുന്നു, ഹന്നായ്ക്ക് മക്ക ളില്ലായിരുന്നു. യിസ്രായേലിൽ ആ കാലത്ത് മക്ക ളില്ലാത്ത അവസ്ഥ ഒരു ശാപം ആയിട്ടാണ് കരു തിയിരുന്നത്.

ഒരു പക്ഷേ നിങ്ങളുടെ ഇന്നത്തെ അവസ്ഥ യും ഇതുപോലെ ആയിരിക്കും. മറ്റുള്ളവർ നിങ്ങളെ നോക്കി പറഞ്ഞേക്കാം, നിന്റെ പേര് അനുഗ്രഹം എന്നാണ് എന്നാൽ എവിടെയാണ് അനുഗ്രഹത്തിന്റെ ഫലം? നീ ഒരു മച്ചിയാണ്, ഉ ണങ്ങി വരണ്ട ജീവിതാനുഭവങ്ങളിലൂടെ കടന്നു പോകുന്നവൾ. എന്നാൽ ദൈവം മാനിക്കുന്ന ഒരു അന്ത്യം ഉള്ളതിനാൽ നിരാശപ്പെടേണ്ട.

ദൈവത്തിന്റെ അനുഗ്രഹം എന്ന് നാം പറയു മ്പോൾ ഭൗതികമായ കുറെ അനുഗ്രഹങ്ങൾ മാത്ര മല്ല. ഹന്നയുടെ ജീവിതത്തിൽ അതിവേദനയിലൂ ടെ, നിന്ദയിലൂടെ, ഒറ്റപ്പെടലിലൂടെ കടന്നു പോകു മ്പോൾ, അവളെ നിലനിർത്തിയ 'ദൈവകൃപ' വലി യതാണ്. അതേ, നാം നിന്നതല്ല, ദൈവം നമ്മെ നിർത്തിയതാണ്. നിരാശയിൽ നിലംപരി ചാകാതെ നമ്മെ താങ്ങി നിർത്തുന്ന ദൈവ കൃപ, അതിനായി ദൈവത്തിന് കൃതജ്ഞതയോടെ സ്ത്രോത്രം പറയാം.

3) **അടയ്ക്കുന്ന ദൈവം**

1 ശമുവേൽ 1 : 6 -ൽ ദൈവം അവളുടെ ഗർഭം അടച്ചു എന്ന് നാം വായിക്കുന്നു. ദൈവം ആണ് അടയ്ക്കുന്നതെങ്കിൽ ഒരു പ്രത്യേക ഉദ്ദേശ്യത്തോടു കൂടിയായിരിക്കും. ഏറ്റവും നല്ലത് പുറത്തുകൊണ്ടുവരുവാൻ, നാം പൊന്നുപോലെ ശുദ്ധിയായി ദൈവത്തിന്റെ പദ്ധതിക്കായ് ഉപയോ ഗിക്കപ്പെടുവാൻ ചിലപ്പോൾ നമ്മുടെ വഴികൾ

പ്രാർത്ഥനയിൽ ഒരു വലിയ വ്യത്യാസം കാണുന്നു, 'അടിയനെ ഓർക്കയും അടിയനെ മറക്കാതെ ഒരു പുരുഷസ ന്താനത്തെ നല്കുകയും ചെയ്താൽ അടിയൻ അവനെ അവന്റെ ജീവപ ര്യന്തം യഹോവയ്ക്കു കൊടുക്കും'. പ്രാർത്ഥനയുടെ ഗതി മാറിയപ്പോൾ ഉത്തരവും വേഗത്തിൽ ലഭിച്ചു.

അടഞ്ഞു എന്നു വരാം. പ്രതിയോഗി അവളെ മുഷി പ്പിച്ചപ്പോൾ അവൾ കരഞ്ഞു, അതിവേദനയോടെ പ്രാർത്ഥിച്ചു. (desperate prayer)

4) **പ്രാർഥന കേൾക്കുന്ന ദൈവം**

1 ശമുവേൽ1:10 -ൽ അവൾ മനോവ്യസന ത്തോടെ പ്രാർത്ഥിച്ചു കരഞ്ഞു എന്ന് നാം കാ ണുന്നു. അവളുടെ പ്രാർഥനയുടെ രത്നച്ചുരുക്കം ഇതാണ്. "ദൈവമേ നീ എന്നെ ഫലപ്രാപ്തിയു ള്ളവൾ (fruitful) ആക്കണം, അതായത് മച്ചി എന്ന നിന്ദ നീക്കണം. ഹന്ന ദൈവത്തിന്റെ കരു ണയും, കൃപയും മനസ്സലിവും അറിഞ്ഞവൾ ആയിരുന്നു. അതുകൊണ്ട് തന്റെ ദു:ഖവുമായി പോകാൻ ഏറ്റവും പറ്റിയ സ്ഥലം ദൈവ സന്നി ധിയാണെന്ന് അവൾ തിരിച്ചറിഞ്ഞു. എന്നാൽ ഇപ്പോൾ അവളുടെ പ്രാർത്ഥനയിൽ ഒരു വലിയ വ്യത്യാസം കാണുന്നു, 'അടിയനെ ഓർക്കയും അടിയനെ മറക്കാതെ ഒരു പുരുഷസന്താനത്തെ നല്കുകയും ചെയ്താൽ അടിയൻ അവനെ അവന്റെ ജീവപര്യന്തം യഹോവയ്ക്കു കൊടു ക്കും'. പ്രാർത്ഥനയുടെ ഗതി മാറിയപ്പോൾ ഉത്തരവും വേഗത്തിൽ ലഭിച്ചു. വചനം ദുർലഭമാ യിരുന്ന അക്കാലത്ത് സമർപ്പണമുള്ള ഒരു ദൈവ ദാസനെയായിരുന്നു ദൈവവും ആഗ്രഹിച്ചത്. ദൈവഹിതവും പ്രാർത്ഥനയും ഒന്നായപ്പോൾ മറു പടിയും വേഗത്തിൽ ലഭിച്ചു

പ്രിയ സഹോദരിമാരെ നമ്മുടെ വേദനയു മായി, ഉണങ്ങി വരണ്ട അവസ്ഥയുമായി, നമുക്ക് പോകാൻ പറ്റിയ സ്ഥലം ദൈവ സന്നിധിയാണ്. നമ്മുടെ ഏതൊരു വിഷയത്തിനും മറുപടി ദൈവ ത്തിന്റെ പക്കൽ ഉണ്ട്. ദൈവം കരുണയോടെ, നമ്മെ നോക്കി, നമ്മുടെ ഹൃദയത്തകർച്ചയെ സുഖ പ്പെടുത്തുക തന്നെ ചെയ്യും.

5) **ഓർക്കുന്ന ദൈവം**

1 ശമുവേൽ 1:19 - ദൈവം ഹന്നയെ ഓർത്തു.

നമ്മോടു വാക്കു പറഞ്ഞ മനുഷ്യരെല്ലാം നമ്മെ മറക്കുമ്പോൾ നമ്മെ ഓർക്കുന്ന ഒരു ദൈവം ഉണ്ട്. ദൈവം ഓർക്കുന്നത് ദൈവത്തിന്റെ സമയത്താണ്. അതാണ് തക്ക സമയം. ഉല്പത്തി 8:1 ൽ ദൈവം നോഹയെ ഓർത്തു എന്നും ഉല്പത്തി 19:29 ൽ അബ്രഹാമിനെ ഓർത്തു എന്നും കാണുന്നു.'ഓർക്കുക' എന്ന വാക്കിന്റെ അർത്ഥം 'സ്മരിക്കുക' എന്നു മാത്രമല്ല, ഇവിടെ ദൈവം ഓർത്തു എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് 'ദൈവം ഒരു വലിയ കാര്യം ചെയ്യാൻ പോകുന്നു എന്നതാണ് (The Lord is about to perform). ദൈവത്തിന്റെ കരം ഹന്നയ്ക്കു വേണ്ടി ചലിച്ചുതുടങ്ങിയിരിക്കുന്നു. മുഴുവൻ യിസ്രായേലിന്റെയും ഉണർവ്വിനും, മടങ്ങിവരവിനും കാരണമായ ഒരു 'ശമുവേൽ' പുറത്തു വരുവാൻ സമയമായിരിക്കുന്നു.

6) **വാഗ്ദത്തങ്ങളിൽ വിശ്വസ്തനായ ദൈവം**

ഒരു ആണ്ട് കഴിഞ്ഞപ്പോൾ ഹന്നയോട് ഉള്ള വാഗ്ദത്തം നിവൃത്തിയായി (1 ശമുവേൽ 1:20). ദൈവീക സമയം വ്യത്യസ്തമാണ്. പൂർവ്വ മാതാവായ സാറ നീണ്ട 25 വർഷം കാത്തിരിക്കേണ്ടി വന്നു. സമയം വൈകിയാലും പ്രത്യാശയോടെ നാം അതിനായി കാത്തിരിക്ക, അതു വരും നിശ്ചയം. വാഗ്ദത്തം ചെയ്തവൻ നിവർത്തിപ്പാൻ ശക്തനാണ്. ശമുവേൽ എന്ന വാക്കിന്റെ അർത്ഥം "ദൈവം കേൾക്കുന്നു" അതേ, ശമുവേൽ എന്ന ബാലനെ കൈയിൽ പിടിച്ചുകൊണ്ട് ഹന്ന വിളിച്ചു പറഞ്ഞു 'പ്രാർഥന കേൾക്കുന്ന ഒരു ദൈവം ഉണ്ട്. വാഗ്ദത്തങ്ങളെ നിവർത്തിക്കുന്ന ദൈവം ആണ് എന്റെ ദൈവം. നമ്മുടെ കഴിഞ്ഞ കാല ജീവിത അനുഭവത്തിൽ നിന്നും നമുക്കും വിളിച്ചു പറയാൻ കഴിയുന്നില്ലേ നമ്മുടെ ദൈവം പ്രാർഥന കേൾക്കുന്ന ദൈവം ആണെന്ന്!

7) **ആരാധനയ്ക്കു യോഗ്യനായ ദൈവം**

പ്രാർഥനയ്ക്കു തനിക്കു ലഭിച്ച മറുപടിയുമായി ദൈവാലയത്തിലേക്ക് ചെന്നു ഹന്ന ദൈവത്തെആരാധിച്ചു.(1ശമുവേൽ1:27,28) 1 ശമുവേൽ 2-ാം അദ്ധ്യായം ആരംഭിക്കുന്നത് ഹന്നയുടെ സ്തോത്ര ഗാനവുമായിട്ടണ്.

ദൈവം നമ്മുടെ പ്രാർഥനയ്ക്ക് മറുപടി തരുമ്പോൾ അനുഗ്രഹങ്ങൾ, നന്മകൾ ഉണ്ടാകുമ്പോൾ, ദൈവം തന്റെ ഉദ്ദേശ്യത്തിനായി നമ്മെ ഉപയോഗിക്കുമ്പോൾ മറ്റുള്ളവർക്കു വേണ്ടി നാം ഒരു അനുഗ്രഹമാകുമ്പോൾ ഓർക്കുക നാം ഒരു ഉപകരണം മാത്രം. ഈ മൺകൂടാരത്തിൽ തന്റെ കൃപ പകർന്നു ദൈവം നമ്മെ ഉപയോഗിച്ചു എന്നു മാത്രം. നമുക്കു പുകഴുവാൻ ഒന്നുമില്ല. സകലമാനവും മഹത്വവും ദൈവത്തിനു മാത്രം എന്നത് നാം ഓർക്കണം.അതുകൊണ്ട് വെളിപ്പാട് 5:12ൽ പറയുന്നതുപോലെ അറുക്കപ്പെട്ട കുഞ്ഞാടു മാത്രം ശക്തിയും, ധനവും, ജ്ഞാനവും, ബലവും, ബഹുമാനവും, മഹത്വവും, സ്തോത്രവും ലഭിപ്പാൻ യോഗ്യൻ. സകല മാനത്തിനും, പുകഴ്ചയ്ക്കും മഹത്വത്തിനും, ആരാധനയ്ക്കും അവിടുന്ന് മാത്രം യോഗ്യൻ എന്നു പറഞ്ഞ് ആ പാദത്തിൽ വീണ് ദൈവത്തെ ആരാധിക്കാം. ■

20 ഭൗതീക അനുഗ്രഹം ദൈവപ്രസാദത്തിന്റെ മാനദണ്ഡമല്ല

മുപ്പതു വർഷത്തെ ജീവിതത്തിൽ ദൈവം പ്രസാദിച്ചു എന്ന് സാക്ഷ്യം പ്രാപിച്ചു (ലൂക്കോസ് 3:22). യേശു എല്ലായ്പോഴും പിതാവിന് പ്രസാദമുള്ളതു ചെയ്തതുകൊണ്ട് പുത്രനെ ഒരുനാളും ഏകനായി വിട്ടിരുന്നില്ല (യോഹന്നാൻ 8:29).

ആരും ആരുടെയും ആത്മീക ജീവിതത്തെ, സമ്പത്തെന്ന അളവുകോൽ കൊണ്ട് അളക്കുവാൻ ശ്രമിക്കാതെ, ദൈവത്തിനു പ്രസാദമുള്ള പ്രവർത്തിയാണോ അവനവൻ ചെയ്യുന്നതെന്ന് അവനവനെത്തന്നെ പരിശോധിക്കുക. ആദിമസഭയെ അപ്പൊസ്തലന്മാർ പഠിപ്പിച്ചതു ദൈവപ്രസാദം ലഭിപ്പാൻതക്കവണ്ണം എങ്ങനെ ജീവിക്കേണം എന്നുള്ളതായിരുന്നു. ആത്യന്തീകമായി, സഹോദരന്മാരെ ദൈവപ്രസാദം ലഭിക്കാൻ തക്കവണ്ണം നിങ്ങൾ എങ്ങനെ നടക്കേണം എന്ന് ഞങ്ങളോട് ഗ്രഹിച്ചതുപോലെ നിങ്ങൾ നടക്കുന്നതു പോലെതന്നെ ഇനിയും അധികം വർധിച്ചു വരേണ്ടതിനു ഞങ്ങൾ കർത്താവായ യേശുവിന്റെ നാമത്തിൽ നിങ്ങളോടു അപേക്ഷിച്ചു പ്രബോധിപ്പിക്കുന്നു (1 തെസ്സലോനിക്യർ 4:1). ഹാബെലിലും, അവന്റെ വഴിപാടിലും ദൈവം പ്രസാദിച്ചതുപോലെ, ഹാനോക്ക് എടുക്കപ്പെടുന്ന തിനു മുൻപ് ദൈവത്തെ പ്രസാദിപ്പിച്ചു എന്നു സാക്ഷ്യം പ്രാപിച്ചതു പോലെ, ദൈവത്തിനു പ്രസാദമുള്ള പ്രവൃത്തികൾ ചെയ്തു അനുഗ്രഹിക്കപ്പെടുവാൻ എല്ലാവർക്കും ദൈവം കൃപ നൽകുമാറാകട്ടെ. ●



പി.വി.വർഗീസ്

ജീവനും സമൃദ്ധിയായ ജീവനും

...അവർക്കു ജീവൻ ഉണ്ടാകുവാനും സമൃദ്ധിയായിട്ടു ഉണ്ടാകുവാനും അത്രേ ഞാൻ വന്നിരിക്കുന്നത് (യോഹന്നാൻ 10 :10).

ജീവനും സമൃദ്ധിയായ ജീവനും തമ്മിൽ ഉള്ള വ്യത്യാസം മനസിലാക്കുവാൻ നമുക്കു ഒരു ഉദാഹരണം നോക്കാം. തളർന്നു കിടക്കുന്ന ഒരാളിന് ജീവനുണ്ട്, കാണുവാനും കേൾക്കുവാനും മനസിലാക്കുവാനും കഴിയും. തന്റെ അരികിലേക്ക് ഒരു പാമ്പ് ഇഴഞ്ഞു വരുന്നത് അയാൾ കണ്ടു. എഴുന്നേറ്റു അതിനെ കൊല്ലുവാൻ അയാൾക്ക് നിവൃത്തിയില്ല. കാരണം സമൃദ്ധിയായ ജീവൻ അയാൾക്ക് അപ്പോൾ ഇല്ല. എന്നാൽ സമൃദ്ധിയായ ജീവൻ ഉള്ള ഒരു വ്യക്തിയായിരുന്നെങ്കിൽ ചാടി എഴുന്നേറ്റു ആ പാമ്പിനെ കൊല്ലുവാനും അപകടത്തിൽ നിന്ന് രക്ഷപെടുവാനും കഴിയുമായിരുന്നു. *ഏദനിൽ പ്രത്യക്ഷപ്പെട്ട ശത്രുവായ പാമ്പ് വരുന്നത് മോഷ്ടിക്കുവാനും അറുക്കുവാനും നശിപ്പിക്കുവാനും മാത്രമാണ്. നമ്മെ പാപത്തിൽ തള്ളിയിട്ടു നശിപ്പിക്കുവാൻ വരുന്ന പാമ്പിനെ തകർക്കുവാൻ സമൃദ്ധിയായ ജീവൻ തന്നെ ആവശ്യമാണ്.* ഇത് നൽകുവാനാണ് യേശുകർത്താവ് മനുഷ്യ ജന്മം എടുത്തു നമ്മെ തേടി വന്നത്. യേശു നമ്മിൽ വസിക്കുമ്പോഴാണ് സമൃദ്ധിയായ ജീവൻ നമ്മിൽ പ്രാവർത്തികമാകുന്നത് . അപ്പോൾ യേശു ചിന്തിക്കുന്നത് പോലെ ചിന്തിക്കുവാനും പ്രതികരിക്കുവാനും സംസാരിക്കുവാനും ഇടപഴകുവാനും നമുക്കു കഴിയും. മറിച്ചു പിശാച് ആണ് നമ്മിൽ വസിക്കുന്നത് എങ്കിൽ വഷളായ ചിന്തയും വാക്കുകളും പ്രവൃത്തിയും ആയിരിക്കും നമ്മിൽ നിന്നും പുറത്തേക്കു വരിക. കാരണം ഹൃദയം നിറഞ്ഞു കവിയുന്നതിൽ നിന്നല്ലോ വായ് സംസാരിക്കുന്നതു. ചിലർക്ക് അസഭ്യ വാക്കുകൾ പറയുന്നത് ഏതോ ഒരുതരം സുഖം ലഭിക്കുന്നതു പോലെയാണ്. പറയുന്ന ആളിനോ കേൾക്കുന്ന ആളിനോ ഒരു ഗുണവും ചെയ്യുന്നില്ലെന്നു മാത്രമല്ല പറയുന്ന ആളിന്റെ നികൃഷ്ട നിലവാരം വെളിപ്പെടുത്തി സ്വയം അപഹാസ്യനാവുകയാണ്.

ഉറങ്ങുന്ന മനുഷ്യൻ ഒന്നും തിരിച്ചറിയാതിരിക്കുന്നതു പോലെ ഉള്ള ഒരു അവസ്ഥയല്ലേ ഇത്? എന്നാൽ ഉണർന്ന ഒരുവൻ പരിസരത്തെയും സാഹചര്യങ്ങളെയും മനസിലാക്കുകയും അതിനനുസരിച്ചു പ്രതികരിക്കുകയും പെരുമാറുകയും ചെയ്യുന്നു. തെറ്റും ശരിയും തിരിച്ചറിഞ്ഞു അരുതാത്തതിനെ വേരോടെ പിഴുതുകളയുകയും ചെയ്യുവാൻ തക്കവണ്ണം ക്രിസ്തുവിന്റെ സമൃദ്ധിയായ ജീവൻ ഉണർന്നവനിൽ വ്യാപരിക്കുന്നു. നാമമാത്രമായ ജീവൻ ഉള്ളവൻ ഇതിനൊന്നും കഴിയാതെ പാപത്തിന്റെ കരാളഹസ്തങ്ങളിൽ വീണു സമാധാനം കെടുത്തി അലങ്കോലമായി കാണപ്പെടുന്നു. സമാധാനം ഉണ്ടാക്കുന്നവർ ഭാഗ്യവാന്മാർ, അവർ ദൈവത്തിന്റെ പുത്രന്മാർ എന്ന് വിളിക്കപ്പെടും. സമാധാനം കെടുത്തുന്ന നിർഭാഗ്യവാന്മാർ പിശാചിന്റെ പുത്രന്മാർ എന്ന് വിളിക്കപ്പെടും എന്നല്ലേ അതിന്റെ മറുവശം.

സ്വന്ത ജീവിതത്തിലും, കുടുംബത്തിലും, ഇടപെടുന്ന ഇടങ്ങളിൽ ഒക്കെയും, നാശകാരണമാകുകയും പകയുടെയും വിദ്വേഷത്തിന്റെയും വെറുപ്പിന്റെയും വിളനിലമായി സ്വസ്ഥതയില്ലാതെ, നീറുന്ന അഗ്നിപർവതം പോലെ ഇത്തരക്കാർ സ്വയം നശിക്കുകയും നശിപ്പിക്കുകയും അല്ലെ ചെയ്യുന്നത്?

പാപത്തോടു പോരാടുന്നതിൽ പ്രാണത്യാഗത്തോളം എതിർത്തു നിൽക്കാൻ സമൃദ്ധിയായ ജീവൻ കർത്താവിൽ നിന്ന് പ്രാപിക്കുവാനും, ആത്മിക പുഷ്ടിയുള്ളവരായി പൂർണ സമാധാനത്തിൽ ജീവിക്കുവാനും നാം സമർപ്പിക്കണം. ഇതാണ് ക്രിസ്തുയേശുവിൽ നമ്മെ ക്കുറിച്ചുള്ള ദൈവഹിതം. ■



മത്തായിയുടെ സുവിശേഷത്തിലെ ആത്മിക മർമങ്ങൾ

ജോയ് എം. തോമസ്

യേശുവിന്റെ നുകവും ചുമടും

"അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആയുള്ളോരേ, എല്ലാവരും എന്റെ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും. ഞാൻ സൗമ്യതയും താഴ്മയും ഉള്ളവൻ ആകയാൽ എന്റെ നുകം ഏറ്റുകൊണ്ടു എന്നോടു പഠിപ്പിൻ; എന്നാൽ നിങ്ങളുടെ ആത്മാക്കൾക്കു ആശ്വാസം കണ്ടെത്തും. എന്റെ നുകം മൃദുവും എന്റെ ചുമടു ലഘുവും ആകുന്നു" (മത്തായി 11 : 28 – 30).

"അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും" എന്നു കർത്താവ് സംബോധന ചെയ്തത് ആരെയാണ്? തന്റെ സ്വന്ത ജനമായ യഹൂദാ ജനതകളെ തന്നെയാണ്. വിവിധ വീര്യ പ്രവൃത്തികൾ ചെയ്ത് അവരുടെ സൗഖ്യത്തിനും നന്മക്കും വേണ്ടി കർത്താവ് പ്രവർത്തിച്ചുകൊണ്ട് അവരോടുള്ള സ്നേഹവും കരുതലും വെളിവാക്കി എങ്കിലും കർത്താവിനെ തിരിച്ചറിയുവാനും ആ സ്നേഹത്തെ മനസ്സിലാക്കുവാനും കഴിയാതെയും, മാനസാന്തരപ്പെട്ടു ദൈവത്തിങ്കലേക്കു തിരിയാതെയും, അവർ പിന്തുടർന്നുവന്ന പാരമ്പര്യത്തിനനുസരണമായി ന്യായ പ്രമാണത്തിന്റെ പ്രവൃത്തികൾ ചെയ്യുവാൻ അവർ അധ്വാനിക്കുകയായിരുന്നു. ഈ അദ്ധ്വാനം വ്യർഥാ പ്രയത്നമായിരുന്നു.

ദൈവം മോശെ മുഖാന്തിരം കൊടുത്ത നിയമങ്ങളെ അഥവാ ന്യായപ്രമാണത്തെ ജനങ്ങൾക്കു ചുമക്കുവാൻ കഴിയാത്ത കഠിനമായ ചുമടാക്കി അന്നത്തെ പരീശന്മാരും ന്യായശാസ്ത്രിമാരും മാറ്റിയിരുന്നു. വാസ്തവത്തിൽ അതിന്റെ മറവിൽ അവർ ജനങ്ങളെ ചൂഷണം ചെയ്യുകയായിരുന്നു. ഈ കപടഭക്തിക്കാരെ കർത്താവ് പരസ്യമായിത്തന്നെ വിമർശിച്ചിരുന്നു. "അവർ ഘനമുള്ള ചുമടുകളെ കെട്ടി മനുഷ്യരുടെ തോളിൽ വെക്കുന്നു; ഒരു വിരൽ കൊണ്ടു പോലും അവയെ തൊടുവാൻ അവർക്കു മനസ്സില്ല"(മത്തായി 23 : 4). പരീശന്മാരെക്കുറിച്ചും ശാസ്ത്രിമാരെക്കുറിച്ചും കർത്താവു പറഞ്ഞതാണല്ലോ ഇത്.

ന്യായപ്രമാണത്താൽ പാപത്തെക്കുറിച്ചുള്ള തിരിച്ചറിവാണ് ലഭിക്കുന്നത്. എന്തെല്ലാം പാപമാണെന്നും, പാപത്തിന്റെ ശിക്ഷ എത്ര വലുതാണെന്നും ന്യായപ്രമാണം പറഞ്ഞു തരുന്നു. "എങ്കിലും ന്യായപ്രമാണത്താൽ അല്ലാതെ ഞാൻ പാപത്തെ അറിഞ്ഞില്ല; മോഹിക്കരുത് എന്നു ന്യായപ്രമാണം പറയാതിരുന്നെങ്കിൽ ഞാൻ മോഹത്തെ അറികയില്ലായിരുന്നു" (റോമർ 7 : 7) എന്നു പൗലൊസ് സാക്ഷിക്കുന്നു. പാപബോധം ഉണ്ടാകുന്നതിനാൽ രക്ഷകന്റെ ആവശ്യത്തെക്കുറിച്ചുള്ള ബോധ്യമാണ് ഉണ്ടാകേണ്ടത്. പാപക്ഷമയ്ക്കുവേണ്ടി ദൈവത്തിന്റെ കരുണയിൽ ആശ്രയിക്കുകയും ദൈവകൃപയിൽ പൂർണ്ണമായ വിശ്വാസം അർപ്പിച്ച് ദൈവത്തോട് അടുത്തു വരികയും വേണം. അതായിരുന്നു പഴയനിയമത്തിലെ യാഗങ്ങളുടെ ഉദ്ദേശ്യം.

ചുമടായി മാറിയ ന്യായപ്രമാണം അനുഷ്ഠിക്കുന്നതിനു അദ്ധ്വാനിച്ച് ഭാരം ചുമക്കുന്ന ജനത്തെ, രക്ഷകൻ തന്റെ അരികിലേക്ക് ആഹ്വാനം ചെയ്യുകയാണ്. "അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആയുള്ളോരെ, എല്ലാവരും എന്റെ അടുക്കൽ വരുവിൻ." ആ ആഹ്വാനം അനുകമ്പയിൽ നിന്നും വാത്സല്യത്തിൽ നിന്നുമായിരുന്നു. തനിക്കെതിരെ പുറം തിരിഞ്ഞു പോകുന്ന ജനത്തെ പിന്നെയും കരുണയോടെ വിളിക്കുകയായിരുന്നു.

രക്ഷ (പാപമോചനം) പ്രാപിക്കുന്നതിന് രക്ഷ

കനെ കൂടാതെയുള്ള എല്ലാ അധ്വാനങ്ങളും വ്യർഥാവാണ്. രക്ഷകന്റെ അടുക്കൽ വരുന്നതിനു ഒരു അധ്വാനത്തിന്റെയും ആവശ്യമില്ല. രക്ഷകനെ തിരിച്ചറിഞ്ഞു തന്നിൽ വിശ്വാസം അർപ്പിക്കുകയും പാപിയാണെന്നു സ്വയം സമ്മതിച്ച് പാപങ്ങൾ വിട്ടു തിരിഞ്ഞു അനുതാപത്തോടെ രക്ഷകനെ സ്വീകരിക്കുകയുമാണ് ആവശ്യം.

കർത്താവ് നൽകിയത് ഒരു തുറന്ന ക്ഷണം (open invitation) ആയിരുന്നു. ആ വിളി എല്ലാവർക്കും ഉള്ളതാണ്. "അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആയുള്ളോരേ എല്ലാവരും എന്റെ അടുക്കൽ വരുവീൻ" എന്നാണല്ലോ ക്ഷണം. ക്ഷണം സ്വീകരിക്കുക എന്നതാണ് ഓരോരുത്തരും ചെയ്യേണ്ടത്. എല്ലാവർക്കും തങ്ങളുടെ ഇച്ഛാശക്തി ഉപയോഗിച്ച് ഒരു തിരഞ്ഞെടുപ്പു നടത്താം. ക്ഷണം സ്വീകരിക്കുവാനും, സ്വീകരിക്കാതിരിക്കുവാനും കഴിയും. ഈ ക്ഷണം ഇന്നും നിലനിൽക്കുകയാണ്. പാപത്തിനു പ്രായശ്ചിത്തം ചെയ്തു മോക്ഷം പ്രാപിക്കാൻ, അഥവാ സ്വർഗ്ഗം പ്രാപിക്കുവാനുള്ള ശ്രമമാണ് മതങ്ങളുടെ നിയമപ്രകാരമുള്ള കർമ്മങ്ങൾ ചെയ്യുന്നതിനാൽ അർത്ഥമാക്കുന്നത്. ക്രിസ്ത്യാനികൾ എന്ന് അവകാശപ്പെടുന്നവരിലും കർമ്മാനുഷ്ഠാനങ്ങളിൽ കുടുങ്ങിയിരിക്കുന്ന അനേകർ ഉണ്ട്. ഇതെല്ലാം വ്യർഥാ അധ്വാനങ്ങൾ ആണെന്ന് എല്ലാവരും മനസ്സിലാക്കി എങ്കിൽ എത്ര നന്നായിരുന്നു.

"ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും" എന്ന് കർത്താവ് വാഗ്ദാനം നൽകുന്നു. കർത്താവിൽ നിന്ന് ആശ്വാസം പ്രാപിക്കുന്നതിന് എന്താണ് ചെയ്യേണ്ടത്? ''എന്റെ നുകം ഏറ്റുകൊണ്ട് എന്നോടു പഠിപ്പിൻ", കർത്താവ് വ്യക്തമാക്കുന്നു. ന്യായപ്രമാണ അഭ്യസനത്തിന് ഒരു യഹൂദാ റബിയുടെ ശിഷ്യത്വം സ്വീകരിക്കുന്നതിനു അവർ പറഞ്ഞു വന്നിരുന്ന ഒരു പ്രയോഗമാണ് 'നുകം ഏറ്റെടുക്കുക' എന്നത്. *ഗുരുവിന്റെ നുകം ഏറ്റെടുക്കുന്ന ശിഷ്യൻ ഗുരുവിനോടൊപ്പം താമസിച്ച് പഠിക്കുന്ന രീതിയാണ് അന്നുണ്ടായിരുന്നത്. അതുപോലെ കർത്താവിന്റെ നുകം ഏറ്റെടുത്ത് കർത്താവിനോട് ചേർന്നു നടന്ന്, കർത്താവിൽ നിന്നും പഠിക്കുവാനാണ് ക്ഷണം.*

താൻ എങ്ങനെയുള്ള ഗുരു ആണെന്നുള്ളതും കർത്താവിന്റെ വാക്കുകൾ വ്യക്തമാക്കുന്നു. ''ഞാൻ സൌമ്യതയും താഴ്മയുമുള്ളവനാകയാൽ" എന്നാണ് കർത്താവ് തന്നേക്കുറിച്ച് പറയുന്നത്. ഗുരു സൌമ്യതയും താഴ്മയും ഉള്ളവനാണെങ്കിൽ, തന്റെ ശിഷ്യനു ഈ ഗുരുവിൽ നിന്ന് എന്താണ് പഠിക്കുവാൻ ലഭിക്കുക? സൌമ്യതയും താഴ്മയും തന്നെയല്ലേ? തീർച്ചയായും! അങ്ങനെ എങ്കിൽ തന്നേത്തന്നെ താഴ്ത്താതെ ഒരുവനു ക്രിസ്തുവിന്റെ ശിഷ്യനായി തന്റെ നുകം ഏറ്റെടുക്കുവാൻ കഴിയുമോ? ഒരിക്കലുമില്ല!

സൗമ്യതയും താഴ്മയുമാണ് ക്രിസ്തീയ ജീവിതത്തിലെ പഠന വിഷയം.യേശു ക്രിസ്തുവിന്റെ സ്വരൂപത്തിന്റെ ആകെ തുകയാണ് തന്റെ സൌമ്യതയും താഴ്മയും.

സൌമ്യതയും താഴ്മയുമാണ് ക്രിസ്തീയ ജീവിതത്തിലെ പഠന വിഷയം.യേശു ക്രിസ്തുവിന്റെ സ്വരൂപത്തിന്റെ ആകെ തുകയാണ് തന്റെ സൌമ്യതയും താഴ്മയും. അപ്പൊസ്തലനായ പൗലൊസ് അത് ഇപ്രകാരം വിശദമാക്കുന്നു. "ക്രിസ്തുയേശുവിലുള്ള ഭാവം തന്നേ നിങ്ങളിലും ഉണ്ടായിരിക്കട്ടെ. അവൻ ദൈവരൂപത്തിൽ ഇരിക്കെ ദൈവത്തോടുള്ള സമത്വം മുറുകെ പിടിച്ചുകൊള്ളേണം എന്നു വിചാരിക്കാതെ ദാസരൂപം എടുത്തു മനുഷ്യ സാദൃശ്യത്തിലായി തന്നെത്താൻ ഒഴിച്ചു വേഷത്തിൽ മനുഷ്യനായി വിളങ്ങി, തന്നെത്താൻ താഴ്ത്തി മരണത്തോളം ക്രൂശിലെ മരണത്തോളം തന്നേ, അനുസരണമുള്ളവനായിത്തീർന്നു"(ഫിലിപ്പിയർ 2 : 4-8).

യേശുക്രിസ്തു സൌമ്യതയും താഴ്മയും ഉള്ളവനായതുകൊണ്ടല്ലേ നമ്മുടെ രക്ഷ സാധ്യമായത്. ദൈവമായിരുന്ന താൻ തന്റെ സൃഷ്ടികളായ നമ്മെ തേടി വരാൻ തീരുമാനിച്ചും, മനുഷ്യനായി ജനിച്ചു, നാം നേരിടുന്ന എല്ലാ പരീക്ഷകളും സഹിച്ചതും, നമുക്കായി ക്രൂശിലെ മരണത്തോളം അനുസരണമുള്ളവനായി സ്വർഗ്ഗീയ പിതാവിന്റെ ഹിതം നിവർത്തിച്ചതുമെല്ലാം യേശുകർത്താവിന്റെ താഴ്മയുടെ മാറ്റ് വെളിപ്പെടുത്തിത്തരുന്നു. താഴ്മയിൽ കർത്താവ് മഹാനാണ്, അതായത് തുല്യം പറയാൻ പറ്റാത്ത താഴ്മയാണത്.

താഴ്മ ദൈവത്തിന്റെ അത്യുന്നതമായ ഗുണങ്ങളിൽ ഒന്നാണ്. അതിനാൽ തന്റെ മക്കളായ നമ്മിലും താഴ്മ കർത്താവ് ആഗ്രഹിക്കുന്നു. ദൈവം അത്യുന്നതനെങ്കിലും താഴ്മയുള്ളവരോടു കൂടി വസിപ്പാൻ അവൻ ഏറ്റവും താണു വരുവാൻ ഇഷ്ടപ്പെടുന്നു. "ഉന്നതനും ഉയർന്നിരിക്കുന്നവനും ശാശ്വതവാസിയും പരിശുദ്ധൻ എന്ന നാമമുള്ളവനുമായവൻ ഇപ്രകാരം അരുളിച്ചെയ്യുന്നു:

ഞാൻ ഉന്നതനും പരിശുദ്ധനുമായി വസിക്കുന്നു; താഴ്മയുള്ളവരുടെ മനസ്സിനും മനഃസ്താപമുള്ള വരുടെ ഹൃദയത്തിനും ചൈതന്യം വരുത്തുവാൻ മനഃസ്താപവും മനോവിനയവുമുള്ളവരോടു കൂടെയും വസിക്കുന്നു" (യെശയ്യാവ് 57 : 15).

സൗമ്യതയും താഴ്മയും പഠിക്കുവാനുള്ള പാഠപുസ്തകം യേശുവിന്റെ ജീവിതമാണ്. പഠിപ്പിക്കുന്ന അദ്ധ്യാപകനും കർത്താവു തന്നെ. സൗമ്യതയും താഴ്മയും പഠിക്കുന്നതിനു സഹായകരമായ അനേകം വഴികളിലൂടെയും സാഹചര്യങ്ങളിലൂടെയും കർത്താവ് നമ്മെ വഴി നടത്തും. നാം അഭിമുഖീകരിക്കുന്ന എല്ലാ സാഹചര്യങ്ങൾക്കും തുല്യമായ സാഹചര്യങ്ങളിലോ അതിലും വിഷമമേറിയ സാഹചര്യങ്ങളിൽ കൂടിയോ നമ്മുടെ കർത്താവ് കടന്നുപോയിട്ടുണ്ട്. ആ സാഹചര്യങ്ങളിൽ കർത്താവ് എങ്ങനെ പ്രതികരിച്ചു എന്നതാണ് നാം ശ്രദ്ധിച്ചു പഠിക്കേണ്ടത്.അങ്ങനെ കർത്താവിന്റെ കാൽചുവടുകൾ പിൻതുടരുവാൻ നാം തീരുമാനിക്കുമ്പോൾ കർത്താവു തന്റെ ആത്മാവിനാൽ നമ്മെ കരം പിടിച്ചു നടത്തും. ഇപ്രകാരം സൗമ്യതയും താഴ്മയും അനുഭവത്തിലൂടെ ശീലിക്കുവാൻ നാം പഠിക്കുന്നു.

സൗമ്യതയും താഴ്മയും എത്രത്തോളം നമ്മുടെ സ്വഭാവമായി രൂപപ്പെട്ടുകൊണ്ടിരിക്കുമോ അത്രത്തോളം നമ്മുടെ ആത്മാവിനു ആശ്വാസവും അനഭവപ്പെടും. കർത്താവ് വാഗ്ദാനം നൽകുന്ന ആശ്വാസം, തന്നിൽ നിന്നും പഠിച്ചു അതു പ്രായോഗികമാക്കുന്നതിനാലുണ്ടാകുന്ന ആശ്വാസമാണ്. എന്നാൽ തൽക്ഷണം ആശ്വാസം പ്രാപിക്കുവാൻ എന്തെങ്കിലും മാർഗ്ഗം ഉണ്ടോ എന്നാണ് മനുഷ്യൻ സാധാരണ ചിന്തിക്കുന്നത്. തൽക്ഷണം ലഭിക്കുന്ന ആശ്വാസം തൽക്ഷണം നഷ്ടപ്പെടുകയും ചെയ്യും. എന്നാൽ കർത്താവു നൽകുന്ന ആശ്വാസം നിലനിൽക്കുന്നതാണ്.

സൗമ്യതയുടെയും താഴ്മയുടെയും വിരുദ്ധാർത്ഥത്തിലുള്ളത് അഹന്തയും തന്നെത്താൻ ഉയർത്തുന്നതുമായ മനോഭാവമാണല്ലോ. അത് നിഗളത്തിൽ നിന്നുള്ളതാണ്. ദൈവം നിഗളികളോട് എതിർത്തു നിൽക്കുന്നു (യാക്കോബ് 4:6). തന്നെത്താൻ ഉയർത്തുന്ന മനോഭാവവും അഹന്തയുമാണ് മനുഷ്യന്റെ സമാധാന സംഹാരിയായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. മനുഷ്യൻ ഉണ്ടാക്കുന്ന പ്രശ്നങ്ങളുടെ ദോഷഫലമാണ് എല്ലാവരും കൂടി അനുഭവിച്ചുകൊണ്ടിരിക്കുന്നത്. എന്നാൽ കർത്താവിൽ നിന്നും പഠിച്ച്, തന്നെ അനുഗമിക്കുന്നവർ ആശ്വാസം കണ്ടെത്തുകയും തങ്ങളുടെ ഉള്ളിൽ അത് അനുഭവിക്കുകയും ചെയ്യുന്നു.

സൗമ്യതയും താഴ്മയും പഠിക്കുവാനുള്ള പാഠപുസ്തകം യേശുവിന്റെ ജീവിതമാണ്. പഠിപ്പിക്കുന്ന അദ്ധ്യാപകനും കർത്താവു തന്നെ...
നാം അഭിമുഖീകരിക്കുന്ന എല്ലാ സാഹചര്യങ്ങൾക്കും തുല്യമായ സാഹചര്യങ്ങളിലോ അതിലും വിഷമമേറിയ സാഹചര്യങ്ങളിൽ കൂടിയോ നമ്മുടെ കർത്താവ് കടന്നുപോയിട്ടുണ്ട്. ആ സാഹചര്യങ്ങളിൽ കർത്താവ് എങ്ങനെ പ്രതികരിച്ചു എന്നതാണ് നാം ശ്രദ്ധിച്ചു പഠിക്കേണ്ടത്.

കർത്താവിന്റെ നുകം മൃദുവും ചുമട് ലഘുവുമാണ്. കർത്താവ് നൽകുന്ന കല്പനകൾ അനുസരിച്ചു നടക്കുന്നവർക്കു അത് ഭാരമല്ലെന്നും പകരം വലിയ ആനന്ദസ്രോതസ്സുകളാണെന്നും അനുഭവത്തിൽ നിന്നും തിരിച്ചറിയുവാൻ കഴിയും. കർത്താവിന്റെ നുകം എത്രയോ മൃദുവാണ്. കർത്താവിനോടു ചേർന്നു നടന്നു പഠിക്കുമ്പോൾ ജീവിതം ആനന്ദകരമായി മാറുകയാണ്. കർത്താവിന്റെ സ്നേഹം മനസ്സിലാക്കി അനുഭവിക്കുവാൻ കഴിയുന്തോറും കർത്താവ് നമുക്ക് ആരാധ്യനായിത്തീരുന്നു. തന്നോടുള്ള ആരാധനാ മനോഭാവം നമ്മിൽ വളരുമ്പോൾ നാം അവനെ അനുകരിച്ചു തുടങ്ങുന്നു. ഇതു നമ്മിൽ സ്വയമേ ഉണ്ടാകുന്ന അനുഭവമാണ്. *കർത്താവിനെ അനുകരിക്കുമ്പോൾ കർത്താവിന്റെ കല്പനകൾ നാം സ്വയമേ അനുസരിക്കുകയാണ്.* "എന്നെ സ്നേഹിക്കുന്നവൻ എന്റെ കല്പനകളെ പ്രമാണിക്കും" (യോഹന്നാൻ 14:23) എന്നു കർത്താവു പറയുന്നതിന്റെ സാരം ഇതാണ്. ഇപ്രകാരം കർത്താവിന്റെ കല്പനകൾ പ്രമാണിക്കുന്നവർക്കു അതു ഭാരമേ അല്ല; പ്രത്യുത എത്രയോ ആനന്ദദായകമാണ്. "എന്റെ നുകം മൃദുവും എന്റെ ചുമടു ലഘുവും ആകുന്നു" എന്നു കർത്താവ് പറയുന്നത് നാം അനുഭവത്തിൽ മനസ്സിലാക്കേണ്ടുന്ന കാര്യമാണ്. നമുക്കു നിവർത്തിക്കുവാൻ കഴിയാതിരുന്ന ന്യായപ്രമാണത്തിന്റെ എല്ലാ നിയമങ്ങളും കർത്താവ് നമുക്കായി അനുസരിച്ചതിനാൽ, യേശുവിനെ നാം അനുഗമിക്കുമ്പോൾ തന്റെ നീതി നമ്മെ ധരിപ്പിക്കുകയാണ്. തന്റെ നുകം ഏറ്റെടുത്തു തന്നോട് പഠിച്ച് തന്നെ അനുകരിച്ച് അനുഗമിക്കുന്നത് എത്ര ഭാഗ്യം! •

വെങ്കിൽ അതിലൊക്കെ ഉപരിയായി ക്രിസ്തുവിനോട് സാദൃശ്യരായിത്തീരുക എന്ന ഉന്നത നിലവാരവും ലക്ഷ്യവുമാണ് ദൈവം നമ്മിൽ നിന്നും പ്രതീക്ഷിക്കുന്നത്. സഭയെക്കുറിച്ചുള്ള ദൈവത്തിന്റെ ലക്ഷ്യം എന്തെന്നാൽ നാമെല്ലാവരും വിശ്വാസത്തിലുള്ള ഐക്യം നേടി ദൈവപുത്രനെക്കുറിച്ചുള്ള അറിവ് സമ്പാദിച്ചു ക്രിസ്തുവിന്റെ പരിപൂർണ്ണതയിൽ എത്തി പക്വത ആർജ്ജിക്കണം എന്നുള്ളതാണ് (എഫെസ്യർ 4 :12 ,13).

പ്രതികൂല സാഹചര്യത്തിലും ലോകമെമ്പാടും ഒരു ശേഷിപ്പ് മാത്രമേ ഉള്ളു എങ്കിലും ക്രിസ്തുവിനോട് അവർ അനുരൂപപ്പെട്ടുകൊണ്ടിരിക്കുന്നു. അനേകരും വിശ്വാസത്തിൽ രക്തസാക്ഷിത്തം പ്രാപിക്കുന്നു. അപ്പോൾ തന്നെ മൂടു പടം ഇട്ടവരെപോലെ അവർ ആരെന്നു ലോകം അറിയുന്നുമില്ല. എന്നാൽ മൂടുപടം നീങ്ങിയ മുഖത്ത് കർത്താവിന്റെ തേജസിനെ കണ്ണാടി പോലെ പ്രതിബിംബിക്കുന്നവരായി നാം എല്ലാവരും ആത്മാവാകുന്ന കർത്താവിന്റെ ദാനമായി തേജസിന്മേൽ തേജസ് പ്രാപിച്ചു അതേ പ്രതിമ ആയി രൂപാന്തരപ്പെടുന്നു (2 കൊരിന്ത്യർ 3:18). ഈ നിലവാരത്തിൽ വിളവ് പാകം ആകുമ്പോൾ കൊയ്ത്തിനായി സഭയുടെ നാഥൻ അരിവാൾ വയ്ക്കുന്നു. എന്തുകൊണ്ടെന്നാൽ യഥാർത്ഥമായും കൊയ്ത്തിനു നിലം പാകം ആയിരിക്കുന്നു .

പ്രാർത്ഥന: കർത്താവായ യേശുവേ, കൊയ്ത്തിൽ ആത്മിക പരിപൂർണ്ണത അവിടുന്ന് ആഗ്രഹിക്കുന്നതിനാൽ അങ്ങയുടെ സമ്പൂർണ്ണതയിലേക്കു വളരുവാൻ എന്നെ സഹായിക്കണമേ. ■

ശിക്ഷണം പ്രോത്സാഹനത്തോടൊപ്പം

അൽപം അംഗീകാരവും പ്രോത്സാഹനവും കിട്ടിയാൽ ശരിയായ ദിശയിൽ വളർന്നു വലുതാകാൻ സാധ്യതയുള്ളവരാണ് കുട്ടികൾ. പ്രസിദ്ധരായിത്തീർന്ന രണ്ടുപേരുടെ കുട്ടിക്കാലത്തെക്കുറിച്ച് പ്രചാരത്തിലുള്ള ഒരു കഥയുണ്ട്. ഇവർ രണ്ടുപേരും കുട്ടിക്കാലത്ത് രോഗബാധിതരും നിർധനരുമായിരുന്നു. രണ്ടുപേരും അവരവരുടെ പള്ളിയിൽ ചില ശുശ്രൂഷകൾ ചെയ്തു പോന്നു. ആദ്യത്തെ കുട്ടി വരുത്തിയ ഒരു പിഴവിന്റെപേരിൽ ആ പള്ളിയിലെ ശുശ്രൂഷകൻ അവനെ ശാസിക്കുകയും പരുഷമായി പെരുമാറുകയും ചെയ്തു. പിടിച്ചു നിൽക്കാൻ പറ്റാതെ അവൻ പള്ളിയിലെ ശുശ്രൂഷ നിർത്തി. രണ്ടാമനും തെറ്റുകൾ വരുത്താറുണ്ടായിരുന്നെങ്കിലും അവന്റെ പള്ളിയിലെ ശുശ്രൂഷകൻ സ്നേഹത്തോടെ അവനെ ശാസിച്ചു, തെറ്റുകൾ തിരുത്താൻ പ്രോത്സാഹിപ്പിച്ചു. ഫലമോ, രണ്ടുപേരും പിൽക്കാലത്ത് പ്രശസ്തരായി. ഒന്നാമൻ ആയിരങ്ങളെ കൊല ചെയ്ത ഒരു ക്രൂരനായ ഭരണാധികാരിയും രണ്ടാമൻ ആയിരങ്ങളെ രക്ഷയിലേക്ക് നയിച്ച ഒരു സുവിശേഷ പ്രചാരകനുമായി. കറുത്ത മുഖത്തോടെ ശിക്ഷിക്കുന്നതിനുപകരം പുഞ്ചിരിക്കുന്ന മുഖത്തോടെ ശിക്ഷണം നൽകാൻ നിങ്ങൾക്കാകുമോ?

മാന്യ വരിക്കാരുടെ ശ്രദ്ധക്ക്

മാസികയുടെ റാപ്പറിൽ ഓരോരുത്തരുടെയും ID നമ്പർ ഉള്ളതിനാൽ നമ്പർ കുറിച്ചു വയ്ക്കുന്നത് പ്രയോജനമായിരിക്കും.

വിലാസം അപൂർണ്ണമായതിനാൽ ചില മാസികകൾ മടങ്ങി വന്നിട്ടുണ്ട് . ഫോൺ നമ്പർ ഇല്ലാത്തതിനാൽ ബന്ധപ്പെടുവാനും കഴിയുന്നില്ല. മാസിക കിട്ടാത്തവർ ഓഫീസുമായി ബന്ധപ്പെടുക. **ഫോൺ : 9495 435 336**

മേൽവിലാസത്തിൽ മാറ്റം വരുന്നപക്ഷം പഴയ വിലാസവും മാറിയ പുതിയ വിലാസവും ഫോൺനമ്പറും ഓഫീസിൽ അറിയിക്കുക.

കമ്പ്യൂട്ടർ കോപ്പി (PDF) ആവശ്യമുള്ളവർ nerveedhi.com സന്ദർശിക്കുക. അല്ലെങ്കിൽ നിങ്ങളുടെ വാട്സാപ്പ് നമ്പർ ഓഫീസിൽ അറിയിക്കുക.

മാസികയെക്കുറിച്ചുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും അറിയിക്കുന്നത് പ്രയോജനകരമാണ്.

നിങ്ങളുടെ സുഹൃത്തുക്കൾക്കും സഹപ്രവർത്തകർക്കും മാസിക പരിചയപ്പെടുത്തുന്നത് ഈ ശുശ്രൂഷയ്ക്ക് സഹായകരമാണ്.

എഡിറ്റർ

പറയുന്നത്. *വല്യമ്മച്ചി പറഞ്ഞുതന്ന "സൗമ്യതയുടെയും സാവധാനതയുടെയും" ജീവിതം കാലഹരണപ്പെട്ടതാണെന്നും ഇന്നത്തെ ലോകത്തിൽ "സാഹസ"മാണ് അനിവാര്യമെന്നും ലോകം പഠിപ്പിക്കുന്നു. "പുതിയതെന്തും പരീക്ഷിക്കുന്നതാണ് "സ്മാർട്ട്നസ്സ്" എന്നു യുവാക്കൾ ധരിച്ചു വശാവുന്നു.* പരീക്ഷണത്തിന്റെ ഭാഗമായി അവർ ഡ്രഗ്സും സെക്സും അനുഭവമാക്കുന്നു. ശരീരം മറയ്ക്കാനായി കണ്ടുപിടിച്ച വസ്ത്രത്തെ ശരീരപ്രദർശനത്തിനായി എങ്ങനെ ഉപയോഗിക്കാം എന്നതിലും അവർ പുത്തൻ പരീക്ഷണങ്ങൾ നടത്തുന്നു!

ലോകത്തിന്റെ ശ്രേഷ്ഠവിദ്യകളെ പഠിപ്പിക്കാൻ രാജാവു നടത്തിയ പരിശ്രമങ്ങളെ ദാനീയേലും കൂട്ടരും എതിർത്തില്ല; എന്നാൽ, ലോകത്തിന്റെ പാഠങ്ങൾ അവർ പഠിച്ചുമില്ല. മൂന്നുവർഷം കല്ദയരുടെ ഇന്റൻസീവ് ട്രെയ്നിംഗ് കോഴ്സിൽ പങ്കെടുത്തിട്ടും അവർ കല്ദയരുടെ വിദ്യയായ ആഭിചാരവും മന്ത്രവാദവും ശകുനവും പഠിച്ചില്ല (ദാനീയേൽ2:27). തന്നെയുമല്ല, രഹസ്യങ്ങളെ വെളിപ്പെടുത്തുവാൻ കല്ദയ വിദ്യയല്ല സ്വർഗത്തിലെ ദൈവവുമായുള്ള നിരന്തര സമ്പർക്കമാണ് അത്യന്താപേക്ഷിതമായിരിക്കുന്നത് എന്നു ദാനീയേൽ രാജാവിനെ പറഞ്ഞു മനസിലാക്കുകയും ചെയ്തു. (ദാനിയേൽ 2:28-30).

അടുത്തതായി എബ്രായ ബാലന്മാർക്കു നേരിടേണ്ടിവന്ന വെല്ലുവിളി അവർക്ക് കല്ദയർ കൊടുത്ത പേരുമാറ്റമാണ്. "ദാനീയേലിനു അവർ ബേൽത്ത്ശസ്സർ എന്നും ഹനന്യാവിനു ശദ്രക്ക് എന്നും മീശായേലിനു മേശക്ക് എന്നും അനന്യാവിനു അബേദ്-നെഗോ എന്നും പേരുവിളിച്ചു" (ദാനീയേൽ 1:7).

എന്തുകൊണ്ട് അവരുടെ എബ്രായ പേരുകൾ അവർ മാറ്റി? ഒന്നാമതു പേരിടുന്നത് ഒരു വ്യക്തിയുടെ മേൽ നമുക്ക് അധീശത്വം ഉണ്ടെന്നു കാണിക്കാനാണ്. ആദം സകല ജീവികൾക്കും മൃഗങ്ങൾക്കും പേരിട്ടു (ഉല്പത്തി.1:19,20). ദൈവം തന്നെ പലരുടെയും (അബ്രഹാം, സാറാ, യാക്കോബ്-യിസ്രായേൽ) എന്നിവരുടെ പേരുകൾ മാറ്റിയിട്ടുണ്ട്. ഇവിടെ കല്ദയർ എബ്രായ ബാലന്മാരുടെ പേരുകൾ മാറ്റാൻ മറ്റൊരു കാര്യം കൂടെയുണ്ട്. ഈ യുവാക്കളുടെ പേരുകൾ എല്ലാം ഏൽ, യാഹ് എന്നീ വാക്കുകളിലാണ് അവസാനിക്കുന്നത്. ദൈവവുമായി അവർക്കുള്ള ഉടമ്പടിയുടെ ചിഹ്നമാണ് ഈ പേരുകൾ! അർഥസമ്പുഷ്ടമായ പേരുകൾ...ദാനീയേൽ എന്നാൽ ദൈവം (എന്റെ) ന്യായാധിപതി (God is my Judge) എന്നാണ്. ജാതീയ രാജ്യങ്ങളെ ന്യായം വിധിക്കുന്നതും എന്റെ ദൈവം തന്നെ. ന്യായം വിധിക്കുന്നവൻ യഹോവയാണെന്ന യാഥാർഥ്യം വിജാതീയരായ രാജാക്കന്മാർക്ക് എപ്പോഴും നാവിൽ ഉച്ചരിക്കുന്നതിനു തീർച്ചയായും പ്രയാസം കാണുമല്ലോ. അതിനാൽ അവർ ദാനീയേലിനെ ബേൽത്ത്-ശസ്സറാക്കി. അതായത് ബാബിലോണിന്റെ മുഖ്യ ദൈവമായ ബേലിന്റെ പ്രഭു..

മറ്റു മൂന്നു യുവാക്കളുടെ എബ്രായപേരുകൾക്കും ഇതുപോലെയുള്ള അർഥങ്ങളാണുണ്ടായിരുന്നത്. അതെല്ലാം ബാബിലോണ്യർ അവരുടെ ദൈവങ്ങളുമായി ബന്ധപ്പെട്ട പേരുകളാക്കി.

'ഹനന്യാവ്' എന്നാൽ യഹോവയുടെ കൃപാദാനം എന്നാണർഥം. കല്ദയർ അവനെ ശദ്രക്ക് എന്നു വിളിച്ചു. 'രക്' അവർക്കു സൂര്യദേവനാണ്... രാജാവ് സൂര്യന്റെ അവതാരവും. സൂര്യനു പ്രിയപ്പെട്ടവൻ, സൂര്യനാൽ പ്രകാശിപ്പിക്കപ്പെടുന്നവൻ. എന്നൊക്കെയാണു ശദ്രക് എന്നതിനർഥം!

'മീശായേൽ' എന്നാൽ 'ദൈവത്തിനു തുല്യൻ ആര്?'എന്നർഥം അവനെ കൽദയർ മേലക്ക് ആക്കി. ബാബിലോണ്യ ദേവതയാണ് ശേശക്ക് (യിരെമ്യാവ് 25:26;51:41). മീശായേലിലെ 'ഏൽ' മാറ്റി ' ശക്' ആക്കിയപ്പോൾ പേരിനർഥം " ശേശക്കിനു തുല്യൻ ആര്? എന്നായി! 'അസര്യാവ്' , യഹോവയാൽ സഹായിക്കപ്പെടുന്നവൻ ആണ്. ഇപ്പോഴവൻ " അബേദ്-നെഗോ ആയി! നെഗോ (നെബോ) അഗ്നിദേവനാണ്. അബേദ്നെഗോ അഗ്നിദേവന്റെ ദാസനാണ്!

അങ്ങനെ വിളിപ്പേരിൽത്തന്നെ യഹോവയ്ക്കു മഹത്ത്വം കൊടുത്തിരുന്നവർ ഇപ്പോൾ ബാബിലോണ്യ ദേവതകളുടെ പേരിൽ വിളിക്കപ്പെടുവാൻ തുടങ്ങി. (ബേൽ- മുഖ്യ ദൈവം; രക്- സൂര്യദേവൻ; ശേശക്- ഭൂമി ദേവൻ; നെഗോ- അഗ്നി ദേവൻ എന്നാൽ, കല്ദയർ ഇവർക്കു അവരുടെ രീതിയിലുള്ള ഏറ്റവും മെച്ചപ്പെട്ട പേരുകളാണ് നല്കിയതെന്നോർക്കണം. ബേൽത്ത് ശസ്സർ എന്നാൽ ബേലിനു പ്രിയപ്പെട്ടവൻ, അവന്റെ നിധി, ബേൽ ദേവന്റെ രാജകുമാരൻ എന്നൊക്കെയാണർഥം! കല്ദയർക്കു എത്ര നല്ല

പേരാണെങ്കിലും അതു ദാനീയേൽ ഒരിക്കലും സ്വയം ഏറ്റെടുത്തില്ല. അവൻ തന്നെത്തന്നെ എപ്പോഴും ദാനീയേൽ ആയികണ്ടു. "ദാനിയേൽ എന്ന ഞാൻ" (ദാനീയേൽ 9: 2) എന്നാണ് അവൻ സ്വയം വിളിക്കുന്നത്. ദൈവം എപ്പോഴും അവനെ ദാനിയേൽ ആയി മാത്രം കണ്ടു. അവൻ ദൈവത്തിനു ഏറ്റവും പ്രിയ പുരുഷനായ ദാനിയേൽ" ആണ് (ദാനീയേൽ 10:11).

ലോകം നമ്മെ 'മിടുക്കൻ', 'ബുദ്ധിമാൻ', 'നയതന്ത്രജ്ഞൻ' എന്നൊക്കെ വിളിച്ചേക്കാം. ലോകം നമ്മെ എന്തു വിളിക്കുന്നു എന്നല്ല, ദൈവം നമ്മെ എന്തു വിളിക്കുന്നു എന്നതാണു പ്രധാന കാര്യം. ദൈവം നമ്മെ എന്തു വിളിക്കുന്നുവോ അതായിരിക്കണം നാം നമ്മെ വിളിക്കുന്നതും. ലോകത്തിന്റെ വിളിപ്പേരിനോട് - അതു നമ്മെ പുകഴ്ത്തുന്നതോ ഇകഴ്ത്തുന്നതോ ആയിക്കൊള്ളട്ടെ. - നാം കൃത്യമായ നിസ്സംഗത പുലർത്തിയേ മതിയാവൂ. ലോകത്തിന്റെ പ്രശംസ ഏറ്റെടുക്കുന്നവൻ ലൗകികൻ. ദൈവത്തിൻനിന്നുള്ള പ്രശംസയത്രേ കാര്യം. " ഏറ്റവും പ്രിയ പുരുഷൻ" എന്നു ദൈവത്താൽ വിളിക്കപ്പെടുന്നിടത്തോളം ഭാഗ്യം വേറെ എന്തുണ്ട്.

''ബേലിന്റെ രാജകുമാരൻ' എന്ന പേരിനെ ദാനീയേൽ അഗണ്യമാക്കി. "ഫറവോന്റെ പുത്രിയുടെ മകൻ" എന്നു വിളിക്കപ്പെടുന്നത് മോശെ നിരസിച്ചു (എബ്രാ. 11:25). മനുഷ്യർ പിടിച്ചു രാജാവാക്കുവാൻ പരിശ്രമിച്ചപ്പോൾ യേശു അവരിൽനിന്ന് ഒഴിഞ്ഞുപോയി(യോഹ.6:15).

എബ്രായ ബാലന്മാർക്കു മറ്റൊരു വെല്ലുവിളിയും നേരിടേണ്ടി വന്നു. അത് വ്യത്യസ്തമായ ജോലിയാണ്. രാജസന്തതികളിൽപ്പെട്ട കുലീനരായ ഈ യുവാക്കൾ (ദാനീയേൽ 1:3) ഇപ്പോൾ ഒരു വിജാതീയ രാജാവിന്റെ കൈക്കീഴിൽ പണിയെടുക്കേണ്ടിവരുന്നു...

എന്നാൽ, ഇക്കാര്യങ്ങളൊക്കെ ഈ യുവാക്കളുടെ നിയന്ത്രണത്തിനു പുറത്തായിരുന്നു... സ്ഥലംമാറ്റം അവരുടെ ഇഷ്ടം അല്ലായിരുന്നു. അവരെ ബാബേലിലേക്കു പിടിച്ചുകൊണ്ടുപോയതാണ്. അവർക്കു ബാബിലോണിലെ കലാശാലയിൽ പഠിക്കേണ്ടി വന്നു. അവരെ കല്ദയർ പുതിയ പേരുകൾ വിളിച്ചു; അവർക്കു പുതിയ ജോലി ചെയ്യേണ്ടി വന്നു... ഇതിലൊന്നും അവർ എതിർപ്പു കാണിച്ചില്ല. കാരണം ഇക്കാര്യങ്ങളൊക്കെ സംഭവിച്ചത് ദൈവത്തിന്റെ സർവാധിപത്യത്തിൻ കീഴിലാണ് എന്ന പൂർണബോധ്യം

ലോകം നമ്മെ 'മിടുക്കൻ', 'ബുദ്ധിമാൻ', 'നയതന്ത്രജ്ഞൻ' എന്നൊക്കെ വിളിച്ചേക്കാം. ലോകം നമ്മെ എന്തു വിളിക്കുന്നു എന്നല്ല, ദൈവം നമ്മെ എന്തു വിളിക്കുന്നു എന്നതാണു പ്രധാന കാര്യം. ദൈവം നമ്മെ എന്തു വിളിക്കുന്നുവോ അതായിരിക്കണം നാം നമ്മെ വിളിക്കുന്നതും.

അവർക്കുണ്ടായിരുന്നു. ദൈവമാണ് അവരെ പ്രവാസത്തിലേക്കയച്ചത് (ദാനീയേൽ 1: 2). അവൻ രാജാക്കന്മാരെ വാഴിക്കുകയും നീക്കുകയും ചെയ്യുന്നു (ദാനീയേൽ 2:21) എന്നാൽ അശുദ്ധമായ ഭക്ഷണം കഴിക്കേണ്ട സാഹചര്യം വന്നപ്പോൾ ദാനിയേൽ പറഞ്ഞു: ഇക്കാര്യത്തിൽ ദൈവേഷ്ടമാണ് നടക്കേണ്ടത് കല്ദയരുടെ ഇഷ്ടമല്ല; ഇതിൽ എനിക്കു ഒരു ഒത്തുതീർപ്പു പറ്റില്ല. രാജാവിന്റെ ദേവതകൾക്കു അർപ്പിച്ച ഭക്ഷണത്തിന്റെ ഉച്ഛിഷ്ടം ഭക്ഷിച്ച് ഞാൻ എന്നെത്തന്നെ അശുദ്ധനാക്കയില്ല (ദാനീയേൽ 1:8).

നമ്മുടെ യുവാക്കൾ തിരിച്ചറിയേണ്ട വലിയൊരു സത്യമാണിത്. ഒരു പക്ഷേ, പഠനത്തിനോ ജോലിക്കോ വേണ്ടി താമസം മാറ്റേണ്ടി വരും. സെക്കുലർ വിദ്യാഭ്യാസവും സെക്കുലർ ജോലിയും നമുക്കു ഒഴിവാക്കാനാവില്ലായിരിക്കാം. *ലോകത്തിനു നമ്മെ പ്രശംസിക്കുവാനും കളിയാക്കുവാനും ഇടിച്ചു താഴ്ത്തുവാനും അവകാശമുണ്ട്*- അത് നമ്മുടെ നിയന്ത്രണത്തിനു കീഴിലല്ല. എന്നാൽ, ഇതിനെല്ലാം മധ്യത്തിൽ നമ്മുടെ സ്വകാര്യ വിശുദ്ധിയെ (personal holiness) തൊട്ടുകളിക്കാൻ നമുക്കു ലോകത്തെ അനുവദിക്കുവാനാവില്ല. ഒരുപക്ഷേ, വിശുദ്ധിക്കു വേണ്ടി നിലകൊണ്ടാൽ ജീവൻ തന്നെ അപകടത്തിലായേക്കാം. ദാനീയേലിന്റെയും കൂട്ടുകാരുടെയും കാര്യത്തിൽ അത് അങ്ങനെ തന്നെയായിരുന്നു. എന്നാൽ ദാനിയേൽ പറയുന്നത് ജീവൻ പോയാലും ഞാൻ എന്നെതന്നെ അശുദ്ധനാക്കയില്ല (ദാനീയേൽ 1:8) എന്നാണ്.


''സാഹചര്യങ്ങൾ ഒത്തുവന്നാൽ അങ്ങനെ വിശുദ്ധനായി ജീവിക്കാൻ പരിശ്രമിക്കാം" എന്നല്ല, " ഞാൻ എന്നെതന്നെ അശുദ്ധനാക്കയില്ല' എന്നു അവൻ ഹൃദയത്തിൽ നിശ്ചയിച്ചു. ഇളക്കമില്ലാത്ത തീരുമാനം. അതാണ് ഇന്നു നമുക്ക് ആവശ്യമായിരിക്കുന്നത്. തലപോയാലും വിശുദ്ധമായി ജീവിക്കും എന്ന തീരുമാനം! •

മറ്റുള്ളവരെ വിധിക്കുന്നത് ഒഴിവാക്കുക

ഒരു സ്ത്രീയുടെ കഥ ഓർക്കുന്നു: തന്റെ അയൽവീട്ടുകാരുടെ ജനലുകളും കതകുകളും ചെളി പിടിച്ചു ചീത്തയാണെന്നു അവർ പലപ്പോഴും പരാതിപ്പെടുമായിരുന്നു. തന്റെ വീട്ടിൽ വരുന്ന എല്ലാ വരോടും ഇതു പറയുന്നതും അവരുടെ ശീലമായിരുന്നു. ഒരു ദിവസം തന്റെ വീട്ടിൽ വന്ന സുഹൃത്തിനോടു ഇക്കാര്യം അവർ അറിയിച്ചു. അദ്ദേഹം പ്രതിവിധിയായി ഇങ്ങനെ നിർദ്ദേശിച്ചു.

നിങ്ങളുടെ വീട്ടിലെ വാതിൽപ്പടികളും കതകുകളും ജനാലകളും കഴുകി വൃത്തിയാക്കാൻ തീരുമാനിക്കുക. അവർ സുഹൃത്തിന്റെ ഉപദേശപ്രകാരം തന്റെ വീടിന്റെ കതകുകളും ജനലുകളും ഭംഗിയായി കഴുകി വൃത്തിയാക്കി. താമസിക്കാതെ വീണ്ടും തന്റെ കൂട്ടുകാരി തന്നെ സന്ദർശിക്കാനെത്തിയപ്പോൾ വീട്ടുകാരി ഓടിച്ചെന്നു പറഞ്ഞു. "എനിക്കു വിശ്വസിക്കാൻ കഴിഞ്ഞില്ല! ഞാൻ എന്റെ വാതിലുകളും ജനലുകളുമൊക്കെ വൃത്തിയാക്കാൻ തുടങ്ങിയപ്പോൾ അയൽക്കാരിയും തന്റെ കതകുകളും ജനലുകളും വൃത്തിയാക്കി. നോക്കൂ, ഇപ്പോൾ അത് എത്ര ഭംഗിയാണ്!"

മറ്റുള്ളവരുടെ കുറവുകളും പോരായ്മകളും കണ്ടെത്തുന്നതിൽ നാം വളരെ മുമ്പിലാണ്. മറ്റുള്ളവരെ വിധിക്കുന്നതിൽ ആത്മികരായ നാമും ഒട്ടും പിറകിലല്ല. മറ്റുള്ളവരുടെ ശുശ്രൂഷകളെയും പ്രസംഗങ്ങളെയും ഒക്കെ അംഗീകരിക്കാൻ നമുക്ക് കഴിയാറില്ല. മറ്റുള്ളവരിൽ നിന്ന് മെച്ചപ്പെട്ടവരാണു നാം എന്നു ഭാവിച്ച് അവരെ വിധിക്കുന്നതും വിമർശിക്കുന്നതും ക്രിസ്തു ശിഷ്യർക്കു ഭൂഷണമല്ല: ഗിരിപ്രഭാഷണത്തിൽ കല്പനയായി അവിടുന്നു അരുളിചെയ്യുന്നത് ഇങ്ങനെ: "നിങ്ങൾ വിധിക്കപ്പെടാതിരിക്കേണ്ടതിനു വിധിക്കരുത്" (മത്തായി. 7:1).



എന്തുകൊണ്ടാണ് ഒരു മനുഷ്യനും മറ്റുള്ളവരെ വിധിക്കരുതെന്ന് പറയുന്നത്: ഒന്നാമത് മറ്റുള്ളവരുടെ മുഴുവൻ കാര്യങ്ങളോ, അവരുടെ പൂർണ്ണ വ്യക്തിത്വമോ നമുക്കു ഒരിക്കലും അറിയാൻ കഴിയില്ല. രണ്ടാമത് പക്ഷപാതരഹിതമായ (impartial) വിധിക്കാൻ മനുഷ്യർക്കാവില്ല. മൂന്നാമത് മറ്റുള്ളവരെ വിധിക്കാനുള്ള നന്മയൊന്നും നമ്മിലില്ലായെന്ന സത്യം മറക്കാതിരിക്കുക. യാക്കോബ് അപ്പോസ്തലനും 'കൂട്ടുകാരനെ വിധിപ്പാൻ നീ ആർ' എന്നു ചോദിക്കുന്നു (യാക്കോബ് 4:12). അപ്പോസ്തലൻ വീണ്ടും ഓർപ്പിക്കുന്നത് ഇങ്ങനെ "സഹോദരന്മാരെ വിധിക്കപ്പെടാതിരിപ്പാൻ ഒരുവന്റെ നേരേ ഒരുവൻ ഞരങ്ങിപ്പോകരുത്; ഇതാ ന്യായാധിപതി വാതില്ക്കൽ നിൽക്കുന്നു"(യാക്കോബ് 5:9) ഇതോടനുബന്ധിച്ച്,യേശുക്രിസ്തു താക്കീതായി പറയുന്ന വചനവും നാം മറക്കരുത്. "കപടഭക്തിക്കാരാ, മുമ്പെ സ്വന്തകണ്ണിൽ നിന്നു കോൽ എടുത്തുകളക. പിന്നെ സഹോദരന്റെ കണ്ണിൽ നിന്ന് കരടു എടുത്തുകളവാൻ വെടിപ്പായികാണും" (മത്തായി7:5) അതേ, നാം ഒരിക്കലും കപടഭക്തിക്കാരാകരുത്. ഇതു നമുക്ക് ഒരോരുത്തർക്കും ഒരു പാഠമായിരിക്കട്ടെ.

എംസി

Bank Account Details:

Righteous Path Publication Trust
A/c No. 0315053000011215
IFS Code: SIBL 0000315

SOUTH INDIAN Bank
KANJIKUZHY - KOTTAYAM

വാർഷിക വരിസംഖ്യ 200 രൂപ

നേർവീഥി
നിത്യതയ്ക്കൊരു വഴികാട്ടി

നിത്യതയുടെ വഴികാട്ടിയും മോക്ഷയാത്രയിലെ
ഉത്തമ സുഹൃത്തുമായ നേർവീഥി
നിങ്ങളുടെ സ്നേഹിതർക്കും നേർവഴി കാട്ടട്ടെ....


അക്കൗണ്ടിൽ പണമടയ്ക്കുന്നവർ പേരുവിവരം ഓഫീസിൽ അറിയിക്കുമല്ലോ.
മാസിക യഥോചിതം അയക്കുവാനും കണക്കുകൾ കൃത്യമായി സൂക്ഷിക്കുവാനും അത് സഹായകമാകും.

RNI No. KERMAL/2012/46138
Date of Publishing 10.10.2020

NERVEEDHI - OCTOBER 2020
Annual Subscription ₹ 200.00
(Per copy ₹ 20.00)

Postal Registration No. KL/KTM/106/2019-2021
Licence No. KL/CR/KTM/WPP-05/2019-2021
Licensed to Post Without Prepayment









ആർ.പി പബ്ലിക്കേഷൻസിൽനിന്നും
ചില ഉത്തമ ഗ്രന്ഥങ്ങൾ

RP PUBLICATIONS
Books

Address for Communication :

NERVEEDHI,
Righteous Path Publication Trust
Mackal Building, Oravakal
Amayannoor P.O
Kottayam - Kerala 686019
Mob: 9495435336, 8547916678
www.nerveedhi.com

Edited, Printed and Published by the Righteous Path Publication Trust and printed at Penta Offset Press, Kanjikuzhy, Kottayam–686004 and published at Mackal Building, Amayannoor P.O, Kottayam - 686019.